ഒക്ടോബർ 2019

Price ₹ 25

# ജീവനും വെളിച്ചവും



'സ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ
ലോകത്ത് മിഷൻ പ്രവർത്തനം നടത്തുന്ന
ക്രിസ്തുവിന്റെ സഭ'യിലെ പ്രേഷിതർ



Blessing & Inaguration of New Building
LITTLE FLOWER
COLLEGE OF NURSING
Thiruvananthapuram
On 1st October 2019 at 3.30 pm
Presidential Address
Inaugural Address
Benedictory Address
Most Rev. Dr.
Soosa Pakiyam M.
Archbishop of Trivandrum
Sri. Kadakompalli
Surendran
Hon. Minister of Kerala
Rt. Rev. Dr.
Christudas R.
Auxi. bishop of Trivandrum
JUBILEE MEMORIAL HOSPITAL

**ജീവനും വെളിച്ചവും**
തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2019 ഒക്ടോബർ
പുസ്തകം - 43 ലക്കം - 10
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com

**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. ഡോ. സി.ജോസഫ്
**ഉപദേശക സമിതി**
ഫാ. എഡിസണ് വൈ.എം.
ഫാ. മൈക്കിൾ തോമസ്
ഫാ. ലോറൻസ് കുലാസ്
ഫാ. മെൽക്കൺ
ഫാ. സാബാസ് ഇഗ്നേഷ്യസ്
ഫാ. തിയോഡേഷ്യസ് ഡിക്രൂസ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
ഫാ. ദീപക് ആന്റോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ് IVDei
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
മോൺ. യൂജിൻ എച്ച് പെരേര
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ഓഫീസ് നിർവ്വഹണം**
സി. ലീല മൂഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ

# കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ച്

കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ച് സഭ എന്നും അതിനൂതനമാകണമെന്നാണ് യേശു പഠിപ്പിച്ചത്. ഒന്നാം ലോകമഹായുദ്ധം വരുത്തിയ വൻനാശം തിരിച്ചറിഞ്ഞ് ആ പ്രതിസന്ധിയെ അതിജീവിക്കാൻ വേണ്ട കരുത്താർജിക്കാൻ ലോകമനസാക്ഷിയോട് ആവശ്യപ്പെടുന്നതാണ് 15-ാം ബനഡിക്ട് പാപ്പയുടെ 'മാക്സിമും ഇല്ലൂദ്' എന്ന ചാക്രിക ലേഖനം. കാലാകാലങ്ങളിൽ ഇത്തരം മഹത്തായ ദൗത്യം സഭ ഏറ്റെടുത്ത് സ്തുത്യർഹമായി നിർവഹിച്ചുവരുന്നു. ലോകത്ത് വർധിച്ചുവന്ന ആശങ്കകളും അസ്വസ്ഥതകളും പരസ്പര ഭിന്നതയുടെയും അതിഭൗതികതയുടെയും മുനയൊടിക്കുന്നതിനു വേണ്ടിയാണ് 1962 ൽ ജോൺ മാർപാപ്പ രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചുചേർത്തത്.

1919 ൽ പ്രസിദ്ധീകരിച്ച 'മാക്സിമും ഉല്ലൂദിന്റെ' നൂറാം വർഷത്തിൽ സഭയുടെ പ്രേഷിത ദൗത്യം കാലോചിതമായി തിളക്കമാർന്നതാക്കുന്നതിനുവേണ്ടിയാണ് ഒക്ടോബർ മാസത്തെ അസാധാരണ പ്രേഷിതമാസമായി പ്രഖ്യാപിച്ചുകൊണ്ട് 'സ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ; ലോകത്ത് മിഷൻ പ്രവർത്തനം നടത്തുന്ന ക്രിസ്തുവിന്റെ സഭ' എന്ന ചാക്രിക ലേഖനം ഫ്രാൻസിസ് പാപ്പ പുറപ്പെടുവിച്ചത്. കാലോചിതമായി സഭയ്ക്കുള്ളിലെ ആന്തരിക ജീർണതകളെ നീക്കം ചെയ്യാനും ആനുകാലിക ലോകം നേരിടുന്ന ഗൗരവമേറിയ കാലാവസ്ഥാ മാറ്റം, കുടിയേറ്റം, അധികാര കേന്ദ്രീകരണം, അക്രമം, അസമത്വം, അനീതി, സ്വാതന്ത്ര്യഭംഗം തുടങ്ങിയവയെ ഫലപ്രദമായി നേരിടാനുള്ള ക്ഷണം കൂടിയാണീ ചാക്രിക ലേഖനം.

കാലാവസ്ഥാ വ്യതിയാനം കടലിന്റെയും ജലാശയങ്ങളുടെയും പ്രകൃതിയുടെയും മേൽ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ഗുരുതരമായ ആഘാതം കടൽത്തീര ജനതകളും വനവാസികളും ലോകം മുഴുവനും നേരിട്ടുകൊണ്ടിരിക്കുന്ന ഒരു വലിയ ആശങ്കയായി തുടരുന്നു. ഈ രംഗത്ത് കുടിയേറ്റക്കാരുടെ അന്തസ്സുയർത്തുന്നതിനും കാലാവസ്ഥാ വ്യതിയാനം പരിഹരിക്കുന്നതിനും അന്താരാഷ്ട്ര ഉടമ്പടികൾ പ്രഖ്യാപിച്ചുകഴിഞ്ഞു. ഈ രംഗത്ത് സഭയിലെ നൂതന ചുവടുവയ്പുകൾക്ക് പ്രചോദനമാകണം കേരളത്തിന്റെ സൈന്യം എന്ന് വിശേഷിപ്പിക്കപ്പെട്ട മത്സ്യത്തൊഴിലാളികളുടെ അതിസാഹസികമായ രക്ഷാ പ്രവർത്തനവും ജീവകാരുണ്യപരമായ ഇടപെടലുകളും.

- പത്രാധിപർ




## പ്രകൃതിയോടിണങ്ങി ജീവിക്കണം

കവളപ്പാറയും പത്തുമലയും നൽകുന്ന പാഠങ്ങൾ വായിച്ചു. ജലപ്രളയവും ഉരുൾപൊട്ടലും കേരളത്തിൽ തുടർക്കഥയാവുകയാണെന്ന് പറയാതെ വയ്യ. പ്രകൃതിയുടെ മേലുള്ള മനുഷ്യന്റെ ക്രൂരമായ കൈയേറ്റങ്ങൾ പ്രകൃതിക്ക് സഹിക്കാവുന്നതിലുമപ്പുറമായിരിക്കുന്നു. മലിനമാകുന്ന മണ്ണും വായുവും ജലവും വിള്ളൽ വീഴുന്ന ഓസോൺ പാളിയും ആഗോളതാപനവും ആമസോൺ മഴക്കാടുകളിലെ മനുഷ്യനിർമിതമായ തീയും മാനവരാശിക്കുമേൽ ഭീതിയുടെയും ആശങ്കയുടെയും ഭാവിയാണ് വരാനിരിക്കുന്നതെന്ന സൂചനയാണ് നൽകുന്നത്.

ദൈവം തരുന്ന മുന്നറിയിപ്പുകൾ പ്രകൃതി നൽകുന്ന പാഠങ്ങൾ മനുഷ്യൻ അവഗണിച്ചാൽ പ്രകൃതിയുടെ പ്രത്യാഘാതം അതീവ ഗുരുതരമായിരിക്കും. പ്രകൃതിയെ സ്നേഹിക്കാൻ നാം പഠിക്കേണ്ടിയിരിക്കുന്നു. എല്ലാത്തരത്തിലും ലാളിത്യവും പ്രകൃതിയോടിണങ്ങിയ ജീവിതശൈലിയും നാം അനുകരിക്കണം.

– മിരാൻഡ, ചെമ്പകമംഗലം

## ലോകം അനുദിനം മാറ്റങ്ങളിലേക്ക് കുതിക്കുകയാണ്

കടൽ ലേഖനങ്ങൾ വായിച്ചു. കടലോളം ആഴവും പരപ്പും വൈവിധ്യവും നിഗൂഢതകളും നിറഞ്ഞതാണ് കടലുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും പ്രതിസന്ധികളും. അവയ്ക്ക് ഒരിക്കലും അവസാനമുണ്ടാകുമെന്ന് തോന്നുന്നില്ല. പരമ്പരാഗത മത്സ്യത്തൊഴിലാളി സഹോദരങ്ങൾക്ക് ഇനി എത്രകാലം മത്സ്യബന്ധനം കൊണ്ട് ഉപജീവനം കഴിക്കാൻ കഴിയുമെന്ന് ആർക്കും ഉറപ്പുപറയാൻ കഴിയാത്ത സാഹചര്യത്തിലാണ് നമ്മുടെ രാജ്യത്തെ മാറിമറിയുന്ന കടൽ നിയമങ്ങൾ. ഇങ്ങനെ പോയാൽ കുത്തകകൾക്ക് കടൽ പതിച്ചുകൊടുക്കുന്ന കാലം വിദൂരമല്ല.

മത്സ്യത്തൊഴിലാളികളുടെ മക്കളും മത്സ്യത്തൊഴിലിലേക്ക് തന്നെ പോകുന്ന സാഹചര്യങ്ങൾ കുറഞ്ഞു വരുന്നു. അത് മാറിയ കാലത്തിന്റെ ചടുലമായ സ്പന്ദനങ്ങൾ ഉൾക്കൊള്ളുന്ന ധീരമായ സമീപനം തന്നെയാണ്. ഏതൊരു തൊഴിലും പോലെ മത്സ്യബന്ധനവും ശ്രേഷ്ഠമായ ജോലിയാണെങ്കിലും കുലത്തൊഴിലുകളുടെ ഊരാക്കുടുക്കിൽ ഒരു സമൂഹവും സമുദായവും കുരുങ്ങിക്കിടക്കാൻ പാടില്ല.

ലോകം അനുദിനം മാറ്റങ്ങളിലേക്ക് കുതിക്കുമ്പോൾ തൊഴിൽപരമായ മാറ്റങ്ങൾ തീരമേഖലയിലും വിപ്ലവാത്മകമായ ചലനങ്ങളുണ്ടാക്കും. ഇപ്പോൾ തന്നെ അതിന്റെ അലയൊലികൾ തീരപ്രദേശത്ത് ദൃശ്യമാണ്. കടലും കായലും കാടും മേടും മണലാരണ്യങ്ങളും ആരുടെയും സ്വന്തമോ കുത്തകയോ അല്ല. അങ്ങനെ പറയാനും പാടില്ല. കാരുണ്യവാനായ ദൈവം അനേകകോടിജനങ്ങൾക്കുവേണ്ടി മെനഞ്ഞെടുത്ത ഈ സൃഷ്ടപ്രപഞ്ചം ഒരു പോറലുമേൽക്കാതെ തലമുറകളിലേക്ക് കൈമാറ്റം ചെയ്യാനാണ് ദൈവം ആഗ്രഹിക്കുന്നത്. പ്രകൃതിയിൽ മനുഷ്യൻ വരുത്തുന്ന മുറിപ്പാടുകളും അത്യധ്വാനത്തിന്റെ വെട്ടിപ്പിടിക്കലുകളും അവന് തന്നെ വിനയാകുന്നുവെന്ന് ലോകമെങ്ങുമുള്ള വർത്തമാനകാലപ്രകൃതി ദുരന്തങ്ങൾ നമ്മെ ഓർമ്മിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്നു.

– ജെറാൾഡ് ബി.മിരാൻഡ

## കുടിയേറ്റത്തിന്റെ നനുത്ത ഓർമകൾ

പ്രകൃതി ദുരന്തങ്ങൾ ഉരുൾപൊട്ടലും ജലപ്രളയവും വീണ്ടും കേരളത്തിനുമേൽ ആശങ്കപരത്തിയ നാളുകളിൽ കുടിയേറ്റത്തിന്റെ നനുത്ത ഓർമകൾ അയവിറക്കാൻ സഹായിച്ച അഗസ്റ്റിൻ കണിപ്പിള്ളിയുടെ കഥ നന്നായി. മലമ്പനിയോടും മഹാരോഗങ്ങളോടും വന്യമൃഗങ്ങളോടും പട്ടിണിയോടും പടവെട്ടി വിളയിച്ച ചരിത്രം ബൈബിളിലെ പുറപ്പാട് പോലെയുള്ള സംഭവബഹുലമായ കഥയായിരുന്നു. കുടിയേറ്റത്തിന് പിന്നിലെ പലരും നിയമാനുസൃതമായും അല്ലാതെയും മലബാർ കുടിയേറ്റത്തിന്റെ കണ്ണികളായി. മലകൾ ഇടിച്ചുനിരത്തപ്പെട്ടതും പ്രകൃതിക്കനുയോജ്യമല്ലാത്ത നിർമാണ രീതികളും മലനിരകളുടെ സ്വാഭാവികത നശിപ്പിച്ചു. ഉരുൾപൊട്ടലും മലയിടിച്ചിലും കൃഷിനാശവും മരണങ്ങളും ഹൈറേഞ്ചിന്റെ ഉറക്കം കെടുത്തി. ഫ്രാൻസിസ് ചേട്ടന്റെ ദുരന്തപര്യവസായിയായ കഥ ഓഗസ്റ്റിലെ പ്രളയത്തോട് ചേർത്തുവായിക്കാൻ കഴിഞ്ഞതിൽ നന്ദി.

– വിജയമ്മ, പാളയം.

# താളുകളിൽ










6 ജ്ഞാനസ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ

8 അസാധാരണ പ്രേഷിതമാസം
എന്ത് ? എന്തിന് ?
ഡോ. ലോറൻസ് കുലാസ്

11 കവിത : മാലാഖ
ഡോ. മനോജ് എം.ആർ.

12 ദൈവവിളിയും വിവേചിച്ചറിയലും
ഫാ. തോമസ് ജെ.നെറ്റോ

14 ഇറ്റാനഗർ: സൂര്യനുദിക്കുന്ന നാട്
ഫോ. പോൾ സണ്ണി

18 നിന്നെപ്പോലെ പ്രകൃതിയെ
സ്നേഹിക്കുക
ഡോ. എസ്.അമൃതം

21 കാനോൻ നിയമം
ഫാ. ജോസ് ജി.

22 വർത്തമാനം
അഗസ്റ്റിൻ കണിപ്പിള്ളി

26 വാർത്തകൾ

32 നീർച്ചാലുകൾ

38 വചനജ്വാല

40 ഇളംതൂവൽ

42 നേർക്കാഴ്ച

അസാധാരണ പ്രേഷിതമാസാചരണവുമായി ബന്ധപ്പെട്ട് അതിരൂപതാധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം വിശ്വാസികൾക്കായി നൽകിയ സന്ദേശം

# ജ്ഞാനസ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ

അതിരൂപതയെ സംബന്ധിച്ചിടത്തോളം ഒക്ടോബർ ഏറെ പ്രത്യേകതയുള്ള മാസമാണ്. അതിരൂപതയുടെ സ്വർഗീയ മധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുനാളാഘോഷത്തോടുകൂടി ആരംഭിക്കുന്ന ഈ മാസം സാർവത്രികസഭയോടൊപ്പം തിരുവനന്തപുരം അതിരൂപതയും ജപമാലാമാസമായി ആചരിക്കുകയാണ്. പ്രേഷിതപ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി മിഷൻ ഞായറാഴ്ച തമാസമായി പ്രഖ്യാപിച്ച് പ്രേഷിത ചൈതന്യം ആഴമാക്കുന്ന വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ആവശ്യപ്പെട്ടിരിക്കുന്നു. നൂറു കൊല്ലങ്ങൾക്കുമുൻപ് 1919 ൽ ബനഡിക്ട് 15-ാമൻ പാപ്പാ പ്രേഷിതദൗത്യത്തെക്കുറിച്ച് പ്രസിദ്ധീകരിച്ച ചാക്രികലേഖനത്തിന്റെ ശതാബ്ദി അനുസ്മരണമാണ് ഈ അസാധാരണ പ്രേഷിതമാസാചരണത്തിന്റെ പശ്ചാത്തലം.



ആചരിക്കുകയും പ്രേഷിതപ്രവർത്തനങ്ങൾക്കായി ഉദാരമായ സംഭാവനകൾ നൽകുകയും ചെയ്യുന്ന ഒരു മാസം കൂടിയാണിത്. മരിയസൈന്യം പോലുള്ള ഭക്തസംഘടനകളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ജപമാല റാലിയോടുകൂടി ഈ മാസത്തെ ആഘോഷങ്ങൾ സമാപിക്കും.

2019-ലെ ഒക്ടോബർ മാസത്തെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ അസാധാരണ പ്രേഷി

നൂറുകൊല്ലങ്ങൾക്ക് മുമ്പ് ഒന്നാം ലോകമഹായുദ്ധത്തിന്റെ ഭീകരമായ കെടുതികളിൽപ്പെട്ട ലോകജനതയെ സഹായിക്കാനുള്ള സഭയുടെ ദൗത്യം തിരിച്ചറിഞ്ഞ ബെനഡിക്ട് 15-ാമൻ പാപ്പ പ്രേഷിതദൗത്യത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ട് ഒരു ചാക്രിക ലേഖനം പുറപ്പെടുവിച്ചു. ജ്ഞാനസ്നാനത്തിലൂടെ സത്യവിശ്വാസം സ്വീകരിക്കുവാൻ ഭാഗ്യം ലഭിച്ച എല്ലാ വിശ്വാസികളും ഈ വിശ്വാസം സാധ്യമാ



യ രീതികളിലെല്ലാം മറ്റുള്ളവരുമായി പങ്കുവയ്ക്കുവാനുള്ള അവരുടെ കടമയെക്കുറിച്ചാണ് ഈ ചാക്രികലേഖനത്തിൽ പാപ്പ പറയുന്നത്. അന്ന് കൊളോണിയലിസത്തിന്റെ തേർവാഴ്ചകളിൽ തമസ്കരിക്കപ്പെട്ട ദൈവവിശ്വാസവും മാനവികതയും സുവിശേഷവെളിച്ചത്തിൽ പുനഃസ്ഥാപിക്കുവാൻ ബെനഡിക്ട് 15-ാമൻ പാപ്പയുടെ ചാക്രികലേഖനം ഏറെ ഉപകരിച്ചു.

ഇന്നത്തെ സഭയ്ക്കും ഇതുപോലെ ശാസ്ത്ര സാങ്കേതികവിദ്യകളുടെയും വാർത്താ മാധ്യമങ്ങളുടെയും അതിപ്രസരത്തിൽ നിന്നും ദുർവിനിയോഗത്തിൽ നിന്നും ഒരു ഉയിർത്തെഴുന്നേല്പ് ആവശ്യമെന്ന് ഫ്രാൻസിസ് പാപ്പ കരുതുന്നു. ഇതിനുള്ള ഒരു അവസരമായിട്ടാണ് ഈ ഒക്ടോബർ മാസത്തെ അസാധാരണ പ്രേഷിതമാസമായി അദ്ദേഹം പ്രഖ്യാപിച്ചിരിക്കുന്നത്. തിരുവചനങ്ങളുടെയും സഭാപഠനങ്ങളുടെയും വെളിച്ചത്തിൽ പ്രേഷിതപ്രവർത്തനങ്ങളുടെ പ്രസക്തിയും പ്രാധാന്യവും എടുത്തുകാണിക്കുന്ന ചില വസ്തുതകൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

“ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നൽകുവിൻ” (മത്താ. 28:19-20) എന്ന യേശുക്രിസ്തുവിന്റെ ആഹ്വാനമാണ് സഭയുടെ പ്രേഷിതദൗത്യത്തിന് അടിസ്ഥാനം.

പ്രഥമ പ്രേഷിതരായ അപ്പസ്തോലന്മാരുടെ പിൻഗാമികളായ സഭാധ്യക്ഷന്മാരോടുചേർന്ന് ദൈവജനം മുഴുവനിലൂടെയുമാണ് പ്രേഷിതദൗത്യം സഭയിൽ നിർവഹിക്കപ്പെടുന്നത്. ഓരോ വിശ്വാസിക്കും താൻ സ്വീകരിച്ച വിശ്വാസം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ കടമയുണ്ട്. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ വൈദികർക്കായുള്ള രേഖയും ഇക്കാര്യം നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്: “മുഴുവൻ ശരീരത്തിന്റെയും ദൗത്യത്തിൽ പങ്കുവഹിക്കാൻ ഒരു അവയവമല്ല. പ്രത്യുത, ഓരോ അംഗവും സ്വഹൃദയത്തിൽ യേശുവിനെ വാഴ്ത്താനും പ്രവചനത്തിന്റെ ആത്മാവാൽ അവിടത്തേക്ക് സാക്ഷ്യം വഹിക്കാനും കടപ്പെട്ടിരിക്കുന്നു.”

“സുവിശേഷത്തിന്റെ ആനന്ദം” എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഫ്രാൻസിസ് പാപ്പയും ഇക്കാര്യം ഓർമിപ്പിക്കുന്നുണ്ട്: “സുവിശേഷം സ്വീകരിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. ആരെയും ഒഴിവാക്കാതെ സുവിശേഷം പ്രഘോഷിക്കാൻ ക്രൈസ്തവർക്ക് കടമയുണ്ട്. അതുകൊണ്ട്, നമുക്ക് നിസംഗതയോടെ സ്വസ്ഥമായി കാത്തിരിക്കാൻ പറ്റില്ല.’ നവസുവിശേഷവൽക്കരണത്തിന്റെ മൂന്ന് സുപ്രധാന മേഖലകളെക്കുറിച്ച് ഫ്രാൻസിസ് പാപ്പ പറയുന്നുണ്ട്. അതിൽ ഒന്ന്, സാധാരണ അജപാലന ശുശ്രൂഷയുടെ മണ്ഡലം. ഇത് ആരാധനാ സമൂഹത്തിൽ സ്ഥിരം പങ്കെടുക്കുന്നവരും കർത്താവിന്റെ വചനത്താലും നിത്യജീവന്റെ അപ്പത്താലും പോഷിപ്പിക്കപ്പെടാനായി ഞായറാഴ്ചകളിൽ ഒന്നിച്ചുകൂടുന്നവരുമായ വിശ്വാസികൾക്കുവേണ്ടിയുള്ളതാണ്.

രണ്ട്: മാമ്മോദീസ സ്വീകരിച്ചവരും എന്നാൽ തദനുസൃതം ജീവിക്കാത്തവരുമായ വ്യക്തികൾക്കുവേണ്ടിയുള്ള ശുശ്രൂഷ. അവർക്ക് സഭയുമായി ഹൃദ്യമായ ബന്ധമൊന്നുമില്ല. വിശ്വാസത്തിന്റെ ആനന്ദവും സുവിശേഷത്തോടുള്ള പ്രതിജ്ഞാ

**ആഗോള കത്തോലിക്കാസഭയിൽ ഇത്തവണ അസാധാരണ, അതിവിശേഷ ഒക്ടോബർ! മിഷനറി പ്രവർത്തനങ്ങൾക്ക് പുത്തൻ ഊർജം പകരാൻ ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച അസാധാരണ മിഷൻ മാസാചരണം, വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുനാൾ ദിനമായ ഒക്ടോബർ ഒന്നിന് ആരംഭിക്കും. ഒക്ടോബർ ഒന്ന് വൈകിട്ട് 6.00ന് ഫ്രാൻസിസ് പാപ്പ അർപ്പിക്കുന്ന സായാഹ്ന പ്രാർത്ഥനയോടെയാണ് അസാധാരണ മിഷൻ മാസത്തിന് ആരംഭം കുറിക്കുന്നത്. പ്രേഷിതദൗത്യത്തെക്കുറിച്ച് ബനഡിക്ട് 15ാമൻ പാപ്പ 1919ൽ പുറപ്പെടുവിച്ച 'മാക്സിമൂം ഇല്ലൂദ്' (ഏറ്റവും വലിയ ആ കാര്യം) എന്ന ചാക്രികലേഖനത്തിന്റെ ശതാബ്ദിയോടനുബന്ധിച്ചാണ് അസാധാരണ മിഷൻ മാസാചരണം സംഘടിക്കപ്പെടുക.**

ബദ്ധതയുള്ളവരാകാനുള്ള ആഗ്രഹവും ജനിപ്പിക്കുന്ന മാനസാന്തരം ഇക്കൂട്ടരിൽ ഉണ്ടാകാൻ വേണ്ടിയുള്ള പ്രേഷിത പ്രവർത്തനമാണിത്.

മൂന്ന്: ക്രിസ്തുവിനെ ഇതുവരെ അറിഞ്ഞിട്ടില്ലാത്തവരുടെ ഇടയിലുള്ള ശുശ്രൂഷ. യേശുക്രിസ്തുവിനെ അറിഞ്ഞിട്ടും അവിടുത്തെ ഉപേക്ഷിച്ചു ജീവിക്കുന്നവർക്കുവേണ്ടിയുള്ള സുവിശേഷപ്രഘോഷണവും ഇതിൽപ്പെടുന്നു. ഇവർക്കുവേണ്ടിയുള്ള പ്രഘോഷണമാണ് പ്രഥമവും പ്രധാനവുമായുള്ള സുവിശേഷവൽക്കരണം.

ജ്ഞാനസ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ എന്ന രേഖയിൽ അസാധാരണ പ്രേഷിത മാസത്തിൽ നാം മുൻതൂക്കം നൽകണമെന്ന് ഫ്രാൻസിസ് പാപ്പ ആവശ്യപ്പെടുന്ന നാലുകാര്യങ്ങളുണ്ട്.

1. വിശുദ്ധ കുർബാന, ദൈവവചനം, വ്യക്തിപരവും സമൂഹപരവുമായ പ്രാർഥനകൾ എന്നിവയിലൂടെ സഭയിൽ ഇന്നും ജീവിക്കുന്ന ക്രിസ്തുവിനോടുള്ള വ്യക്തിപരമായ ബന്ധത്തിലുള്ള ജീവിതം.

2. പ്രേഷിതരായ വിശുദ്ധരുടെയും രക്തസാക്ഷികളുടെയും വിശ്വാസ പ്രഘോഷകരുടെയും ലോകമാസകലമുള്ള സാക്ഷ്യങ്ങൾ മാതൃകയാക്കിക്കൊണ്ടുള്ള ക്രൈസ്തവ ജീവിതസാക്ഷ്യം.

3. വിശുദ്ധഗ്രന്ഥം, മതബോധനം, ആദ്ധ്യാത്മികശാസ്ത്രം, ദൈവശാസ്ത്രം തുടങ്ങിയവയിൽ അധിഷ്ഠിതമായ വൈദിക-സന്യസ്ത-അല്മായ മേഖലകളിലുള്ള പ്രേഷിത രൂപീകരണം.

4. ദരിദ്രരോടും വിലപിക്കുന്നവരോടും പക്ഷം ചേർന്നുകൊണ്ട് ക്രിസ്തുസ്നേഹം പ്രകടമാക്കുന്ന നിസ്വാർഥമായ പ്രേഷിത സ്നേഹവും പരിചരണവും. ഫ്രാൻസിസ് പാപ്പയുടെ ആഹ്വാനമനുസരിച്ച് പ്രേഷിതമാസാചരണം ഇടവക, കുടുംബ, ഫെറോന, അതിരൂപതാതലത്തിൽ ആചരിക്കാനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇത് പ്രാവർത്തികമാക്കുകയാണ് നമ്മുടെ കടമയും ലക്ഷ്യവും. ■

ലേഖനം

ഡോ. ലോറൻസ് കുലാസ്




# അസാധാരണ പ്രേഷിത മാസം: എന്ത്? എന്തിന്?

**2019 ഒക്ടോബർ അസാധാരണ പ്രേഷിതമാസമായി ആചരിക്കുവാൻ ഫ്രാൻസിസ് പാപ്പ ആഹ്വാനം ചെയ്യുന്നു. 2017 ഒക്ടോബർ 22-ാം തിയതി ലോക മിഷൻ ഞായറിലെ 'ആഞ്ചലൂസ്' പ്രാർഥന വേളയിലാണ് പ്രസ്തുത പ്രഖ്യാപനമുണ്ടായത്. അസാധാരണ പ്രേഷിതമാസം ആചരിക്കുന്നതിലൂടെ ഒരു വിശ്വാസി എന്താണ് ഗ്രഹിക്കേണ്ടതെന്ന് ഈ ലേഖനം പ്രതിപാദിക്കുന്നു**

ബനഡിക്ട് 15-ാമൻ പാപ്പ പുറപ്പെടുവിച്ച 'മാക്സിമും ഇല്ലൂദ്' (Maximum Illud) എന്ന അപ്പസ്തോലിക ലേഖനത്തിന്റെ 100-ാം വാർഷികം ആഘോഷിക്കുന്ന സന്ദർഭത്തിലാണ് "അസാധാരണ പ്രേഷിത മാസം ഒക്ടോബർ 2019" ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ചിരിക്കുന്നത്. സുവിശേഷവത്ക്കരണത്തിനു പകരം കോളനീവത്ക്കരണമാണ് നൂറ്റാണ്ടുകൾക്ക് മുമ്പ് നടന്നതെന്ന് ബനഡിക്ട് പാപ്പ മനസിലാക്കുകയും അത് പ്രസ്തുത ലേഖനത്തിലൂടെ തുറന്ന് സമ്മതിക്കുകയും ചെയ്തു. ദേശീയ സാമ്പത്തിക വ്യവസ്ഥിതിയിൽ കുടുങ്ങിപ്പോയ സുവിശേഷവത്ക്കരണം അതിൽ നിന്ന് മോചനം പ്രാപിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തിരുന്നു. അതിനാൽ ലോക സുവിശേഷവത്ക്കരണത്തിന് ഒരു നവ സമീപനം ആവശ്യമാണെന്ന ബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. ബനഡിക്ട് പാപ്പയുടെ തിരിച്ചറിവ് ഉൾക്കൊണ്ടുകൊണ്ട് സഭയുടെ പ്രേഷിത പ്രവർത്തനങ്ങൾക്ക് ഒരാത്മ പരിശോധനയും ഉയിർത്തെഴുന്നേൽപ്പും ഉണ്ടാകേണ്ടതിന്റെ ആവശ്യകതയാണ് അസാധാരണ പ്രേഷിത മാസം പ്രഖ്യാപിച്ചതിലൂടെ ഫ്രാൻസിസ് പാപ്പ ആഗ്രഹിക്കുന്നത്.




## കാര്യവിചാരം

പ്രേഷിതമാസവിചിന്തനത്തിനായി സുവിശേഷവത്ക്കരണത്തിനുള്ള തിരുസംഘം നമുക്ക് നല്കിയിരിക്കുന്ന വിഷയം "സ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ: പ്രേഷിത ദൗത്യവുമായി ക്രിസ്തുവിന്റെ സഭ ലോകത്തിൽ." സുവിശേഷപ്രഘോഷണം ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വിശ്വാസിയുടെയും ദൗത്യമാണെന്നുള്ള ഓർമ്മപ്പെടുത്തലാണ് ഈ കാര്യവിചാരത്തിന്റെ പിന്നിലുള്ളത്. ഇതൊടൊപ്പം ബനഡിക്ട് 15–ാമൻ പാപ്പയുടെ 'മാക്സിമും ഇല്ലൂദി'ലെ അജപാലനബന്ധവും ഫ്രാൻസിസ് പാപ്പയുടെ 'ഇവാഞ്ചലി ഗൗദിയും' എന്ന അപ്പസ്തോലിക പ്രബോധനത്തിലെ പ്രേഷിത ചേതനയും ഈ വിഷയത്തിന്റെ പിന്നിലെ പ്രേരകങ്ങളാണ്. ഓരോ വിശ്വാസിയും സഭാംഗമെന്ന നിലയിൽ പ്രേഷിത ചൈതന്യം ഉൾക്കൊണ്ട് അജപാലനഘടനയിൽ സുവിശേഷ പ്രഘോഷണത്തിനായി വിളിക്കപ്പെട്ടവരും അയയ്ക്കപ്പെട്ടവരുമായി നിലകൊള്ളേണ്ടവരാണ്.

## അടയാള ചിഹ്നം

അസാധാരണപ്രേഷിതമാസാചരണത്തിന്റെ വിളംബരമായി അഞ്ച് ഭൂഖണ്ഡങ്ങളെ ഓർമ്മപ്പെടുത്തിക്കൊണ്ട് അഞ്ച് നിറങ്ങളടിയങ്ങിയ പ്രേഷിതകുരിശാണ് ലോഗോ ആയി നൽകപ്പെട്ടിരിക്കുന്നത്.

മനുഷ്യനും ദൈവവും തമ്മിലുള്ള ഗാഢബന്ധത്തിന്റെയും വിജയത്തിന്റെയും ഉത്ഥാനത്തിന്റെയും അടയാളവുമായ കുരിശ് നിറമുള്ളതും തിളക്കമാർന്നതുമാണ്.

"സ്നാനപ്പെട്ട് അയക്കപ്പെട്ടവർ" എന്ന രണ്ട് പദങ്ങൾ ഓരോ ക്രൈസ്തവന്റെയും 'ജ്ഞാനസ്നാനവും പ്രഘോഷണവും' എന്ന രണ്ട് സ്വഭാവ വൈശിഷ്ട്യങ്ങളെക്കുറിക്കുന്നു.

കുരിശിൽ മുദ്രിതമായിട്ടുള്ള ഓരോ നിറത്തിനും അതിന്റെതായ സവിശേഷതകളുണ്ട്: ചുവപ്പ് – രക്തസാക്ഷികളുടെ നിണത്തെയാണ് സൂചിപ്പിക്കുന്നത്. അത് ക്രൈസ്തവ വിശ്വാസത്തിന് പുതജീവൻ നല്കുന്ന വിത്താണ്. പച്ച – ജീവൻ, വികാസം, സമൃദ്ധി, യുവത്വം, ഊർജ്ജസ്വലത, ദൈവീക പുണ്യമായ പ്രത്യാശ എന്നിവയെ സൂചിപ്പിക്കുന്നു. വെള്ള – ആനന്ദം, ക്രിസ്തുവിലുള്ള പുതുജീവിതം, മഞ്ഞ – ജ്യോതി, നീല – ജീവജലം, ദൈവീകസാന്നിധ്യം എന്നിവയുടെ അടയാളങ്ങളാണ്.

**ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ സ്ത്രീയും പുരുഷനും ഒരു മിഷൻ ആണ്. സ്നേഹിക്കുന്ന ആളുകൾ ഒരിക്കലും നിശ്ചലരായി നില്ക്കുന്നില്ല. അവർ അവരിൽ നിന്നു തന്നെ പുറത്തേക്കുവരുന്നു. അവർ ആകർഷിക്കപ്പെടുന്നു, മറ്റുള്ളവരെ ആകർഷിക്കുന്നു. ദൈവത്തിന്റെ സ്നേഹത്തെ സംബന്ധിച്ചിടത്തോളം ആരും ഉപയോഗമില്ലാത്തവരോ പ്രാധാന്യമില്ലാത്തവരോ അല്ല. നാം ഓരോരുത്തരും ലോകത്തിനുള്ള ഒരു മിഷൻ ആണ്.**

## പ്രവൃത്തിപഥം

അസാധാരണ പ്രേഷിതമാസം ഓരോ വിശ്വാസിയും എപ്രകാരം ജീവിക്കണമെന്നതിന് ഫ്രാൻസിസ് പാപ്പ നാല് പ്രവൃത്തി തലങ്ങൾ പരിചയപ്പെടുത്തുന്നുണ്ട്.

സഭയിൽ ജീവിക്കുന്ന യേശുക്രിസ്തുവിനെ ദിവ്യബലി, ദൈവവചനം, വ്യക്തിഗത – സമൂഹ പ്രാർഥന, എന്നിവയിലൂടെ മുഖാമുഖം കണ്ടുമുട്ടുക.

ലോകമെമ്പാടും വ്യാപിച്ചു കിടക്കുന്ന വിശുദ്ധർ, രക്തസാക്ഷികൾ, വിശ്വാസസംരക്ഷകർ എന്നിവരുടെ സാക്ഷ്യം മാതൃകയാക്കുക.

ബൈബിൾ, മതബോധനം, ആധ്യത്മികം, ദൈവശാസ്ത്രം തുടങ്ങിയവയിലൂടെയുള്ള പ്രേഷിതരൂപീകരണം നടത്തുക, ഉപവിയുടെ പ്രവർത്തനങ്ങൾ ചെയ്യുക എന്നിവയാണ് പ്രവർത്തനതലങ്ങൾ.

## പ്രാർത്ഥന

അസാധാരണ പ്രേഷിത മാസത്തിൽ വിശ്വാസികൾ സവിശേഷമായി ഏറ്റ് ചൊല്ലാൻ വേണ്ടി ഫ്രാൻസിസ് പാപ്പ ഒരു പ്രാർത്ഥനയും നല്കുന്നുണ്ട്.

'സ്നേഹപിതാവായ ദൈവമേ അങ്ങയുടെ ഏകജാതനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തു ഉത്ഥാനശേഷം "പോകുവിൻ, എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ" എന്ന് ശിഷ്യരോട് കല്പിച്ചുവല്ലോ. അതുവഴി ജ്ഞാനസ്നത്തിലൂടെ ഞങ്ങളോരോരുത്തരും സഭയുടെ പ്രേഷിത പ്രവൃത്തിയിൽ പങ്കാളികളായിരിക്കുന്നുവെന്ന് ഞങ്ങളറിയുന്നു.

സുവിശേഷത്തിനു സാക്ഷ്യം വഹിക്കുന്നതിൽ ധീരതയും തീക്ഷണയുമുള്ളവരായിരിക്കാൻ പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ വഴി ഞങ്ങളെ ശക്തിപ്പെടുത്തണമേ. അങ്ങനെ സഭയെ ഏല്പിച്ചിട്ടുള്ളതും ഇനിയും പൂർണമായി നിറവേറിയിട്ടില്ലാത്തതുമായ ഈ പ്രേഷിതദൗത്യം ലോകത്തിനു ജീവനും പ്രകാശവും നല്കുവാൻ കനിയണമേ.

യേശുക്രിസ്തുവിന്റെ രക്ഷാകരമായ സ്നേഹവും കാരുണ്യവും എല്ലാ ജനതകളും അനുഭവിക്കാൻ ഇടവരുത്തുന്നതിന് ഞങ്ങളെ സഹായിക്കണമേ. അങ്ങയോടുകൂടെ പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ എന്നെന്നും ദൈവമായി ജീവിക്കുകയും വാഴുകയും ചെയ്യുന്ന അങ്ങയുടെ പുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തു വഴി ഈ പ്രാർഥന കേട്ടരുളണമേ, ആമേൻ.'

  

## ഒക്ടോബറിലെ പ്രധാന വിശുദ്ധർ

പ്രേഷിതസ്വഭാവം ഉൾക്കൊള്ളുന്ന ഒട്ടനവധി വിശുദ്ധരെ ഒക്ടോബർ മാസത്തിൽ നാം അനുസ്മരിക്കുന്നു. ഈ വിശുദ്ധരിൽ പ്രേഷിത പ്രവർത്തനത്തിന്റെ വിവിധങ്ങളായ മാതൃകകൾ ദർശിക്കാൻ കഴിയും:
വിശുദ്ധ കൊച്ചുത്രേസ്യ, വിശുദ്ധ ജറാൾഡ്, വിശുദ്ധ ഫ്രാൻസിസ് അസീസി, വിശുദ്ധ ജോൺ 23-ാമൻ, ആവിലായിലെ വിശുദ്ധ ത്രേസ്യ, വിശുദ്ധ മാർഗരറ്റ് മേരി, അന്ത്യോഖ്യയിലെ വിശുദ്ധ ഇഗ്നേഷ്യസ്, വിശുദ്ധ ലൂക്കാ, കുരിശിന്റെ വിശുദ്ധ പൗലോസ്, വിശുദ്ധ ജോൺപോൾ രണ്ടാമൻ, വിശുദ്ധരായ യൂദായും ശൈമനും.

## ദൈവത്തോടൊപ്പം ചില നിമിഷങ്ങൾ

അസാധാരണ പ്രേഷിതമാസം അർത്ഥപൂർണ്ണമായി ചെലവഴിക്കുവാൻ ഓരോ വിശ്വാസിയും ഓരോ ദിവസവും കുറച്ച് സമയം മാറ്റിവയ്ക്കുന്നത് നന്നായിരിക്കും. എന്നിട്ട്, ആ സമയം ഇപ്രകാരം ചെലവഴിക്കുക. അല്പസമയം ശാന്തമാകുക, ഹൃദയശാന്തതയിൽ ഉയരുന്ന ചിന്തകൾ ദൈവത്തിന് സമർപ്പിക്കുക, ആ ദിവസത്തെ ദിവ്യബലിയിലെ സുവിശേഷ ഭാഗം വായിക്കുക, ഒക്ടോബർ മാസത്തിലെ ഒരു വിശുദ്ധയുടെ/വിശുദ്ധന്റെ പ്രേഷിതമാതൃകയെക്കുറിച്ച് ചിന്തിക്കുക, അസാധാരണ പ്രേഷിത മാസത്തെ പ്രാർഥന ചൊല്ലുക.

## ഉപസംഹാരം

ലോകമിഷൻ ദിനം 2019 നോടനുബന്ധിച്ച് ഫ്രാൻസിസ് പാപ്പ നല്കിയ സന്ദേശത്തിലെ ഒരു ഭാഗം ഉദ്ധരിച്ചുകൊണ്ട് ഈ ചെറുലേഖനത്തിന്റെ ചിന്തകൾ ഉപസംഹരിക്കട്ടെ. “ഞാൻ എപ്പോഴും ഒരു മിഷൻ ആണ്. നീ എപ്പോഴും ഒരു മിഷൻ ആണ്. ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ സ്ത്രീയും പുരുഷനും ഒരു മിഷൻ ആണ്. സ്നേഹിക്കുന്ന ആളുകൾ ഒരിക്കലും നിശ്ചലരായി നില്ക്കുന്നില്ല. അവർ അവരിൽ നിന്നു തന്നെ പുറത്തേക്കുവരുന്നു. അവർ ആകർഷിക്കപ്പെടുന്നു, മറ്റുള്ളവരെ ആകർഷിക്കുന്നു. അവർ തങ്ങളെത്തന്നെ മറ്റുള്ളവർക്ക് കൊടുക്കുന്നു; ജീവൻ നില്കുന്ന ബന്ധങ്ങൾ സ്ഥാപിക്കുന്നു. ദൈവത്തിന്റെ സ്നേഹത്തെ സംബന്ധിച്ചിടത്തോളം ആരും ഉപയോഗമില്ലാത്തവരോ പ്രാധാന്യമില്ലാത്തവരോ അല്ല. നാം ഓരോരുത്തരും ലോകത്തിനുള്ള ഒരു മിഷൻ ആണ്. എന്തെന്നാൽ, നമ്മിൽ ഓരോ വ്യക്തിയും ദൈവസ്നേഹത്തിന്റെ ഫലമാണ്.” ■

## സ്മരണാഞ്ജലി

23-ാം ചരമവാർഷികം



**ലോർദ്ദോൻ**
പുതിയതുറ

38-ാം ചരമവാർഷികം



**ആർ. ജെ. ലില്ലിക്കുട്ടി**
പുതിയതുറ

6-ാം ചരമവാർഷികം



**ജെസയ്യൻ**
പുതിയതുറ

6-ാം ചരമവാർഷികം



**കൊച്ചുത്രേസ്യ**
മാർത്താണ്ഡംതുറ

1-ാം ചരമവാർഷികം



**വി. ജെ. വർഗീസ്**
കണ്ണാന്തുറ

കവിത

ഡോ. മനോജ് എം.ആർ

# മാലാഖ



അന്ധകാര നിബിഡമാം
കൊൽക്കത്ത തൻ ചേരിയിൽ
ഒരുനാൾ, വിണ്ണിൽ നിന്നും
ഇറങ്ങിവന്നൊരു മാലാഖ,
തെരേസയെന്നൊരു മാലാഖ.
ഹൃദയത്തിൽ സ്നേഹവും
ചുണ്ടിൽ പ്രാർഥനയും
കരങ്ങളിൽ കാരുണ്യത്തിൻ
ജപമാലയുമായി പ്രകാശ-
രൂപിണിയായൊരു മാലാഖ.

അനാഥബാല്യത്തിനമ്മയായി
രോഗിക്കാർദ്ര സ്പർശമായി
പരിതനെ യേശുനാഥനായി
അനുഭവിച്ച്, ശുശ്രൂഷിച്ചമ്മ
മനം തുളുമ്പും ഭക്തിയോടെ.

കാണാൻ കഴിഞ്ഞീല ആ
മാലാഖയെ, ജീവൻ
തുടിച്ചിടും നാളുകളിൽ,
എങ്കിലും,
അമ്മ ശയിക്കുമീ പുണ്യ
കുടീരത്തിലിന്നു ഞാൻ
മുട്ടുകുത്തി, തല കുമ്പി-
ടുമ്പോൾ, ഒരു നിമിഷം
മനമുരുകി വിതുമ്പി ഞാൻ,
അടർന്നു വീണെൻ നീർ-
മിഴിയിൽ നിന്നശ്രുകണം
ആ പുണ്യപാദങ്ങളിൽ,
അർപ്പിച്ചു ഞാനെൻ
ഹൃദയ ചുംബനങ്ങൾ.

## സ്മരണാഞ്ജലി

30-ാം ചരമവാർഷികം



**ജെറമിയാസ്**
പുതിയതുറ

23-ാം ചരമവാർഷികം



**ക്രിസ്റ്റീന സെലസ്റ്റീന**
പുതിയതുറ

15-ാം ചരമവാർഷികം



**ലീയർ ഡിക്രൂസ്**
(സെൻട്രൽ എക്സൈസ്, കണ്ണാന്തുറ)

35-ാം ചരമവാർഷികം



**റൈമത്തൂസ്**
വൈസ് പ്രസിഡന്റ്, കൊല്ലങ്കോട്

1-ാം ചരമവാർഷികം



**ജെറമിയാസ് ജോസഫ്**
പുതിയതുറ



ലേഖനം

ഫാ. തോമസ് ജെ. നെറ്റോ

### ഫ്രാൻസിസ് പാപ്പ യുവജനങ്ങളോട്-4

# ദൈവവിളിയും വിവേചിച്ചറിയലും

‘ക്രിസ്തു ജീവിക്കുന്നു’ എന്ന പ്രബോധനത്തിലെ അവസാന രണ്ട് അധ്യായങ്ങളിൽ ഫ്രാൻസിസ് പാപ്പ ദൈവവിളി, വിവേചിച്ചറിയൽ എന്നീ വിഷയങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു. ദൈവവിളി എന്ന പദം വിശാലാർഥത്തിൽ ദൈവത്തിൽ നിന്നുള്ള വിളിയാണ്. അത് ജീവനിലേക്കും ദൈവിക സൗഹൃദത്തിലേക്കും വിശുദ്ധിയിലേക്കുമുള്ള വിളി ഉൾക്കൊള്ളുന്നു. ജീവിതത്തെക്കുറിച്ചുള്ള പാപ്പയുടെ കാഴ്ചപ്പാടിതാണ്: “നമ്മെ സ്നേഹിക്കുന്ന ദൈവവുമായി നമ്മുടെ മുഴുവൻ ജീവിതവും ബന്ധപ്പെട്ടിരിക്കുന്നു. നമുക്കുവേണ്ടി പദ്ധതികളൊരുക്കുന്ന ദൈവത്തോട് പ്രതികരിക്കുന്നതിന്റെ ഭാഗമാണ് നമ്മുടെ ജീവിതത്തിലെ എല്ലാം (നം.248).

## സൗഹാർദ്ദത്തിലേക്കുള്ള വിളി

പാപ്പയുടെ അഭിപ്രായത്തിൽ സൗഹാർദ്ദത്തിലേക്കുള്ള ദൈവത്തിന്റെ വിളിയാണ് നാം തിരിച്ചറിയേണ്ട ആദ്യകാര്യം. ‘ഓരോ യുവതി യുവാവിനോടും സുഹൃത്താകുവാൻ യേശു ആഗ്രഹിക്കുന്നു. ഈ തിരിച്ചറിവാണ് എല്ലാറ്റിന്റെയും അടിസ്ഥാനം’ (നം.250). ശിമയോൻ പത്രോസ് അത് സ്വീകരിച്ചു (യോഹ. 21:16), എന്നാൽ ധനികനായ യുവാവ് സൗഹൃത്തിലേക്കുള്ള ആ വിളി തിരസ്കരിച്ചു (മർക്കോ. 10:21).

ഒരു പ്രണയ കഥയായിട്ടാണ് യേശു ഒരുവന് വച്ചുനീട്ടുന്ന പദ്ധതിയെ പാപ്പ കാണുന്നത്. ‘യേശു നമുക്ക് നൽകുന്നത് ഒരു പ്രണയകഥയാണ്. നമ്മുടെ ജീവിതമാകുന്ന മണ്ണിൽ അവന്റെ വേരുറപ്പിക്കാനും നമ്മോട് ചേരാനുമുള്ള ‘ജീവചരിത്രം’. ആ ജീവിതം ‘ക്ലൗഡിൽ നിന്നും’ ഡൗൺലോഡ് ചെയ്യേണ്ട ഒരു രക്ഷാപദ്ധതിയല്ല. കണ്ടുപിടിക്കേണ്ട പുതിയ ആപ് അല്ല. മനസ്സിന്റെ സ്വപരിവർത്തനത്തിനുള്ള സാങ്കേതിക വിദ്യയുമല്ല. ആനുകാലിക വാർത്തകൾ തെരയാനുള്ള ‘ട്യൂട്ടോറിയലു’മല്ല. നമ്മുടെ ആത്മകഥയുമായി ഇഴചേർന്ന ഒരു പ്രണയഗാഥയിലേക്കുള്ള ക്ഷണപത്രമാണ്, ദൈവം വച്ചുനീട്ടുന്ന രക്ഷാപദ്ധതി. അത് ജീവസുറ്റതാണ്; നമുക്കിടയിൽ ജീവൻ കൊള്ളാനുള്ളതാണ്” (നം.282).

## മറ്റുള്ളവർക്കുവേണ്ടി അവിടെയായിരിക്കുക

ദൈവവിളിയെക്കുറിച്ച് പാപ്പ പറയുന്ന രണ്ടാമത്തെ കാര്യം മറ്റുള്ളവർക്കുവേണ്ടി അവിടെയായിരിക്കുക എന്നതാണ്. മറ്റുള്ളവരുടെ സേവനത്തിനായി മിഷണറി ശുശ്രൂഷ ചെയ്യുക എന്ന ദൈവവിളിയെക്കുറിച്ച് പാപ്പ വിവരിക്കുന്നു. അതാകട്ടെ, ‘ദൈവത്തിന്റെ സൃഷ്ടികർമത്തിൽ പങ്കുകാരാ

കാനും നമുക്ക് ലഭിച്ച ദാനങ്ങളുപയോഗിച്ച് പൊതുനന്മയ്ക്കായി സംഭാവനകൾ നൽകാനുമുള്ള വിളിയാണ്' (നം.253). ഈ മിഷനറി ദൈവവിളി ശുശ്രൂഷ ചെയ്യാനുള്ളതാണ്. ഭൂമിയിലെ നമ്മുടെ ജീവിതം പൂർണമാകുന്നത് അതൊരു ബലിയാകുമ്പോഴാണ് (നം.254).

പാപ്പ യുവജനങ്ങളെ ഇങ്ങനെ ഓർമിപ്പിക്കുന്നു: 'നിങ്ങളുടെ വ്യക്തിപരമായ ദൈവവിളി നിങ്ങൾ ചെയ്യുന്ന ജോലി മാത്രമല്ല, ഉൾക്കൊള്ളുന്നത്... അതിലും കൂടുതലാണ്. മറ്റുള്ളവരുടെ ശുശ്രൂഷയ്ക്കായി നിങ്ങളിലുള്ള കഴിവുകൾ നിർണയിച്ചെടുക്കണം' (നം.255).

എങ്ങനെയാണ് നാം നമ്മുടെ ദൈവവിളിയോട് പ്രത്യുത്തരിക്കേണ്ടത് എന്ന് പാപ്പ വ്യക്തമാക്കുന്നു: 'നാം എന്തെല്ലാമാണോ അതെല്ലാം പരിപോഷിപ്പിച്ച് വളർത്തിയെടുത്തുകൊണ്ട് നമ്മുടെ ദൈവവിളിയോട് നാം പ്രതികരിക്കണം.... ദൈവിക വെളിച്ചത്തിൽ നമ്മുടെ യഥാർത്ഥ സ്വത്വത്തെ കണ്ടെത്തി, അതിനെ വളർന്ന് വികസിക്കാനും ഫലം പുറപ്പെടുവിക്കാനും വിട്ടുകൊടുക്കണം' (നം.257).

## കുടുംബം കെട്ടിപ്പടുക്കലും തൊഴിലും

പാപ്പയുടെ അഭിപ്രായത്തിൽ ഒരു യുവ വ്യക്തിയുടെ ജീവിതത്തിൽ മറ്റുള്ളവർക്കുവേണ്ടിയായിരിക്കുക എന്നതിന് രണ്ട് അടിസ്ഥാന കാര്യങ്ങളുണ്ട്: പുതിയ കുടുംബം കെട്ടിപ്പടുക്കുന്നതും, തൊഴിലും.

'യുവജനത സ്നേഹത്തിന്റെ വിളി തീവ്രമായി അറിയുന്നു. അവർ കുടുംബം രൂപീകരിക്കാൻ അനുയോജ്യമായ വ്യക്തിയെ കണ്ടെത്തുന്നതും ഒരുമിച്ച് ജീവിതം കെട്ടിപ്പടുക്കുന്നതും സ്വപ്നം കാണുന്നു. ഇത് നിസംശയമായും അവരുടെ വികാരങ്ങളിലൂടെ, സ്വപ്ന അഭിലാഷങ്ങളിലൂടെ ദൈവം അവരിൽ തെളിക്കുന്ന ദൈവവിളിയാണ്' (നം.259). വിവാഹത്തിലേർപ്പെടുന്ന രണ്ടു ക്രിസ്ത്യാനികൾ സ്വന്തം പ്രണയകഥയിലൂടെ ദൈവവിളി തിരിച്ചറിയുകയാണ്. ആണും പെണ്ണും എന്ന രണ്ടിൽ നിന്ന് ഒരു ജീവനും മാംസവുമാകുന്ന ഒന്നിലേക്കുള്ള ദൈവവിളി' (നം.260). വിവാഹമെന്ന കൂദാശ ഈ സ്നേഹത്തെ ദൈവകൃപയിൽ പൊതിയുന്നു.

പാപ്പ തുടരുന്നു, 'ഒറ്റയാൾ ജീവിതമാണ് മെച്ചമെന്ന നിർദേശങ്ങളിൽ വഞ്ചിതരാകരുത്. അത് ഒറ്റപ്പെടലിലേക്കും ദുഃസഹമായ ഏകാന്തതയിലേക്കും നയിക്കും" (നം.263). അതിനാൽ വിവാഹം തെരഞ്ഞെടുക്കാൻ പാപ്പ യുവജനങ്ങളോട് അഭ്യർഥിക്കുന്നു. വിവാഹത്തിന് ശരിയായ ഒരുക്കം വേണം എന്നും ഓർമിപ്പിക്കുന്നു.

തൊഴിലിനെ കുറിച്ചുള്ള പാപ്പയുടെ കാഴ്ചപ്പാട് ഇതാണ്: 'തൊഴിൽ ഒരു യുവവ്യക്തിയുടെ സ്വത്വത്തെയും സ്വയംധാരണയെയും നിർണയിക്കുന്നു. അവിടെയാണ് സൗഹൃദങ്ങളും ഇതരബന്ധങ്ങളും വികസിക്കുന്നത്. എന്തെന്നാൽ ഇവയൊന്നും തനിച്ച് രൂപമെടുക്കുന്നവയല്ല. യുവജനത തൊഴിലിനെ സഫലതയായും അർഥപൂർണതയായും കരുതുന്നു. അതിനാൽ പാപ്പ യുവജനങ്ങളോട് അഭ്യർഥിക്കുന്നു: "തൊഴിൽ എടുക്കാതെ മറ്റുള്ളവരുടെ സഹായത്തെ ആശ്രയിച്ച് ജീവിക്കാമെന്ന് പ്രതീക്ഷിക്കരുത്" (നം.268).

## ദൈവവിളി വിവേചിച്ചറിയൽ

പാപ്പയുടെ കാഴ്ചപ്പാടിൽ ഇന്ന് ഒരു നശീകരണ സംസ്കാരത്തിൽ നാം മുങ്ങിത്താഴ്ത്തപ്പെടുന്നു. അതിനാൽ, ഈ ലോകത്തിൽ നമ്മുടെ തന്നെ ദൈവവിളിയെ വിവേചിച്ചറിയുന്നതിന് ബുദ്ധിയും വിവേചനവും നമുക്കായുള്ള ദൈവിക പദ്ധതിയുടെ ഗ്രഹണവും ആവശ്യമാണെന്ന് പാപ്പ പറയുന്നു (നം.280). വിവേചിച്ചറിയൽ ആഴത്തിലും ദൈവത്തോടുള്ള വിശ്വസ്തതയിലും വളരാൻ മനസാക്ഷിയുടെ രൂപീകരണത്തിന്റെ പ്രാധാന്യം പാപ്പ എടുത്തുപറയുന്നു. നാം നമ്മെ പരിവർത്തനം ചെയ്യാൻ ക്രിസ്തുവിന് വിട്ടുകൊടുക്കണമെന്നും ഓർമിപ്പിക്കുന്നു.



## നമ്മുടെ കൂട്ടുകാരനായ യേശുവിന്റെ വിളി

വ്യക്തിപരമായ ദൈവവിളി തിരിച്ചറിയാൻ, പാപ്പയുടെ നിർദ്ദേശം ഇതാണ് 'അത് ഒരു കൂട്ടുകാരന്റെ, യേശുവിന്റെ വിളിയാണതെന്ന് യുവജനങ്ങൾ മനസ്സിലാക്കണം. കാരണം നമ്മുടെ കൂട്ടുകാർക്ക് എന്തെങ്കിലും കൊടുക്കുമ്പോൾ ഏറ്റവും മികച്ചത് നാം കൊടുക്കും. ദൈവം നമ്മോട് ഒരു കൂട്ടുകാരനോടെന്നപോലെ പെരുമാറുന്നു. ദൈവം ഒരു കൃപ തരാൻ, ചൈതന്യം തരാൻ ചിന്തിക്കുന്നെങ്കിൽ അതിൽ പൂർണമായി ജീവിക്കാനാണ് തരുന്നത്. മറ്റുള്ളവരുടെ ഗുണത്തിനുപയോഗിക്കാനും സ്വജീവിതത്തിൽ അടയാളമുണ്ടാക്കാനും' (നം.288).

ദാനമായി ലഭിക്കുന്ന ഒരു ദൈവവിളി തീർച്ചയായും ചിലത് തിരികെ പ്രതീക്ഷിക്കുന്നുണ്ട്. ദൈവിക ദാനങ്ങൾ പരസ്പരദായിയാണ്. അത് ആസ്വദിക്കാൻ ചില അപകട സാധ്യതകൾ നേരിടേണ്ടിവരുമെന്നും പാപ്പ ഓർമിപ്പിക്കുന്നു (നം.289). ഏറ്റവും പ്രധാനമായി പാപ്പ കരുതുന്നത് യുവജനങ്ങൾ യേശു വാഗ്ദാനം ചെയ്യുന്ന നിരുപാധിക സൗഹാർദ്ദം സ്വീകരിക്കുന്നതും അവനെ പിന്തുടരുന്നത് തെരഞ്ഞെടുക്കുന്നതുമാണ്.

'പ്രിയ യുവജനങ്ങളെ, നിങ്ങൾ ക്രിസ്തുവിന്റെ മുഖത്തിൽ ആകൃഷ്ടരായി ഓട്ടം തുടരുക... സഭയ്ക്ക് നിങ്ങളുടെ ചലനം, അന്തർജ്ഞാനം, വിശ്വാസം ആവശ്യമുണ്ട്. ഞങ്ങൾക്കതുവേണം! ഞങ്ങൾ ഇനിയും എത്തിപ്പെടാത്തിടത്ത് നിങ്ങൾ എത്തുമ്പോൾ നിൽക്കുക. ഞങ്ങളെ കാത്തുനിൽക്കാൻ ക്ഷമയുണ്ടാകണം' (നം.299). ഈ ആശംസാവാക്കുകളോടെ പാപ്പ തന്റെ ഉദ്ബോധനം ഉപസംഹരിക്കുന്നു. ■

ലേഖനം

ഫാ. പോൾ സണ്ണി



# ഇറ്റാനഗർ സൂര്യനുദിക്കുന്ന നാട്

**2017 ഒക്ടോബറിൽ വല്ലാർപാടത്ത് കെആർഎൽസിസി നേതൃത്വം നൽകിയ മിഷൻ കോൺഗ്രസ് കേരളത്തിലെ ഓരോ ലത്തീൻ രൂപതകളും കേരളത്തിന് പുറത്തുള്ള ഓരോ മിഷൻ രൂപതകളിൽ മിഷനറി പ്രവർത്തനം ഏറ്റെടുക്കണമെന്ന് തീരുമാനിച്ചു. ഹാർട്ട് ടു ഹാർട്ട് എന്ന് നാമകരണം ചെയ്ത ഈ പ്രേഷിത ദൗത്യത്തിന്റെ ഭാഗമായി തിരുവനന്തപുരം അതിരൂപത ഏറ്റെടുത്ത അരുണാചൽ പ്രദേശിലെ ഇറ്റാനഗർ രൂപതയുടെ ഗ്രാമീണ ഇടവകകളിൽ കഴിഞ്ഞ വിശുദ്ധവാരം അതിരൂപതാംഗങ്ങളായ മൂന്നുവൈദികർ നടത്തിയ സന്ദർശനത്തിന്റെയും ശുശ്രൂഷയുടെയും ചെറുവിവരണമാണ് ഈ ലേഖനം.**

2005 ഡിസംബർ 7-ന് ഇറ്റാനഗർ രൂപത സ്ഥാപിതമായി. തവാങ്, കമേങ്, പാപും പാറെ, സുബൻസിറി, കുറുങ് കമായ്, സിയാങ് എന്നീ ജില്ലകളിൽ വ്യാപിച്ചു കിടക്കുന്നതാണ് രൂപത. മിഷണറി വൈദികനായ ജോൺ തോമസാണ് ഇവിടുത്തെ മെത്രാൻ. 9 ലക്ഷം ജനസംഖ്യയുള്ള ഈ പ്രദേശത്ത് കത്തോലിക്കാവിശ്വാസികൾ 80000 മാത്രമാണ്. ഇതര ക്രൈസ്തവവിഭാഗങ്ങൾ എല്ലാം ചേരുമ്പോൾ 40% ഉണ്ടാകും. രൂപത വൈദികർ 20, റിലീജിയസ് വൈദികർ 89, ഇടവകകൾ 36. തെസ്പുർ രൂപതയിൽനിന്നാണ് ഈറ്റാനഗർ രൂപത സ്ഥാപിതമായത്. വി. യൗസേപ്പ് ആണ് രൂപതാ മധ്യസ്ഥൻ.

## ഗോത്രജീവിതം

സൂര്യോദയത്തിന്റെ നാട് എന്നാണ് അരുണാചൽ പ്രദേശിന്റെ അർത്ഥം. വടക്കുകിഴക്ക് ചൈനാതിർത്തിയിലെ മഞ്ഞിൻ പുതപ്പണിഞ്ഞ ഈ മലയോര പ്രദേശത്തെക്കുറിച്ച് കലികപുരാണത്തിലും മഹാഭാരതത്തിലും പരാമർശിക്കപ്പെടുന്നുണ്ട്. 1972-ൽ ഇന്ത്യൻ യൂണിയൻ ടെറിറ്ററി ആകുംവരെ ആസാമിന്റെ ഭാഗമായിരുന്നു. 1987-ൽ ഇത് സംസ്ഥാനമായി. 83,743 സ്ക്വയർ കിലോമീറ്ററാണ് ഈ സംസ്ഥാനത്തിന്റെ വിസ്തീർണം. കേരളം 38000 സ്ക്വയർ കിലോമീറ്റർ മാത്രമാണ്. 14 ലക്ഷമാണ് അരുണാചലിലെ മൊത്ത ജനസംഖ്യ. തിബറ്റർ ബോർഡറിൽപ്പെട്ട കാഗ്തോ പ്രദേശം (ഹിമാലയൻ താഴ്‌വര) സമുദ്രനിരപ്പിൽനിന്ന് 23, 260 അടി ഉയരത്തിലാണ്. ബ്രഹ്മപുത്രയും സിയാങ്ങും കമേങ് നദിയുമൊക്കെ ചുറ്റിപ്പുളഞ്ഞൊഴുകുന്നു. കൂടുതൽ സമയവും തണുപ്പ് കാലാവസ്ഥ. മൂന്നിൽ രണ്ടുഭാഗവും വനമാണ്. മഴക്കാടുകൾ. ആയുർവേദമരുന്നുകൾക്കുള്ള വിലപിടിപ്പുള്ള ജിൻസെൻ, യവ് എന്നിവ വളരുന്നുണ്ട്. പുലി, ഹിമക്കരടി, ആന, കാട്ടുപോത്ത്, ആട്, പാണ്ട, മിഥുൻ എന്നിങ്ങനെ മൃഗങ്ങൾ. പാമ്പും നൂറുകണക്കിന് പക്ഷികളും. മത്സ്യങ്ങൾ സമൃദ്ധം. ടിബറ്റിലെയും പടിഞ്ഞാറൻ ബർമയിലെയും കുടിയേറ്റക്കാരാണ് ഇവിടത്തെ ആളുകൾ. ഭൂരിഭാഗവും ഗിരിവർഗക്കാരാണ്. പടിഞ്ഞാറൻ അരുണാചലിൽ നിസ്സി, ഷെർദുക്പെൻ, അക, മോംപാ, അപതാനി, മിറി എന്നിവയാണ് പ്രധാനപ്പെട്ട ഗോത്രങ്ങൾ. വടക്കുകിഴക്ക് പ്രദേശത്ത് മിഷ്മി ഗോത്രക്കാരും തെക്ക്

കിഴക്ക് തിറാപ് ഭാഗത്ത് വാഞ്ചോ, നോക്തെ, താങ്സ ഗോത്രക്കാരുമാണ്. കൃഷി, വേട്ട, മീൻപിടുത്തം, വിറകുശേഖരിക്കൽ ഇവയാണ് തൊഴിൽ. ഇവരെക്കൂടാതെ ബംഗ്ലാദേശ്, ആസാം, നാഗലാൻഡ് എന്നീ പ്രദേശവാസികളും ഇവിടെ കുടിയേറിയിട്ടുണ്ട്.

സിനോ തിബത് ഭാഷയിൽപ്പെട്ട അമ്പത് തരം ഭാഷകളും ഡയലക്റ്റസും ഗോത്രക്കാർ സംസാരിക്കുന്നു. ഓരോ ഗോത്രങ്ങളും സ്വന്തമായ സാമൂഹ്യ, സാംസ്കാരിക, മതപരമായ കാര്യങ്ങൾ പിന്തുടരുന്നു. മിഥുൻ എന്ന പശുവിനെയാണ് ബലി കൊടുക്കുന്നത്. ഹിന്ദുമതം, തിബറ്റൻ ബുദ്ധമതം, ക്രിസ്തുമതം എന്നിവ പ്രധാനപ്പെട്ട മതങ്ങളാണ്. ജനസാന്ദ്രത ഏറ്റവും കുറഞ്ഞ സംസ്ഥാനമാണ്.

പ്രേം ഭായി എന്ന ബെനഡിക്ടൻ ബ്രദർ ആണ് അരുണാചൽ പ്രദേശിന്റെ അപ്പോസ്തലൻ. കാൽനടയായി കാടും മലയും കയറിയിറങ്ങി ഗ്രാമവാസികളോടൊത്ത് പാർത്ത് അവരുടെ രോഗങ്ങൾ പ്രാർത്ഥിച്ച് സുഖപ്പെടുത്തി ആളുകളെ വിശ്വാസത്തിൽ അടുപ്പിക്കാൻ അദ്ദേഹത്തിനു സാധിച്ചു. വലിയ അത്ഭുതപ്രവർത്തകനായിരുന്നു അദ്ദേഹം. റോഡുകളോ ആശുപത്രികളോ ഇല്ലാത്ത ഗ്രാമവാസികൾക്ക് പ്രാർത്ഥനയിൽ വലിയ വിശ്വാസമായിരുന്നു.

വ്യക്തമായ രാഷ്ട്രീയ കാഴ്ചപ്പാടുകളോ പ്രവർത്തനങ്ങളോ ഇവർക്കില്ല. നാടിന്റെ വികസനത്തിനുവേണ്ടി യോജിച്ച പ്രവർത്തനങ്ങളോ ആവശ്യങ്ങളോ ഇല്ല. രാഷ്ട്രീയ ശാക്തീകരണം ഇല്ലാത്തതുകൊണ്ട് വികസനം വഴിമുട്ടി നില്ക്കുന്നു. കേന്ദ്രസർക്കാരിന്റെ ഫണ്ടിങ്ങ് ഉള്ളതുകൊണ്ട് കേന്ദ്രത്തിൽവരുന്ന സർക്കാരുകളെ പിന്തുണക്കുന്ന രീതിയാണ് സംസ്ഥാനസർക്കാരിന്റേത്. ഈ കാരണംകൊണ്ടാണ് ബിജെപി ഇപ്പോൾ ഇവിടെ ഭരിക്കുന്നതും ക്രൈസ്തവർക്ക് അവരെ അംഗീകരിക്കേണ്ടിവരുന്നതും. ക്രൈസ്തവസ്കൂളുകളിൽ വിദ്യാഭ്യാസം സിദ്ധിച്ച കുറെ കത്തോലിക്കാ യുവാക്കൾ രാഷ്ട്രീയരംഗത്ത് ശോഭിക്കുന്നുണ്ട്. പഞ്ചായത്ത് സംവിധാനങ്ങളിലും മറ്റുമൊക്കെ വൻ അഴിമതിയാണ്. എം.എൽ.എമാർ മണ്ഡലങ്ങളിൽ വികസനങ്ങൾ നടത്താറില്ല. ഇലക്ഷൻ സമയത്ത് വോട്ടർമാർക്ക് കാശുകൊടുക്കുന്നു. പിന്നെയുള്ള 5 വർഷവും അവർക്ക് ജനങ്ങളോട് യാതൊരു ഉത്തരവാദിത്വവുമില്ല.

## മിഷൻ പ്രവർത്തനങ്ങൾ

1920-ൽ സ്ഥാപിതമായതാണ് അരുണാചലിലെ ആദ്യദേവാലയം. പെന്തക്കോസ്തുകാർ 1950 കളിൽത്തന്നെ മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. ആസാമിലെ സ്കൂളുകളിൽ പഠിക്കാൻപോയ കുട്ടികളാണ് വിശ്വാസം സ്വീകരിച്ച് തിരികെവന്നത്. അവർ ക്രിസ്തുമത പ്രചാരകരായി. 1960-ൽ ഫാ. എൽ. സെറെറ്റോ എസ്.ഡി.ബി ലക്കിംപൂർ വികാരിയായിരിക്കുമ്പോൾ അരുണാചൽ പ്രദേശിൽനിന്ന് കുട്ടികളെ കൊണ്ടുവന്ന് പഠിപ്പിച്ചു. അവരിലൂടെയാണ് കത്തോലിക്കാവിശ്വാസം പ്രചരിച്ചുതുടങ്ങിയത്. അരുണാചൽപ്രദേശിൽ ഹർമുട്ടി എന്ന ഇടവക 1977-ൽ സ്ഥാപിതമായി. കുളന്തസാമി എന്ന കരിസ്മാറ്റിക് മിഷണറിയായിരുന്നു അവിടത്തെ വികാരി. അദ്ദേഹം തന്റെ സൗഹൃദങ്ങൾകൊണ്ടും സുവിശേഷ തീക്ഷ്ണതകൊണ്ടും ആളുകളെ ക്രിസ്തുവിലേക്ക് അടുപ്പിച്ചു.



*ഇറ്റാനഗർ രൂപതാധ്യക്ഷൻ ബിഷപ്പ് ഡോ. ജോൺ തോമസ് തിരുവനന്തപുരത്തെത്തി അതിരൂപതാധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാകൃത്തെ സന്ദർശിച്ചപ്പോൾ*

അദ്ദേഹം കാറ്റക്കെസ്റ്റുകളെ പഠിപ്പിച്ച് ഗ്രാമഗ്രാമാന്തരങ്ങളിലേക്ക് സുവിശേഷദൗത്യത്തിനായി അയച്ചു. തുടർന്ന് എം.എസ്.എഫ് വൈദികരും മിഷൻ പ്രവർത്തനങ്ങളിൽ വ്യാപൃതരായി. 1980 കളിൽ ക്ലറേഷ്യൻ വൈദികർ അരുണാചൽപ്രദേശിൽ മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. ആസാമിലെ സ്കൂളുകളിലേക്ക് മലമുകളിൽനിന്ന് കുട്ടികൾ പഠിക്കാൻ വന്നു. അവരാണ് ആദ്യം സ്നാനം സ്വീകരിച്ചത്. അരുണാചലിൽ മിഷണറിമാർക്ക് പ്രവേശിക്കാൻ അനുവാദമില്ലായിരുന്നു. പ്രവേശിക്കാൻ എൻ.ഒ.സി. വേണമായിരുന്നു. പക്ഷേ എല്ലാ ബുദ്ധിമുട്ടുകളും അതിജീവിച്ച് മിഷണറിമാർ കടന്നുചെന്നു. തിബറ്റൻ മേഖലയിൽ പോയ മിഷണറിമാരിൽ പലരും കൊല്ലപ്പെട്ടിട്ടുണ്ട്.

1992-ൽ മിഷണറീസ് ഓഫ് ക്രൈസ്റ്റ് ജീസസിലെ



സന്യാസിനിമാർ അരുണാചലിലേക്ക് കടന്നുവന്നു. അരുണാചൽ പ്രദേശുകാരുടെ എതിർപ്പുകൾ ഇല്ലാതാക്കുവാനും അവർക്കു വേണ്ട ആതുരസേവനങ്ങൾ ചെയ്യാനും ആ വർഷംതന്നെ മിഷണറീസ് ഓഫ് ചാരിറ്റിയിലെ സന്യാസിനികൾ കടന്നുവന്നു. മദർ തെരേസയുടെ സന്യാസിനികൾക്ക് ലഭിക്കുന്ന ആദരം അവിടെയും പ്രയോജനപ്പെട്ടു. ഇറ്റാനഗർ രൂപതയിൽ സ്കൂളുകളും ആതുരാലയങ്ങളും വ്യാപിച്ചു. അത്തരം സൗകര്യങ്ങൾ ഉപകാരപ്രദമെന്ന് കണ്ട് ഓരോ ഗോത്രക്കാരും മിഷണറിമാരെ സ്വാഗതം ചെയ്തു. ഈ കാലഘട്ടത്തിൽ ഡോണോ പോളോ (സൂര്യനും ചന്ദ്രനും) എന്ന ഗോത്രമതം സംഘടിതമായി മുമ്പോട്ടു വന്നു. ക്രൈസ്തവമിഷനെ തകർക്കുവാനുള്ള ശ്രമങ്ങൾ കേന്ദ്രസർക്കാരും ആർ.എസ്.എസുകാരും നടത്തിപ്പോന്നു. എന്നാൽ എതിർപ്പുകളെ അതിജീവിച്ച് സുവിശേഷയാത്ര മുമ്പോട്ടുപോയി.

## മണിഗാമിലെ പ്രേഷിതദിനങ്ങൾ

ഇറ്റാനഗറിൽനിന്ന് 24 മണിക്കൂർ ജീപ്പ് യാത്ര ചെയ്താണ് മണിഗാം എന്ന ഗ്രാമത്തിലെത്തിയത്. ആ ഇടവകയുടെ കീഴിൽ 18 പള്ളികൾ. ഫാ. വിൻസെന്റ്, ഫാ. റോണി എന്നീ രണ്ട് കപ്പൂച്ചിൻ വൈദികരാണ് അവിടെ പ്രവർത്തിക്കുന്നത്. പള്ളിയും മേടയും മുളകൊണ്ട് കെട്ടിയത്. ദുർഘടം പിടിച്ച പാതയിലൂടെ താഴോട്ടു നോക്കിയാൽ മരണം പല്ലിളിക്കുന്ന കൊക്കയുടെ വഴിയിലൂടെ, മരംകോച്ചുന്ന തണുപ്പിൽ യാത്ര ചെയ്താണ് തിരുവനന്തപുരം അതിരൂപതാംഗങ്ങളായ ഞങ്ങൾ, മൂന്നുവൈദികർ ഇവിടെ എത്തിയത്. വിശുദ്ധവാരത്തിന് ഞങ്ങൾക്ക് 3 വീതം പള്ളികൾ. ഓരോ പള്ളികളും 3 മണിക്കൂർ മലകയറിപ്പോകണം. ആദ്യമായിട്ടാണ് വിശുദ്ധവാരത്തിന് എല്ലാ പള്ളികളിലും വൈദികരുടെ സർവീസ് ലഭിക്കുന്നത്. കൂടെ യാത്രചെയ്യാൻ ഒരുപറ്റം അല്മായർ. ഗോസ്പൽ ടൂറിങ് എന്നാണ് ഇതിന് പറയപ്പെടുന്നത്. വൈദികർ പ്രാർത്ഥിച്ചാൽ ഏത് രോഗവും മാറുമെന്ന് അവർ വിശ്വസിക്കുന്നു. ഓരോ ഗ്രാമവും ഓരോ മലയിൽ ചിതറിക്കിടന്നു. അവരുടെ താമസരീതികൾ നമ്മുടെ നാട്ടിലെപ്പോലെയല്ല. വലിയ ആൾക്കൂട്ടങ്ങൾ ഇല്ല. ഗ്രാമങ്ങൾ ഒറ്റപ്പെട്ടുകിടക്കുന്നു. വികസനം തൊട്ടുതീണ്ടിയിട്ടില്ല. ആർക്കും ഇഷ്ടികവീടുകൾ ഇല്ല. അതിനു കാരണം അവിടത്തെ മഴയേയും പ്രളയത്തേയും അവ അതിജീവിക്കില്ല. ഭവനത്തിലേക്ക് പ്രവേശിച്ചുകഴിഞ്ഞാൽ വീടിന്റെ നടുക്കുള്ള അടുപ്പിനുചുറ്റും എല്ലാവരും ഇരിക്കും. ആദ്യം ചായ. പിന്നെ ഭക്ഷണം. അവ കഴിച്ചു തീരുന്നതുവരെ വർത്തമാനങ്ങൾ പറഞ്ഞിരിക്കും. പെസഹാത്തിരികളും കൊണ്ടാണ് ഞങ്ങൾ മലകയറിയത്. നടന്നുതളർന്നപ്പോൾ കൊച്ചുകുട്ടികൾ പ്രോത്സാഹനവുമായി വന്നു. ഇടക്ക് വിശ്രമിച്ചും വെള്ളം കുടിച്ചും വീണ്ടും കയറ്റം. ക്ഷീണം തോന്നിയാലും ഹരിതാഭമായ കാഴ്ചകൾ നമ്മെ പുളകം കൊള്ളിക്കും. പ്രകൃതിയുടെ സകലസൗന്ദര്യവും എടുത്തണിഞ്ഞപോലെ. .. മഞ്ഞുതാഴ്‌വാരങ്ങൾ കളകളം ഒഴുകുന്ന സിയാങ്ങ് നദി, നാം കണ്ടിട്ടില്ലാത്ത വിവിധതരം പക്ഷികൾ... ആരും ചുവടുവച്ചിട്ടില്ലാത്ത എത്രയെത്ര മോഹനകൊടുമുടികൾ.

ആദി ബുക്കറിഭാഷയിലാണ് തിരുക്കർമങ്ങൾ ചെയ്തത്. പ്രസംഗം ഹിന്ദിയിൽ. പാദക്ഷാളനകർമ്മം അ

**അരുണാചൽപ്രദേശിൽ ക്രൈസ്തവ വിശ്വാസത്തിന്റെ സൂര്യതേജസ്സ് പ്രഭ വിടർത്തിക്കൊണ്ടിരിക്കുന്നു. നൂറ്റാണ്ടുകളായി അവഗണിക്കപ്പെട്ട ജനതക്ക് ആവശ്യമായതെല്ലാം കൊടുക്കാൻ നമുക്കിന്ന് കഴിയണം**



വർക്ക് കൂടുതൽ ഭക്തി നിർഭരമായിരുന്നു. നമ്മുടെ ആരാധനക്രമത്തിന്റെ എല്ലാറ്റിന്റെയും അർത്ഥം അവർക്കറിയില്ല. എങ്കിലും അവർ ക്രിസ്തുവുമായി പ്രണയത്തിലായി. കുന്നുകയറി ഇറങ്ങുന്നവരായതുകൊണ്ട് കുരിശിന്റെ വഴി അവർക്ക് നന്നേ ബോധിച്ചു. ഓരോ സ്ഥലത്തും മരക്കുരിശുകൾ അവർ സ്ഥാപിച്ചു. ഒരു പള്ളിയിൽ രാവിലെ ചടങ്ങാണെങ്കിൽ അടുത്ത പള്ളിയിൽ വൈകുന്നേരം. ഈസ്റ്റർ ആരാധന ചടങ്ങുകൾ അവർക്കും മനസിലാകുംവണ്ണം ലഘൂകരിച്ചു. എല്ലാവരും ഈസ്റ്റർ മുട്ടകൾ കൊണ്ടുവന്നു. കുർബാനകഴിഞ്ഞ് മുട്ടയും ചായയും കഴിച്ചു. ആ ദിവസങ്ങളിൽ ഒഴിവുവന്ന സമയങ്ങളിലെല്ലാം ഭവനസന്ദർശനം നടത്തി. ഒരു വീട്ടിൽനിന്ന് അടുത്ത വീട്ടിലേക്ക് ഓരോ കുന്നിൻപുറം കയറണം. അരക്ഷിതമായ ജീവിതസാഹചര്യങ്ങൾ. 18-ാം നൂറ്റാണ്ടിലെ നമ്മുടെയൊക്കെ ജീവിതസാഹചര്യമാണ് അവിടെ ഇപ്പോഴുള്ളത്. ടെലഫോൺ ഇല്ല, മാർക്കറ്റുകളോ, വില്പനകേന്ദ്രങ്ങളോ ഇല്ല. വാഹനസൗകര്യങ്ങൾ ഇല്ല. എല്ലാ ദിവസവും ആസാമിലേക്കും ഇറ്റാനഗറിലേക്കും രണ്ടോ മൂന്നോ ജീപ്പുകൾ ഉണ്ടായിരിക്കും. നീണ്ട മണിക്കൂറുകൾ ശ്വാസമടക്കിപ്പിടിച്ച് അവർ യാത്രചെയ്യും. വിൻസെന്റ് അച്ചന്റെ ജീപ്പ് അലോങ്ങിലോക്കോ ഇറ്റാനഗ



റിലേക്കോ പോകുമ്പോൾ നാട്ടുകാരെയും കൊണ്ടും പോകും. അച്ചന്റെ ജീപ്പ് പോകുന്ന വഴികളിലൊക്കെ അവർ കൈകാണിക്കും. രോഗം വന്നാൽ ചികിത്സിക്കാൻ ആശുപത്രികളില്ല. ചൈനയെ പേടിച്ച് റോഡുകൾ വികസിപ്പിക്കാത്തതാണെന്നാണ് വാദം.

1913 – 14ലെ ഇന്ത്യ – ടിബറ്റ് – ചൈന ചർച്ചയിലാണ് ഇന്ത്യയുടെ ചൈനീസ് അതിർത്തി തീരുമാനിച്ചത്. ബ്രിട്ടീഷുകൾ അംഗീകരിച്ച മക്മഹൻ ലൈൻ അംഗീകരിക്കാൻ ചൈന തയ്യാറായില്ല. ആ പ്രദേശങ്ങൾ ചൈനയുടേതാണെന്ന് അവർ വാദിച്ചു. 1963-ലെ യുദ്ധത്തിൽ മക്മഹൻ ലൈനും കടന്ന് ചൈനീസ് പട്ടാളം വന്നു. അടിസ്ഥാനപരമായ സൗകര്യങ്ങൾപോലും ഇല്ലാതെ ഈ ഗോത്രവർഗം ജീവിച്ചുപോരുന്നതുതന്നെ വിസ്മയമാണ്. പ്രകൃതിക്കിണങ്ങിയ ജീവിതരീതിയായിരുന്നു അവരുടേത്. പുറത്തുനിന്നുള്ള ആളുകളും, സാധനങ്ങളും ഒന്നും അവരുടെ അടുക്കൽ വരാത്തതുകൊണ്ട് രോഗങ്ങൾ വിരളമായിരുന്നു. അവശ്യംവേണ്ട ഭക്ഷണം അവർ കൃഷിചെയ്തുണ്ടാക്കിയിരുന്നു. പെരിച്ചാഴി (വലിയ എലി) അവരുടെ ഇഷ്ടഭക്ഷണമാണ്. തോലും നഖവും ഒന്നും കളയാതെ അവർ തീയിലിട്ട് ചുട്ടുതിന്നും. ചിലഭാഗങ്ങളിൽ പാമ്പിനെ ഭക്ഷിക്കുന്നവരുമുണ്ട്. അനന്തമായ യാത്രയും ക്ഷീണവും ഞങ്ങളെ വല്ലാതെ വലച്ചു. എങ്കിലും ഇന്ത്യയുടെ ഈ വടക്കേയറ്റത്ത് ക്രിസ്തുവിശ്വാസത്തിന്റെ പൊൻകതിരുകൾ കാണുമ്പോൾ മനസ്സ് സന്തോഷിക്കും.

സ്ത്രീകൾ തന്നെയാണ് കുടുംബത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നത്. എല്ലാ കുടുംബത്തിലും ആറും ഏഴും കുട്ടികൾ കാണും. പുരുഷന്മാർ വിറകുശേഖരിക്കാൻ പോകും. എപ്പോഴും തണുത്ത കാലാവസ്ഥ ആയതിനാൽ വിറക് ധാരാളം വേണം. മിഥുൻ എന്ന പശുവിനെ അവർ വളർത്തുന്നത് കാട്ടിൽ മേയാൻ വിട്ടാണ്. ആഘോഷ അവസരത്തിൽ കൊന്ന് ഗ്രാമത്തിലുള്ളവർ പങ്കിട്ടെടുക്കും. സ്ത്രീകൾക്ക് വലിയ മഹത്വം കല്പിച്ചിരുന്ന അവർ സ്ത്രീകളോട് അപമര്യാദകാട്ടുന്നവരുടെ ശിരസ്സ് അറുക്കും. പട്ടാളറജിമെന്റുകൾ ധാരാളം കാണാം. പട്ടാളക്യാമ്പുകളിൽ സഹായികളായി പുരുഷന്മാർ പോകാറുണ്ട്. കേന്ദ്രഗവൺമെന്റ് അതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്. സ്ത്രീകൾ കൂടുതൽപേരും റോഡ് ടാറിങ്ങിനാണ് പോകുന്നത്. മോഡലുകളെപ്പോലെ തോന്നുന്ന പെൺകുട്ടികൾ റോഡ് പണിചെയ്യുന്നത് ഒരു കൗതുകകാഴ്ചയാണ്. കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം കൊടുക്കാൻ ആഗ്രഹിക്കുന്ന മാതാപിതാക്കൾ അകലെയുള്ള ബോർഡിങ് സ്കൂളുകളിൽ അവരെ പഠിപ്പിക്കുന്നു. അത് അവർക്ക് വലിയ സാമ്പത്തിക ബാധ്യതയാണ്.

വിവാഹങ്ങൾ അവർ ഒരേ ഗോത്രത്തിൽനിന്നേ കഴിക്കൂ. ഇഷ്ടമുള്ളവർ ഒന്നിച്ചു ജീവിക്കുന്നു. പള്ളിയിൽവച്ചുള്ള കല്യാണങ്ങൾ അപൂർവമാണ്. കല്യാണം കഴിഞ്ഞ് കുറേവർഷങ്ങൾ കഴിയുമ്പോൾ ചിലപ്പോൾ പള്ളിക്കെട്ട് നടന്നേക്കാം. ഇടവകകൾ തിരിച്ചപ്പോൾ അത്തരം വേർതിരിവുകൾ അവർക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. അവർ എല്ലാ പള്ളികളിലും പോകും. അവരുടെ ഗ്രാമങ്ങൾ ബന്ധപ്പെട്ടു കിടക്കുന്നു. ചിലപ്പോൾ തോന്നും സഭയുടെ വിശ്വാസപ്രമാണങ്ങൾ അതുപോലെ പഠിപ്പിക്കുന്നത് അവരുടെ ജീവിതത്തെ താറുമാറാക്കുമോയെന്ന്.

## ഇറ്റാനഗറിലേക്ക് നീങ്ങുമ്പോൾ

അരുണാചൽപ്രദേശിൽ ക്രൈസ്തവവിശ്വാസത്തിന്റെ സൂര്യതേജസ്സ് പ്രഭ വിടർത്തിക്കൊണ്ടിരിക്കുന്നു. നൂറ്റാണ്ടുകളായി അവഗണിക്കപ്പെട്ട ജനതക്ക് ആവശ്യമായതെല്ലാം കൊടുക്കാൻ നമുക്കിന്ന് കഴിയുന്നുണ്ട്. ഇറ്റാനഗർ മിഷൻ തിരുവനന്തപുരം അതിരൂപത ഏറ്റെടുത്ത് കഴിഞ്ഞിരിക്കുകയാണല്ലോ. ഈ മിഷനിലേക്ക് കാലൂന്നുമ്പോൾ അവിടുത്തെ ജനങ്ങളെക്കുറിച്ചും അവരുടെ ജീവിത രീതികളെക്കുറിച്ചും ആവശ്യങ്ങളെക്കുറിച്ചും നമുക്ക് ഉത്തമബോധ്യവും മിഷൻ ചൈതന്യവും അതിനുള്ള ആർജ്ജവവും വേണം. വെറും സന്ദർശനങ്ങൾ ഫലമുണ്ടാക്കില്ല. വ്യക്തമായ മിഷൻ പ്ലാൻ ഉണ്ടാകണം. കാലാവസ്ഥ, ഭാഷ, സംസ്കാരം ഇവയൊക്കെ സ്വന്തമാക്കി ഒരു സുവിശേഷ അനുരൂപണത്തിന് നമുക്ക് തയ്യാറെടുക്കാം. വൈദികരോടൊപ്പം അല്മായരെയും നമുക്ക് ഈ മിഷന്റെ ഭാഗമാക്കണം. കേരളസഭയെ സംബന്ധിച്ചിടത്തോളം ഇവിടെ പ്രവർത്തിക്കാൻ ധാരാളം വൈദികരും സന്യസ്തരുമുണ്ട്. അവിടെ മിഷണറിമാരില്ലാ എന്നതാണ് വലിയ വെല്ലുവിളി. സ്നേഹത്തിനും ജീവിതനിലവാരത്തിനുവേണ്ടി കൊതിക്കുന്ന ഗോത്രക്കാരാണ് അവർ. സ്നേഹം ഗോത്രങ്ങളുടെ ഭാഷയാണ്. ക്രിസ്തുവിന്റെ സ്നേഹത്തിന്റെ കല്പന അവർക്ക് ഇഷ്ടമാകും. നമുക്ക് ആ പ്രേഷിതഭൂമിയെ ഒരു വാഗ്ദത്ത ദേശമാക്കാം. ■

ലേഖനം

ഡോ. എസ്.അമൃതം



# നിന്നെപ്പോലെ പ്രകൃതിയെ സ്നേഹിക്കുക

ഒരു ചെറിയ സംസ്ഥാനമെന്ന നിലയിൽ കേരളത്തിന് അടിക്കടി ഉണ്ടാകുന്ന പ്രളയം അധിക കാലം താങ്ങാൻ സാധിക്കും എന്ന് തോന്നുന്നില്ല. അതിനാൽ പ്രകൃതിയിലേക്ക് തിരിച്ചു പോകുന്ന വികസന സമീപനം സ്വീകരിക്കാൻ എല്ലാവരും തയ്യാറാകണം. കായൽ, കടൽ, മണ്ണ്, തീരം, കാട്, മല എന്നിവ വിറ്റുകൊള്ളയടിച്ച് നശിപ്പിച്ചിട്ട് സാമ്പത്തിക വികസനം നേടി എന്നതുകൊണ്ട് ആർക്ക് എന്തു നേട്ടം.

അറിയപ്പെടുന്ന വികസന കാഴ്ചപ്പാടുകൾ അവതരിപ്പിച്ചത് ഇന്ത്യക്കാരൻ അമർത്യസെന്നാണ്. അതിനു അദ്ദേഹത്തിന് 1998ൽ നോബൽ സമ്മാനവും കിട്ടി. മനുഷ്യന്റെ സാമ്പത്തിക നേട്ടമല്ല വികസനത്തിന്റെ ലക്ഷ്യം എന്നും, മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകപ്പെടുകയും, അതുവഴി മനുഷ്യനു സ്വതന്ത്രമായി വ്യവഹരിക്കാനും വളരാനും അവസരങ്ങൾ ഒരുക്കുകയും, ചെയ്യുന്നതാണ് വികസനം എന്നും അദ്ദേഹം പറഞ്ഞു വച്ചു. അപ്പോൾ ചോദിക്കാം: സാമ്പത്തിക വികസനം ഇല്ലാതെ എങ്ങനെ സാമൂഹിക വികസനം ഉണ്ടാകും എന്ന്. സെൻ പറയുന്ന രണ്ടു കാരണങ്ങൾ: 1. സാമൂഹിക വികസനം (അഥവാ, പരിസ്ഥിതി നിലനിർത്തിയുള്ള ആരോഗ്യം, വിദ്യാഭ്യാസം, സംസ്കാരം എന്നിവയിലുള്ള വളർച്ച) കൂടുതൽ സാമ്പത്തിക വികസന ത്തിനു കാരണമാകും. 2. സാമൂഹിക വികസനത്തിനു വേണ്ടിയുള്ള സാമ്പത്തികം, പിന്നെ സാമൂഹിക വികസനം മുരടിപ്പിച്ചിട്ട് സാമ്പത്തിക നേട്ടം കൈവരിച്ചിട്ട് കാര്യമില്ലല്ലോ. അത് വിപരീത പ്രക്രിയ അല്ലേ. അതിനാൽ, സാമ്പത്തിക ലാഭത്തിനു വേണ്ടി സാമൂഹിക, പാരസ്ഥിതിക വ്യവസ്ഥിതിക്ക് തടയിട്ടുകൊണ്ടുള്ള ഏതൊരുവികസനവും അത്യന്തികമായി ഗുണം ചെയ്യില്ല.

ഇവിടെയാണ് മത്സ്യ തൊഴിലാളികളും മറ്റു ശാസ്ത്രജ്ഞരും കരഞ്ഞു വിളിച്ചു പറഞ്ഞതിന്റെ പൊരുൾ വ്യക്തമാകുന്നത്. വിഴിഞ്ഞം പോർട്ട് പദ്ധതി കടലിന്റെ സ്വാഭാവികത ഇല്ലാതാക്കുമെന്നും, കര നഷ്ടമാകും എന്ന് അവർ അന്നുപറഞ്ഞു? ചിലർക്ക് (അദാനിക്കും ജോലി ലഭിക്കുന്ന നമ്മുടെ കുറച്ചു കുടുംബങ്ങൾക്കും) സാമ്പത്തികമായി നേട്ടം ഉണ്ടാകുന്നതിനു വേണ്ടി, ഒരു കൂട്ടം ജീവനുകളും, വീടുകളും, നാടുകളും, ഗ്രാമങ്ങളും, മറ്റും, കടൽവെള്ളത്തിലാക്കി കൊണ്ട് വേണമായിരുന്നോ ഹാർബർ

നിർമ്മാണം മല ഇടിച്ചു വേണം ഹാർബറിനു കല്ല് കണ്ടെത്താൻ എന്നും ഓർക്കണം. ഈ കൊച്ചു കേരളത്തിലെ കാടും കരയും നഷ്ടപ്പെടുത്തി നേടുന്നതു അത്യന്തികമായി നേട്ടമോ കോട്ടമോ? വിഴിഞ്ഞം വരുമ്പോൾ കൊച്ചി പോർട്ടിന്റെ അവസ്ഥ എന്താകും? കൊച്ചി ഹാർബർ വർഷങ്ങളോളം നഷ്ടത്തിലായിരുന്നു. കൊച്ചി പോർട്ട് കൊണ്ട് കുറച്ചു പേർക്ക് ജോലി കിട്ടി, പിന്നെ അതുകൊണ്ട് നഷ്ടമോ ലാഭമോ? ലാഭമാണെങ്കിൽ ആർക്ക്? കൊച്ചി പോർട്ട് ഉണ്ടാക്കിയപ്പോൾ, അന്നത്തെ രാജാവ് പോർട്ട് ട്രസ്റ്റി നോട് ആണ് തീരനഷ്ടത്തിനും കടൽഷോഭത്തിനും കാരണമെന്ന് ഏതു പഠനവും പറയുക മാത്രമല്ല, പോർട്ട് എന്നത് ഒരു പ്രധാനപ്പെട്ട മനുഷ്യ നിർമിത കാരണം ആണെന്ന് എടുത്തു പറയുകയും ചെയ്യുന്നു. ഉദാ : 1. Half Yearly EC CRZVizhinjam Report, Oct 2017 to March 2018, Annexure IVCÂ ഇത് പറയുന്നുണ്ട്; 2. National Assessment of Shoreline changes in Indian Coast Statu-s Report for 26 years 1996-2016 'construction of structures such as harbours, ports altered nature of coastline and induced changes' p.35. C-ന്ക്കു കര വച്ചു, വലതു വശത്തു മീറ്ററുകൾ കണക്കു കര പോയീ, വീടുകളും, റോഡുകളും പോയീ. വീണ്ടും 2500 മീറ്റർ ദൂരം ഹാർബർ ഉണ്ടാക്കാനുണ്ട് എന്നും തിരിച്ചറിയണം. ഇറ്റലിയിൽ ധാരാളം പോർട്ടുകൾ ഉണ്ട്, മറ്റു രാജ്യങ്ങളിലും. എന്നാൽ, അവയൊന്നും ആൾ താമസമുള്ളതും, കടലിൽ മത്സ്യബന്ധനം ഉപജീവനം ആക്കിയുട്ടുള്ളതുമായ സ്ഥലങ്ങളിൽ അല്ല എന്നത് ശ്രദ്ധിക്കേണ്ടതുണ്ട്. വിഴിഞ്ഞം പദ്ധതി കാരണം തീരദേശ ഗ്രാമങ്ങളിൽ എന്തുമാത്രം ആളുകൾ ഉപജീവനം വഴിമുട്ടി പട്ടിണിയിലാണെന്ന്



പറഞ്ഞതാണ്, ഭാവിയിൽ ചുറ്റുമുള്ള മത്സ്യത്തൊഴിലാളികൾക്ക് ഇതുകൊണ്ട് ഉണ്ടാകാവുന്ന ആഘാതത്തിന്റെ മുഴുവൻ ഉത്തരവാദിത്തവും ഏറ്റെടുക്കണം എന്ന്. എന്നാൽ, ചെല്ലാനം അതിന്റെ ബാക്കിപത്രം മാത്രം. വിഴിഞ്ഞം ഹാർബറിന്റെ ആഘാതത്തിന്റെ പേരിൽ നൽകപ്പെട്ട വാഗ്ദാനങ്ങൾ കടലാസിൽ തന്നെ എന്നും ഓർക്കുക.

കടൽക്ഷോഭം, തീര നഷ്ടം എന്നിവക്ക് ചിലർ പറയുന്ന കാരണം, ആഗോളപ്രതിഭാസങ്ങൾ എന്നാണ്. ഇത് അദാനി പോലും അംഗീകരിക്കില്ല. വിഴിഞ്ഞം പദ്ധതി ഉൾപ്പെടെ ഏതു പോർട്ടിന്റെ ആഘാത പഠനം എടുത്താലും, അവിടെയൊക്കെ കാണുന്നത്, പോർട്ട് കാരണം തീരനഷ്ടം ഉണ്ടാകും എന്നാണ്. പ്രകൃത്യാലുള്ളതും മനുഷ്യ നിർമിതവുമായ കാരണങ്ങൾ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ പല ഭാഗത്തും തീരങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്. 2011-se 'Fact sheet of Shoreline changes Kerala' published by Ministry of Environment and Forests, Govt.of India, പഠനത്തിൽ പറയുന്നത് കേരളതീരം 63 ശതമാനം ശോഷണം നേരിട്ടുകൊണ്ടിരിക്കുന്നു, എന്നാണ്.

കൊല്ലം, ആലപ്പുഴ, കൊച്ചി, വൈപ്പിൻ, മുനമ്പം, കോഴിക്കോട്. കണ്ണൂർ, കാസർഗോഡ് എല്ലായിടത്തും തന്നെ, ഹാർബർ അഥവാ പോർട്ട് അഥവാ breakwa-ter റുമായി ബന്ധപ്പെട്ടാണ് ഇത് സംഭവിച്ചുട്ടുള്ളത്.

സംഭവിക്കേണ്ടതു സംഭവിച്ചു. 600 മീറ്റർ, ഹാർബറിനു വേണ്ടി കടലിനകത്തിടുന്ന ഭിത്തി (breakwater) വിഴിഞ്ഞത്ത് ഇട്ടു കഴിഞ്ഞപ്പോൾ തന്നെ, അതിന്റ ഇടതു വശത്തു മീറ്ററു കണ ചിന്തിക്കേണ്ടതുണ്ട്.

ഇതിനു, പ്രതിവിധി എന്ത്? വിഴിഞ്ഞം പദ്ധതി ആത്യന്തികമായി ഗുണം ചെയ്യില്ല എന്ന് എല്ലാവരും തിരിച്ചറിയുക. വിഴിഞ്ഞം പദ്ധതി കാരണം തീരം നഷ്ടമാകുന്നു എന്ന് കേരള ഫിഷറീസ് വകുപ്പ് മന്ത്രി മേഴ്സികുട്ടിയമ്മ 2019 ജൂൺ 25 ന് സൂചന നൽകിയത് ഓർക്കുക. ജനങ്ങൾ ഈ യാഥാർഥ്യം എന്തെന്ന് തിരിച്ചറിയണം. കാരണം, എല്ലാ മനുഷ്യരും കൊല്ലപ്പെട്ട്, നമുക്ക് പോർട്ടുകൾ നിർമിച്ചിട്ട് എന്ത് കാര്യം. അഥവാ, കുറെ മനുഷ്യരുടെ പരമ്പരാഗതമായ തൊഴിലും ഗ്രാമങ്ങളും ഇല്ലാതാക്കിയിട്ടു, വേറെ കുറച്ചു മനുഷ്യർ ജീവിക്കണംഇത് കാട്ടുനീതിയല്ലേ. ഒരിക്കലും മത്സ്യതൊഴിലാളികൾ പ്രകൃതിയെ നശിപ്പിച്ചിട്ടില്ല, കയ്യേറ്റങ്ങൾ നടത്തിയിട്ടില്ല, അവർ

അതിന്റെ സംരക്ഷകരാണ്, കേരളത്തിന്റെ സൈന്യം പോലെ.

അതെസമയം, താത്കാലികമായി, കര പോയ സ്ഥലത്തു ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്, ചെറിയ തോതിൽ പുലിമുട്ടുകൾ (Groynes) ഇടുക എന്നതാണ്. അപ്പോൾ സ്വാഭാവികമായും അതിന്റെ ഇടതു വശത്തു കര വക്കും വലതു വശത്തു കര പോകും. അതിനു പരിഹാരം പുലിമുട്ടുകൾ ഒന്നിന് ശേഷം ഒന്ന് വച്ചു വച്ചു പോകുക എന്നതാണ്. അങ്ങനെ തിരുവനന്തപുരത്തു വിഴിഞ്ഞത്തിന്, വലതു വശത്തെ പനത്തുറ തുടങ്ങി ചെറിയതുറ വരെ 7 പുലിമുട്ടുകൾ വച്ചിട്ടുണ്ട്. അങ്ങനെ ഇപ്പോൾ വലിയതുറ യിൽ കടൽക്ഷോഭം ഉണ്ടായി. വീണ്ടു പുലിമുട്ട് വച്ചാൽ 590 കിലോമീറ്റർ നീണ്ടുകിടക്കുന്ന കേരള കടൽ തീരം മുഴുവനും പുലിമുട്ടുകൾ കൊണ്ട് നിറയും. (അതിലൂടെ, കടലിന്റെ സ്വാഭാവികതയെ തടസപ്പെടുത്തുക മാത്രമല്ല, മറിച്ച് നിശ്ചിത അളവിലും നീളത്തിലും വിടവുകൾ നോക്കി ഇടാത്തത് കാരണവും, ആവശ്യത്തിനു കല്ലുകൾ ഇടാത്തത് കാരണവും, കല്ലുകൾ കടലിൽ അവിടവിടെ അടിഞ്ഞു കൂടുകയും അപകട മരണങ്ങൾ വിളിച്ചു വരുത്തുകയും ചെയ്യും). ശാസ്ത്രജ്ഞന്മാർ ഉപദേശിച്ചിട്ടാണ് പുലിമുട്ടുകൾ സർക്കാർ വച്ചെന്നോർക്കണം. ഇപ്പോൾ ചില ശാസ്ത്രജ്ഞർ ജിയോട്യൂബ് പദ്ധതി നിർദ്ദേശിച്ചിരിക്കുകയാണ്. കേരളത്തിൽ എവിടെയൊക്കെ ഇട്ടോ, അവിടെയൊക്കെ ഒലിച്ചു പോയി ഇതൊരു വൻ പരാജയമായി അതിനെ നാം അനുഭവിച്ചു കഴിഞ്ഞു.



കടൽക്ഷോഭം കാരണം, കര പോകുന്നതിനു ഒരു പരിഹാരം വേണം. പുലിമുട്ടുകൾ അനന്തമായി വച്ച് പോകാതെ (അഥവാ, അത്യാവശ്യം ഒന്നോ രണ്ടോ പുലിമുട്ട് വച്ചാൽ തന്നെ), ഒടുവിലത്തെ പുലിമൂട്ടിന്റെ വലതു വശത്തു സ്വാഭാവികമായി ഉണ്ടാകുന്ന തീരശോഷണം തടയിടാൻ, തീരത്തിൽ നിന്നും അധികം ദൂരെ അല്ലാതെയുള്ള കടലിൽ (offshore) നിന്നും യന്ത്രം ഉപയോഗിച്ച് മണ്ണ് വാരി എടുത്തു (dredging), കുഴലു വഴി കരയിൽ നിക്ഷേപിച്ചിട്ടു കര നിർമിക്കുക എന്നതാണ് (അഥവാ beach nourishment). ഇപ്പോൾ വിഴിഞ്ഞം പോർട്ടിനു വേണ്ടി ചെയ്യുന്നതും ഇത് തന്നെയാണ്. പക്ഷെ, വിഴിഞ്ഞം പോർട്ടിൽ ഉള്ളത്പോലെ breakwater ഉണ്ടാകില്ല. ഈ മണ്ണാകട്ടെ വേലിയിറക്കത്തിൽ കരയിൽ നിന്നും കടൽ കൊണ്ടുപോയ മണൽ തന്നെ എന്ന് ഓർക്കണം. വർഷം തോറും dredging പുതുക്കി കുറേശെ മണ്ണ് ഇതുപോലെ നികത്തുന്നത്, പുലിമൂട്ടുകൾ നിർമിക്കുന്നതിനേക്കാളും ചിലവ് കുറഞ്ഞതും, കടൽഷോഭം തടഞ്ഞു നിർത്താവുന്നതും, ആളുകൾക്ക് തൊഴിലിനു പോകാവുന്നതും, ടൂറിസ്റ്റുകൾക്ക് കര ആസ്വദിക്കാവുന്നതും, മല വെട്ടി പാറ എടുക്കാത്തതും, നിലവിലെ വീടുകൾ റോഡുകൾ കെട്ടിടങ്ങൾ എന്നിവയെ സംരക്ഷിക്കുന്നതുമാണെന്ന ഗുണങ്ങൾ അനായാസം ലഭിക്കാവുന്നതും ആണ്. ഇത് തന്നെയാണ്, ഗൾഫിലും വിദേശത്തും മറ്റും ചെയ്തുകൊണ്ടിരിക്കുന്നതും.

അങ്ങനെ, വിഴിഞ്ഞം പദ്ധതിയെ തള്ളിപറഞ്ഞുകൊണ്ടുതന്നെ, നിലവിലുള്ള കരശോഷണം തടഞ്ഞു നിർത്താൻ, ചില പഠനങ്ങൾ ചൂണ്ടി കാണിക്കുന്നതുപോലെ, ഒരേ സമയം തന്നെ, 1. കടൽഭിത്തി (sea wall) കരയിൽ നിർമ്മിച്ച് തിരയെ ചെറുക്കുക (2.അത്യാവശ്യം, ഉണ്ടെങ്കിൽ മാത്രം വളരെ കുറച്ചു പുലിമുട്ടു നിർമിക്കുക (ഒഴിവാക്കിയാൽ നന്ന്), 3. മണ്ണ് തിരിച്ചെത്തിച്ചു തീരം തിരിച്ചു പിടിക്കുക, 4. തീരം തിരിച്ചു പിടിക്കുന്ന സ്ഥലത്തു കാറ്റാടി മരം, കണ്ടൽകാടുകൾ തുടങ്ങിയവ വച്ചു പിടിപ്പിക്കുക. അവ വഴി മണ്ണ് ഉറച്ചതാവുകയും അതിവേഗമുള്ള തീരനഷ്ടം കുറക്കാൻ കഴിയുകയും ചെയ്യും. ഇവ സാമന്തരമായി ചെയ്യുകയും, അടിയന്തിരമായി തീരം സംരക്ഷിച്ചേ തീരൂ എന്ന നിലപാട് എടുക്കുകയും ചെയ്യുക കടലും കായലും പല ഇടങ്ങളിലും അതിവേഗം ഒന്നാകുന്നതിനു മുമ്പ്! ■

## സ്വർഗീയോദ്യാനത്തിലെ 3–ാം ജന്മദിനം



**ബ്രദർ ജീവൻ ചാൾസ്**

**മരണം: 21.10.2016**

*ദൈവം തന്നെ സ്നേഹിക്കുന്നവർക്കായി സജ്ജീകരിച്ചിരിക്കുന്നവ കണ്ണുകൾ കാണുകയോ ചെവികൾ കേൾക്കുകയോ മനുഷ്യ മനസ് ഗ്രഹിക്കുകയോ ചെയ്തിട്ടില്ല.*

(1 കൊറി. 2:9)

“ഈശോയെ സ്വന്തമാക്കാൻ ഈശോയുടെ സ്വന്തമായി മാറിയ പ്രിയമകന്റെ ജീവൻതുടിക്കുന്ന ഓർമകളുമായി”

മാതാപിതാക്കൾ, സഹോദരി




# കുമ്പസാരത്തിൽ എല്ലാ പാപങ്ങളും ഏറ്റുപറയണമോ?

തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ ഒരു വിശ്വാസിയാണ് ഞാൻ. ഞായറാഴ്ചകളിൽ പള്ളിയിൽ പോകാറുണ്ട്. ചിലപ്പോൾ അനുതപിച്ച് കുർബാന സ്വീകരിക്കാറുണ്ട്. കുമ്പസാരിച്ചിട്ട് വർഷങ്ങളായി. ഈയിടെ ഒരു ധ്യാനത്തിന് പങ്കെടുത്തപ്പോൾ എല്ലാ കത്തോലിക്കരും നിർബന്ധമായും കുമ്പസാരിക്കണമെന്ന് ധ്യാനിപ്പിച്ച അച്ചൻ പറഞ്ഞു. നമ്മുടെ തെറ്റുകൾ ഒരച്ചനോട് പറയുന്നത് എന്തിനാണ്? അല്ലെങ്കിൽ കുമ്പസാരിക്കുമ്പോൾ, ചെയ്തുപോയ എല്ലാ തെറ്റുകൾക്കും പ്രായശ്ചിത്തവും പാപമോചനവും തരണമേ എന്നുമാത്രം ചോദിച്ചാൽ പോരേ?



ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 959–964 കുമ്പസാരമെന്ന കൂദാശയെക്കുറിച്ചും ഈ കൂദാശയുടെ ആഘോഷത്തെക്കുറിച്ചും പ്രതിപാദിക്കുന്നു. കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം (CCC) 1455–1458 പാപങ്ങളുടെ ഏറ്റുപറച്ചിൽ വിശദീകരിക്കുന്നു. മർക്കോ. 2:7 പ്രകാരം, പാപങ്ങൾ ക്ഷമിക്കാനുള്ള അധികാരം ദൈവത്തിനു മാത്രമുള്ളതാണ്. മർക്കോ. 2:5; ലൂക്കാ 7:48 പ്രകാരം, യേശു പാപങ്ങൾ ക്ഷമിക്കുന്നു. യോഹ. 20:21–23 പ്രകാരം, യേശുവിനെ പിതാവ് അയച്ചതുപോലെ, അപ്പസ്തോലന്മാരെ യേശു അയയ്ക്കുകയും പാപം ക്ഷമിക്കാനുള്ള അധികാരം അവർക്കു നല്കുകയും ചെയ്യുന്നു. മത്താ. 16:19–ൽ ബന്ധിക്കാനും അഴിക്കാനുമുള്ള അധികാരം യേശു പത്രോസിനു നല്കുന്നതായി കാണുന്നു. ചുരുക്കത്തിൽ, പാപമോചകൻ ദൈവംമാത്രമാണ്. പാപമോചനം പാപിയായ മനുഷ്യനു ലഭിക്കുന്നത് യേശുക്രിസ്തു തിരഞ്ഞെടുത്ത് അയയ്ക്കുന്ന സഭാശുശ്രൂഷകരായ അപ്പസ്തോലന്മാരിലൂടെയും അവരുടെ കൂട്ടായ്മയിലുള്ള പുരോഹിതന്മാരിലൂടെയുമാണ്.

പാപത്തെ ലഘുപാപമെന്നും മാരക (ഗൗരവതരമായ) പാപമെന്നും വിശേഷിപ്പിച്ചിരിക്കുന്നു. CCC 1440 പ്രകാരം, പാപം ദൈവത്തിന് എതിരെയുള്ള ഒരു ദ്രോഹമാണ്. പാപത്തിലൂടെ ദൈവത്തോടും സഭയോടുമുള്ള ബന്ധത്തിന് ക്ഷതമേല്ക്കുന്നു. CCC 1455, CIC 959-560 പ്രകാരം, കുമ്പസാരമെന്ന കൂദാശയിലൂടെ പാപമോചനം ലഭിക്കുന്നതോടൊപ്പം ദൈവവും സഭയുമായുള്ള അനുരഞ്ജനവും ലഭിക്കുന്നു. CIC 960, CCC 1456 പ്രകാരം, അനുതാപികൾ തങ്ങൾ ചെയ്തിട്ടുണ്ടെന്ന് അവർക്കു ബോധ്യംവരുന്ന എല്ലാ മാരക പാപങ്ങളും കുമ്പസാരത്തിൽ എണ്ണി പറയണം. ആ പാപങ്ങൾ ഏറ്റവും രഹസ്യമായി ചെയ്തിട്ടുള്ളവയായാലും ദൈവകല്പനകളുടെ അവസാനത്തെ രണ്ടു കല്പനകളുടെ ലംഘനമായിട്ടുള്ളവയായാലും ഏറ്റു പറയണം. ഇത് ദൈവവും സഭയുമായും അനുരഞ്ജനപ്പെടുന്നതിനുള്ള ഏക സാധാരണ മാർഗ്ഗമാണ്. പാപമോചനത്തിനും ദൈവവും സഭയുമായുള്ള അനുരഞ്ജനത്തിനും കുമ്പസാരമെന്ന കൂദാശയിൽ എല്ലാ മാരക പാപങ്ങളും നിർബന്ധമായും എണ്ണി പറയേണ്ടത് അനിവാര്യമാണെന്ന് ട്രെന്റ് സൂനഹദോസും (D1707, D 1679) ഫ്ളോറൻസ് കൗൺസിലും (D 1323) സഭയുടെ മറ്റുപല ഡോക്യുമെന്റുകളും പഠിപ്പിക്കുന്നു.

ഇനി താങ്കളുടെ സംശയത്തിലേക്കുവരുന്നു. സഭ ക്രിസ്തുവിന്റെ ശരീരമാണ്. പാപം ദൈവത്തിനെതിരെ / ക്രിസ്തുവിനെതിരെയുള്ള ദ്രോഹമാണ്. പാപത്തിലൂടെ ദൈവവും സഭയുമായുള്ള ബന്ധം മുറിയുന്നു. പാപമോചനം ലഭിക്കാനും ദൈവവും സഭയുമായുള്ള അനുരഞ്ജനം സാദ്ധ്യമാകാനും CCC 1455-1456, CIC 859-860 പ്രകാരം വ്യക്തിപരമായ കുമ്പസാരവും തങ്ങൾ ചെയ്തിട്ടുണ്ടെന്ന് ബോധ്യംവരുന്ന എല്ലാ മാരക പാപങ്ങളും കുമ്പസാരമെന്ന കൂദാശയിൽ എണ്ണി പറയേണ്ടതും അത്യന്താപേക്ഷിതമാണ്. ■

അഗസ്റ്റിൻ കണിപ്പിള്ളി










# ചാനലുകളിലെ അന്തിച്ചർച്ചയും ചില വിചാരിപ്പുകാരും

കത്തോലിക്കാസഭയെ പരിഹസിച്ചുകൊണ്ട് ചില മാധ്യമങ്ങൾ സഭ്യേതര പദങ്ങൾ ഉപയോഗിച്ചുനടത്തുന്ന ചില വാചാകാക്രമണങ്ങൾ അതിരുവിട്ടുപോകുന്നില്ലേ എന്നൊരു സംശയം. ശത്രുവിനോട് കാരുണ്യം കാണിക്കരുതെന്ന് മഹാഭാരതം പറയുമ്പോൾ ശത്രുവിനെ സ്നേഹിക്കാൻ പഠിപ്പിക്കുന്നതാണ് ക്രൈസ്തവികത. അതുകൊണ്ട് ക്രിസ്തീയ വിശ്വാസികൾ ഇക്കാര്യത്തിൽ സ്വീകരിച്ചുപോരുന്ന മനഃപൂർവമായ മൗനത്തെ ഒരു ബലഹീനതയായി മാധ്യമ വിശാരദന്മാർ കാണരുതെന്നും അതല്ല, അങ്ങനെ കാണുന്നുണ്ടെങ്കിൽ ആ ധാരണ ശരയല്ലെന്നും കൂടി പറയാനാണ് ഈ വർത്തമാനം.

ഏതാനും ചില സന്യസ്തരുടെ ജീവിതപരാജയങ്ങളെ ഉയർത്തിക്കാട്ടി കത്തോലിക്കാസഭയെ അപ്പാടെ നാണംകെടുത്തിക്കളയാമെന്ന് ചില ദൃശ്യമാധ്യമങ്ങളിലെ അന്തിച്ചർച്ചക്കാർക്ക് തോന്നുന്നുണ്ടെങ്കിൽ അത് കത്തോലിക്കാസഭയെക്കുറിച്ച് മനസിലാക്കാത്തതുകൊണ്ടുമാത്രമാണെന്ന് വ്യക്തമാക്കട്ടെ. മാത്രവുമല്ല, അത്തരം അന്തിച്ചർച്ചകളോട് ക്രൈസ്തവരാരും പ്രത്യക്ഷമായി പ്രതികരിക്കില്ലെന്ന് നിങ്ങൾ ധരിച്ചുവശായിട്ടുണ്ടെന്നും അറിയാം. പക്ഷേ, ഇത്തരക്കാർ ചുരുക്കത്തിൽ ഇത്രയെങ്കിലും മനസിലാക്കിയിരിക്കുന്നത് നല്ലതാണ്.

2000 വർഷമായിട്ടും നശിച്ചുപോകാതെ ലോകത്താകമാനം പടർന്നുപന്തലിച്ച ഒരേയൊരു പ്രസ്ഥാനമേയുള്ളൂ. റോമിലെ പോപ്പിന് കീഴിലുള്ള കത്തോലിക്കാസഭ. വിശ്വാസികളെ പീഡിപ്പിച്ചും കൊന്നൊടുക്കിയും കത്തോലിക്കാസഭയെ ഒന്നടങ്കം നശിപ്പിച്ചുകളയാമെന്ന് വ്യാമോഹിച്ചവർക്കൊക്കെ അന്ന് തിരിച്ചടിയേ ഉണ്ടായിട്ടുള്ളൂ. ആണിക്കുമേൽ ചുറ്റികകൊണ്ട് അടിക്കുമ്പോൾ ആണി തകർന്നുപോവുകയല്ല, അത് ആഴത്തിലേക്ക് ഇറങ്ങിച്ചെല്ലുകയാണ് ചെയ്യുന്നതെന്നോർക്ക

ണം. അതുപോലെ സഭയ്ക്കുനേരെ നടത്തുന്ന ഓരോ പ്രഹരവും കത്തോലിക്കാ വിശ്വാസത്തെ ആഴപ്പെടുത്തുകയാണ് ചെയ്യുന്നതെന്ന വസ്തുത മേൽപ്പറഞ്ഞ അന്തിച്ചർച്ചക്കാർ മനസിലാക്കുന്നത് നന്നായിരിക്കും. മറിച്ച്, കത്തോലിക്കാ സഭയുടെ ആവൃതിക്കുള്ളിൽ നിന്ന് പുറത്തുചാടിയതോ പുറത്തുകളഞ്ഞതോ ആയ ചില പാഴ്ജന്മങ്ങളെ കൂട്ടുപിടിച്ച് അന്തിച്ചർച്ചകൾക്ക് കൊഴുപ്പേകി അതിലൂടെ ചാനൽ റേറ്റിംഗ് വർധിപ്പിക്കാനും ചർച്ചയ്ക്കിടെ അനിവാര്യമായ ഇടവേളകളിൽ പണത്തിനുവേണ്ടി പരസ്യങ്ങൾ കാണിച്ച് പ്രേഷകരെ പരസ്യമായി അവഹേളിക്കാനും നിങ്ങൾ ശ്രമിക്കുമ്പോൾ ഞങ്ങൾ ക്രൈസ്തവർ ആരുടേയും കൈയുംകാലും വെട്ടാൻ വരില്ല. അത്തരമൊരുറപ്പ് ക്രിസ്തീയ വിശ്വാസികളിൽ നിന്നുമാത്രമേ നിങ്ങൾ ചാനലുകളിലെ നിശാവാണിഭക്കാർ പ്രതീക്ഷിക്കേണ്ടതുള്ളൂ.

ക്രിസ്തീയ ജീവിതം സാക്ഷ്യം ആവശ്യപ്പെടുന്ന ഒരു ജീവിതശൈലിയാണ്. അതിൽ കലഹവും പ്രതിഷേധവും ഇല്ല. അതുകൊണ്ടുതന്നെയാണ് മാധ്യമ അതിക്രമങ്ങൾക്കെതിരെ പ്രതിശബ്ദം ഉയരാത്തത്. അത്തരത്തിൽ ഉയരാത്ത ശബ്ദങ്ങൾക്കുവേണ്ടിയുള്ള ശബ്ദമാണ് ഈ വർത്തമാനം.

ദൃശ്യമാധ്യമങ്ങളിലെ പ്രത്യേകിച്ച് വാർത്താ ചാനലുകളിലെ രാത്രികളെ ധന്യമാക്കുന്ന അന്തിച്ചർച്ചകൾക്ക് നിങ്ങൾ തെരഞ്ഞെടുക്കുന്ന വിഷയങ്ങളിൽ കത്തോലിക്കാസഭയിലെ സന്യാസ ജീവിതത്തിന് പ്രത്യേക പരിഗണന നൽകി കാണുന്നതിൽ ഏറെ സന്തോഷവും അതിലേറെ വിഷമവുമുണ്ട്. അതിൽ സന്തോഷത്തിന് കാരണം മറ്റുപലരേയും അവഹേളനത്തിൽ നിന്ന് ഒഴിവാക്കുന്നതിലും ദുഃഖം കത്തോലിക്കാ സഭയിലെ വിരലിലെണ്ണാവുന്ന ചില ജീവിത പരാജയങ്ങളെ സഭാ അവഹേളനത്തിന് വിഷയമാക്കുന്നതിലുമാണ്. ഏതെങ്കിലും ചാനലുകളിൽ എന്നെങ്കിലും നിങ്ങൾ ആരുടെയെങ്കിലും നന്മയോ ജീവിത വിജയങ്ങളോ അന്തിചർച്ചയ്ക്ക് വിഷയമാക്കിയിട്ടുണ്ടോ. ഇല്ല. കാരണം അന്തിചർച്ചകൾ തിന്മകൾക്കുള്ളതാണ്. എന്തിനോടും ഒരു നെഗറ്റീവ് അപ്രോച്ച്. കാരണം, അത്തരം ചർച്ചകൾക്ക് പ്രേഷകരും സ്പോൺസർമാരുമുണ്ടാകും. എന്നാൽ അന്തി ചർച്ചകളിലൂടെ ക്രൈസ്തവ വിശ്വാസത്തെ ചോദ്യം ചെയ്ത് സഭയെ അവഹേളിക്കാമെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടെങ്കിൽ നിങ്ങൾക്ക് തെറ്റിപ്പോയി. കാരണം. ക്രൈസ്തവ വിശ്വാസവും ക്രൈസ്തവ സന്യാസവും ഒരു ജീവിതശൈലിയാണ്. ആ ജീവിത ശൈലിക്ക് ഒരു ലക്ഷ്യമുണ്ട്. ആ ലക്ഷ്യത്തിലേക്ക് ഒരു മാർഗവുമുണ്ട്. ആ മാർഗമാണ് ലോകരക്ഷകനായ ക്രിസ്തു.

ക്രിസ്തുമാർഗത്തിലൂടെ ആ ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ ത്യാഗോജ്ജ്വലമായ ജീവിത സമർപ്പണത്തിന്റെ സാക്ഷ്യമാണ് ക്രൈസ്തവ സന്യാസം. ആ സാക്ഷ്യത്തിനുവേണ്ടി ക്രിസ്തുവിനെ പ്രതി ഉടലും ഉന്മാദവും സ്വത്വവും നഷ്ടപ്പെടുത്തിക്കൊണ്ട് ശൂന്യതയിലേക്കുള്ള യാത്രയാണ് ക്രൈസ്തവ സന്യാസ ജീവിതം. അത്തരം ഒരു ജീവിതക്രമത്തിന് തയ്യാറാണെന്ന പ്രഖ്യാപനമാണ് ഓരോ വൈദികനും സന്യസ്തരും അണിയുന്ന സഭാവസ്ത്രം. എന്നാൽ ശൂന്യതയിലേക്കുള്ള പ്രയാണത്തിനിടയിൽ ഭൗതിക പ്രലോഭനങ്ങളിൽപ്പെട്ട് സഭവസ്ത്രത്തിനുള്ളിൽ കിടന്ന് വീർപ്പുമുട്ടുന്ന ചില ജന്മങ്ങളുണ്ട്. അവരാണ് ക്രൈസ്തവ സന്യാസത്തിന്റെ ആവൃതിക്ക് കോട്ടമുണ്ടെന്ന് വിലപിക്കുന്നത്. അങ്ങനെ വിരലിലെണ്ണാൻ പോലുമില്ലാത്ത ചിലരാണ് ഇന്ന് ദൃശ്യമാധ്യമങ്ങളിലെ അന്തിച്ചർച്ചക്കാരുടെ പിന്തുണയോടെ കത്തോലിക്കാ സഭയ്ക്കായി പുതിയ ചട്ടക്കൂടുണ്ടാകണമെന്ന് വാദിക്കുന്നത്.

ഇത്തരത്തിൽ ലോകമാകമാനമുള്ള 131 കോടി കത്തോലിക്കരെ അവഹേളിച്ചുകളയാമെന്ന് ഏതാനും ചില ചാനലുകളിലെ അധരവ്യായാമക്കാരും സഭാവിരോദികളും ചേർന്ന് വിചാരിക്കുന്നുണ്ടെങ്കിൽ അത് നാട്ടുഭാഷയിൽ പറഞ്ഞാൽ അത്തരക്കാർ 'തുത്തുകുണിക്കിപക്ഷി'യുടെ ലോകത്താണ്. അന്തിച്ചർച്ചക്കാർ ഒരു കാര്യംകൂടി മനസ്സിലാക്കിയിരിക്കുന്നത് നല്ലതാണ്. അല്ല, നിങ്ങൾക്കത് മനസ്സിലാക്കാനാവില്ല. കാരണം. അതു മനസ്സിലാകണമെങ്കിൽ ദൈവികതയുടെ, നന്മയുടെ സ്പർശമുള്ള ഒരു മനസ്സുണ്ടാകണം. അതു നിങ്ങൾക്കില്ലല്ലോ. എങ്കിലും കേട്ടോളു ലോകമാകമാനമുള്ള 1310 ലക്ഷം കത്തോലിക്കരിൽ 4,15,000 വൈദികരും 11,41,000 സന്യാസിനികളും മാത്രമേയുള്ളൂ. എന്തുകൊണ്ടാണിത്ര കുറവെന്നല്ലേ. ആ കുറവാണ് ത്യാഗോജ്ജ്വലമായ ക്രൈസ്തവ സന്യാസ ജീവിതത്തിന്റെ നിറവ്. ക്രൈസ്തവ സന്യാസ ജീവിതം ഒരു ദൈവവിളിയാണ്. ആ വിളിക്ക് കാതോർക്കുന്നവർക്കേ ആ ജീവിതാന്തസിൽ പ്രവേശിക്കാനാവൂ. ആ തിരിച്ചറിവിൽ, ആ നിറവിൽ പടുമുളകൾക്ക് സ്ഥാനമില്ല. അത്തരം പടുമുളകളെ അരിയിൽ നിന്നും പേട്ടരികളെ പെറുക്കികളയുന്നതുപോലെ പെറുക്കിക്കളയാൻ ഞങ്ങൾക്കറിയാം. പക്ഷേ ക്ഷമിക്കാനാണ് ഞങ്ങൾക്കിഷ്ടം. ആയതിന്, അന്തിച്ചർച്ചക്കാരുടെ കൂട്ട് ഞങ്ങൾക്കു വേണ്ട. ■

**ക്രിസ്തുമാർഗത്തിലൂടെയുള്ള യാത്രയിൽ ത്യാഗോജ്ജ്വലമായ ജീവിത സമർപ്പണത്തിന്റെ സാക്ഷ്യമാണ് ക്രൈസ്തവ സന്യാസം. ആ സാക്ഷ്യത്തിനുവേണ്ടി ക്രിസ്തുവിനെ പ്രതി ഉടലും ഉന്മാദവും സ്വത്വവും നഷ്ടപ്പെടുത്തിക്കൊണ്ട് ശൂന്യതയിലേക്കുള്ള യാത്രയാണ് ക്രൈസ്തവ സന്യാസ ജീവിതം. അത്തരം ഒരു ജീവിതക്രമത്തിന് തയ്യാറാണെന്ന പ്രഖ്യാപനമാണ് ഓരോ വൈദികനും സന്യസ്തരും അണിയുന്ന സഭാവസ്ത്രം.**

തിരുവനന്തപുരം ലത്തീൻ അതിരൂപതാ ബി.സി.സി. കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്ന ഹോം മിഷനിൽ പങ്കാളികളാകുന്നവർ തങ്ങളുടെ അനുഭവം വായനക്കാർക്കായി പങ്കുവയ്ക്കുന്നു



സി. മേരി ജെസീന്ത സി.സി.ആർ.

# സമർപ്പിത ജീവിതത്തിലൂടെ ഒരു ദൗത്യം കൂടി - ഹോം മിഷൻ

ഹോം മിഷൻ ഒരു പുത്തൻ അനുഭവമായി തോന്നി. കാരണം 1994 മുതൽ ദൈവ ജനവുമായി എനിക്ക് കൂടുതൽ അടുത്ത ബന്ധമുണ്ട്. എന്റെ നിത്യവ്രത വാഗ്ദാനം കഴിഞ്ഞതുമുതൽ എന്റെ സഭയിൽ നിന്ന് എനിക്ക് കിട്ടിയ ദൗത്യം പ്രേഷിത പ്രവർത്തനമാണ്. അതും അഞ്ചുതെങ്ങ് ഇടവകയിൽ. അന്നത്തെ കാലത്തിനനുസരിച്ച് ശുശ്രൂഷ ചെയ്ത് അവിടുത്തെ കുടുംബാംഗങ്ങളുമായി കൂടുതൽ അറിയുവാനും കേൾക്കുവാനും അവരെ അനുഭവിക്കുവാനും മനസിലാക്കുവാനും ആശ്വസിപ്പിക്കാനും എനിക്ക് സാധിച്ചതിൽ ഞാൻ സംതൃപ്തയാണ്. അവർക്ക് എന്റെ സാന്നിധ്യം വളരെയേറെ സന്തോഷകരമായിരുന്നു. എന്റെ സമർപ്പിത ജീവിതത്തിലൂടെ ഞാനും സംതൃപ്തി കണ്ടെത്തി. അങ്ങനെ സഭയിലും സമൂഹത്തിലും ഉപ്പായി മാറുന്ന അനുഭവം എനിക്ക് തോന്നി.

കാലക്രമേണ സ്ഥലമാറ്റം കിട്ടിപ്പോയ രൂപതയിലും കുടുംബാംഗങ്ങളുടെ ആത്മീയ കാര്യത്തിൽ കൂടുതൽ ശ്രദ്ധപകരാൻ എന്റെ ജീവിതം ഞാനൊരു ഉപകരണമാക്കി. തിരുവനന്തപുരം രൂപതയിൽ നിന്നും കിട്ടിയ ഹ്രസ്വകാല ക്ലാസുകൾ മറ്റ് സ്ഥലങ്ങളിലും പ്രയോജനകരമായി. സ്ഥാപനങ്ങളും സ്കൂളുകളുമില്ലാത്ത മഠത്തിലായിരുന്നു ഞാൻ കൂടുതൽ കാലം ചെലവഴിച്ചത്. സഭയുടെ കാരിസം വിദ്യാഭ്യാസത്തിലൂടെ ജനങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലുക ഇടവകയിലെ അജപാലന പ്രവർത്തനങ്ങളുടെ ഭാഗമാകുക എന്നിവയാണ്. ഓരോ വർഷം പിന്നിടുമ്പോഴും ഞാൻ എന്നെതന്നെ വിലയിരുത്താൻ തുടങ്ങി. ഞാൻ ഇവിടെ എന്തു ചെയ്തു എന്ന് സ്വയം ചോദിക്കാൻ തുടങ്ങി. മേഴ്സിയർ എന്ന കർദിനാളിന് ഈശോ ഒരിക്കൽ ഇപ്രകാരം വെളിപ്പെടുത്തുകയുണ്ടായി ലോകത്തിൽ ചുറ്റിനടന്ന് നന്മചെയ്യാൻ നിങ്ങളുടെതല്ലാതെ എനിക്ക് വേറെ കരങ്ങളോ പാദങ്ങളോ ഇല്ല. ലോകത്തെ സ്നേഹിക്കുവാൻ നിങ്ങളുടെതല്ലാതെ വേറെ ഹൃദയമില്ല. ലോകത്തിന്റെ ആവശ്യങ്ങൾ നോക്കികാണാൻ നിങ്ങളുടെതല്ലാതെ വേറെ കണ്ണുകളില്ല. (you cat) ക്രിസ്തുവിന് ഇന്നും തന്റെ ജോലി ചെയ്യാൻ നമ്മുടെതല്ലാതെ വേറെ കൈകളില്ല. ഈ തിരിച്ചറിവിൽ ഞാൻ കർത്താവിന്റെ കണ്ണ്, ഹൃദയം, ചെവി, കരചരണങ്ങളുമൊക്കെ ആയിത്തീരാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

ഭവന സന്ദർശനവേളയിൽ അവരുടെ ദുഖവാർത്തയെ സദ്വാർത്തയാക്കുമ്പോഴാണ് അവർക്ക് സന്തോഷവും സമാധാനവും സംതൃപ്തിയും ലഭിക്കുന്നതും അവരുടെ ജീവിതത്തിൽ ആത്മീയ ഉണർവ്വ് വരുന്നതെന്നും ഞാൻ തിരിച്ചറിഞ്ഞു. എന്നെ ഈ അവസ്ഥയിലേയ്ക്ക് ചലിപ്പിച്ചത് തിരുവനന്തപുരം അതിരൂപതയിൽ നടന്നുകൊണ്ടിരിക്കുന്ന ഹോംമിഷനാണ്. ഇതിന് ചുക്കാൻ പിടിക്കുന്ന രൂപതാ മെത്രാന്മാരും ഫാ. മൈക്കിൾ തോമസും, ഫാ.സുരേഷ് പയസും അവരുടെ അക്ഷീണ പ്രവർത്തനങ്ങളിലൂടെ ഞങ്ങൾക്ക് വേണ്ടുന്ന നിർദ്ദേശങ്ങളും ഉപദേശങ്ങളും ആത്മീയ ഉണർവ്വും ആത്മ സംതൃപ്തിയും നൽകുന്നു. അങ്ങനെ എന്റെ അനുഭവത്തിൽ ഭവന സന്ദർശനത്തിൽ ഞാൻ നൽകുന്ന ആത്മീയ ഉണർവ്വിലൂടെ എന്നെ കൂടുതലായി സ്പർശിച്ചത് കുമ്പസാരം എന്ന കൂദാശ സ്വീകരിക്കുവാൻ കുടുംബാംഗങ്ങൾ കാണിക്കുന്ന തീഷ്ണതയാണ്. ദൈവാലയവുമായിട്ടുള്ള ബന്ധം മെച്ചപ്പെടുത്തുവാൻ അവർക്ക് കൊടുത്ത നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതായി കാണാൻ കഴിഞ്ഞു. ഞങ്ങൾ സന്ദർശിച്ച കുടുംബങ്ങളുമായി ആഴമായ ബന്ധം പുലർത്തുവാനും സാധിക്കുന്നു. ഓരോ ഇടവകയിൽ നിന്നും പിരിയുമ്പോഴും എന്റെ സ്വന്തമെന്നപോലെ മനസ്സിൽ ഒരുവിങ്ങൽ. ഈ അനുഭവം എന്റെ നിരന്തരമായ പ്രാർത്ഥനയിൽ ഞാൻ കണ്ടുമുട്ടിയ എല്ലാ കുടുംബങ്ങളെയും വ്യക്തികളെയും ദൈവസന്നിധിയിൽ സമർപ്പിക്കുന്നതിൽ എന്നെ പ്രാപ്തയാക്കുന്നു. ■

# ഹോം മിഷൻ എന്റെ ഇടവകയിൽ



**അരുൺ ആന്റണി**

എന്റെ ഇടവകയെ പരിചയപ്പെടുത്തിക്കൊണ്ട് തുടങ്ങട്ടെ! അതിരൂപതയുടെ കിഴക്കേ അറ്റത്ത് പേരൂർക്കടയിൽ സ്ഥിതിചെയ്യുന്ന സെന്റ് ജൂഡിന്റെ നാമധേയത്തിലുള്ള ദേവാലയമാണിത്. 270 കുടുംബങ്ങൾ മാത്രമുള്ള സഭയുടെ ഒരു ചെറിയ പതിപ്പ്! ഈ നാട്ടിലെ കുടുംബങ്ങൾ വിവിധ ഭാഗങ്ങളിൽ നിന്ന് അനന്തപുരിയുടെ മണ്ണിലേക്ക് തൊഴിലുമായി ബന്ധപ്പെട്ട് എത്തപ്പെട്ടവരാണ്. 2011 ൽ അഭിവന്ദ്യ സൂസപാക്യം മെത്രാപ്പൊലീത്തയുടെ മുഖ്യകാർമികത്വത്തിലാണ് പുതിയ ദേവാലയത്തിന്റെ ആശീർവാദകർമം നടന്നത്.

'ഹോം മിഷൻ' എന്ന വാക്ക് ആദ്യമായി കേൾക്കുന്നത് ഫാ. മൈക്കിൾ തോമസ് ദേവാലയത്തിലെത്തി ഇതിനെക്കുറിച്ച് വിവരിക്കുമ്പോഴാണ്. 24 സിസ്റ്റേഴ്സ് ഞങ്ങളുടെ ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിക്കാൻ വരുന്നുണ്ട് എന്ന് മനസ്സിലായി. തുടർന്ന് നടന്ന ബിസിസി ലീഡേഴ്സിന്റെ യോഗത്തിൽ ഇതിനെ കോർഡിനേറ്റ് ചെയ്യാൻ എന്നെ തെരഞ്ഞെടുത്തു. വളരെ സന്തോഷത്തോടുകൂടി ഞാനാ കർത്തവ്യം ഏറ്റെടുത്തു. എങ്കിലും ആശങ്കകൾ ഉള്ളിലുണ്ടായിരുന്നു. നഗരമധ്യത്തിലുള്ള ഇടവക! മിക്കവാറും ജോലിക്കാർ! തിരക്കേറിയ ജീവിതചര്യയുള്ളവർ! എന്നാൽ എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് ജോലിക്ക് പോകുന്നവർ വരെ അന്നേദിവസം അവധിയെടുത്ത് സിസ്റ്റേഴ്സിന്റെ വരവിനായി കാത്തിരുന്നു. ഈ ഹോംമിഷൻ ഒരു ദൈവനിയോഗമായിരുന്നുവെന്ന് എനിക്ക് മനസ്സിലായി.

ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനെ തങ്ങളുടെ ഭവനങ്ങളിലേക്ക് സ്വീകരിച്ച് താമസസൗകര്യം ഒരുക്കിയ 12 ഭവനങ്ങളും അവർക്ക് ഭക്ഷണം നൽകിയവരും, വാഹന സൗകര്യം ഒരുക്കിയവരും അവരവരുടെ ദൗത്യം നിറവേറ്റിയത് ഈ ഹോംമിഷൻ ഇടവക ജനങ്ങൾ ഏറ്റെടുത്തു എന്നതിന്റെ ഉത്തമ ഉദാഹരണമാണ്. ഭവന സന്ദർശന ക്രമീകരണങ്ങളും താമസ ക്രമീകരണങ്ങളും എല്ലാം നല്ലതായിരുന്നു എന്ന് ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് അറിയിച്ചപ്പോൾ എന്തെന്നില്ലാത്ത ആഹ്ലാദമാണ് തോന്നിയത്.

ഹോം മിഷനിലൂടെ കുടുംബ പ്രാർത്ഥന ഇല്ലാത്ത ഭവനങ്ങൾ, പ്രശ്നങ്ങൾ ബാധിച്ച വീടുകൾ, ദൈവത്തെ മറന്ന് ജീവിക്കുന്നവർ, കൃത്യമായി കുർബാനയ്ക്ക് എത്താത്തവർ, കൂദാശകൾ സ്വീകരിക്കാത്തവർ തുടങ്ങിയുള്ള ഭവനങ്ങളെ വേർതിരിച്ച് കണ്ടെത്താൻ സിസ്റ്റേഴ്സിന് കഴിയുമെന്ന് ഹോം മിഷനിലൂടെ മനസ്സിലായി. സിസ്റ്റേഴ്സ് കുടുംബങ്ങളിലെ അംഗങ്ങളോടൊപ്പം ഇരുന്ന് സംസാരിക്കുകയും പ്രാർഥിക്കുകയും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദേശിക്കുകയും ചെയ്തുകൊണ്ട് അവരിൽ ഒരാളായി മണിക്കൂറുകൾ അവരോടൊപ്പം ചെലവിടുകയും ചെയ്തത് പല കുടുംബങ്ങൾക്കും ആദ്യ അനുഭവവും ഒരു പുത്തൻ ഉണർവും ആയിരുന്നു. ഇതിൽ തന്നെ ഹൃദയസ്പർശിയായത് വളരെ പ്രായം ചെന്ന് ഒരു കുടുംബനാഥൻ എന്റെ കരങ്ങൾ പിടിച്ചുകൊണ്ട് പറഞ്ഞു, "വർഷങ്ങൾക്കുശേഷം വിദേശത്തുള്ള തന്റെ മകൾ ഭവനത്തിൽ വന്ന ഒരു അനുഭവമായിരുന്നു." സ്നേഹാർദ്ര ഹൃദയമുള്ള സിസ്റ്റേഴ്സിനെ തങ്ങളുടെ മക്കളായി സ്വീകരിച്ച് അവരോട് മനസ്സുതുറന്ന് സംസാരിച്ചപ്പോഴുണ്ടായ സന്തോഷത്തിന്റെ അനുഭവമാണ് അദ്ദേഹം പങ്കുവച്ചത്.

ഏകദേശം രണ്ടുമണിക്കൂറാണ് ഒരു കുടുംബത്തിന് അനുവദിച്ചിരുന്നത് എങ്കിലും മിക്കപ്പോഴും ഇത് 4 മുതൽ 5 മണിക്കൂർവരെ നീണ്ടു എന്നതിൽ നിന്ന് ജനങ്ങൾ ഇതുപോലെയുള്ള ഒരു സംരംഭം എത്രമാത്രം ആഗ്രഹിച്ചിരുന്നു എന്നതിന് തെളിവാണ്. മനസ്സിലാക്കുവാൻ സാധിച്ചു. മിക്കവീടുകളും ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് സന്ദർശിച്ചു. സന്ദർശിച്ച ഭവനങ്ങളിലെ പ്രശ്നങ്ങൾ അവർ പഠിക്കുകമാത്രമല്ല, പരിഹാര മാർഗം നിർദേശിച്ചുകൊണ്ടുള്ള സമഗ്രമായ റിപ്പോർട്ട് ഇടവകയ്ക്ക് കൈമാറുകയും ചെയ്തു. വർഷങ്ങളായി കുടുംബപ്രാർഥന യില്ലാതിരുന്ന പല ഭവനങ്ങളിലും ഇപ്പോൾ എന്നും പ്രാർഥന നടക്കുന്നതായി കാണുമ്പോൾ ഹോംമിഷൻ മുഖേന ഉണ്ടായ മാറ്റങ്ങൾ എത്ര വലുതാണെന്ന് പറയേണ്ടതില്ലല്ലോ.

ചുരുക്കത്തിൽ ഹോംമിഷൻ നമുക്ക് നേരെ പിടിച്ചിരിക്കുന്ന ഒരു കണ്ണാടിയാണ്. നമ്മുടെ ന്യൂനതകളും ശക്തിയും എന്തെന്ന് നമ്മെ മനസ്സിലാക്കിത്തരുന്ന ഒരു കണ്ണാടി. ഈ കണ്ണാടിയിലൂടെ നമ്മുടെ തന്നെ ജീവിതത്തിലേക്ക് ഒരു തിരിഞ്ഞുനോട്ടമാണ് നാം നടത്തേണ്ടത്. ജീവിതത്തിൽ നമുക്കുണ്ടായ വീഴ്ചകൾ മറ്റുള്ളവരെ തിരസ്കരിച്ചപ്പോൾ അവർക്കുണ്ടായ വേദന, നമ്മുടെ സ്വാർത്ഥ താല്പര്യങ്ങൾ മൂലം കുടുംബ ബന്ധങ്ങളിൽ ഉണ്ടായ പാളിച്ചകൾ ഇതൊക്കെയാണ് നാം വിലയിരുത്തേണ്ടത്. നമ്മുടെ തെറ്റുകളിൽ നിന്ന് ശരികളിലേക്കുള്ള ഒരു പാത, അതാണ് നാം നിർമിക്കേണ്ടത്.

ഹോം മിഷൻ ഒരിക്കലും അവസാനിക്കുന്നില്ല. ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് ഉത്ഥിതനായ യേശുവിനെയാണ് ദീപമായ് നമ്മുടെ ഭവനങ്ങളിൽ എത്തിക്കുന്നത്. ദിവ്യകാരുണ്യ ആരാധനയിലൂടെ നേടിയ ആ പ്രകാശനാളം കെടാതെ വീണ്ടും ഊർജ്ജസ്വലമായി തെളിച്ചു നിർത്തുവാനുള്ള ഇന്ധനം നൽകേണ്ടത് ഇടവകയിലെ തെരഞ്ഞെടുക്കപ്പെട്ടവരും ജനങ്ങളുമാണ്. ആ ദീപം എന്നുവരെ പ്രകാശിച്ചു നിൽക്കുന്നുവോ അതുവരെ മിഷൻ തുടരും. ■




## പേപ്പൽ പര്യടനം ഇനിയും വൈകും: കാരണം 'അജ്ഞാതം' – വിദേശകാര്യ മന്ത്രി

ന്യൂഡൽഹി: ഫ്രാൻസിസ് പാപ്പയുടെ ഭാരത പര്യടനം ഇനിയും വൈകുമെന്ന സൂചന നൽകി കേന്ദ്ര വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ. രണ്ടാം എൻ.ഡി.എ സർക്കാരിന്റെ 100 ദിവസത്തെ നേട്ടങ്ങൾ വിശദീകരിക്കാൻ വിളിച്ചുചേർത്ത പത്രസമ്മേളനത്തിൽ, പാപ്പയുടെ ഭാരത പര്യടനം ഉടനെ സാധ്യമാകുമോ എന്ന ചോദ്യത്തോട് പ്രതികരിക്കുകയായിരുന്നു മന്ത്രി.

'സത്യസന്ധമായി എനിക്കറിയില്ല,' എന്നു മാത്രമായിരുന്നു മന്ത്രി ജയശങ്കറുടെ മറുപടി. പിന്നീട് ചായസത്കാരത്തിനിടയിലും മന്ത്രി ഇതു തന്നെ ആവർത്തിച്ചെന്നാണ് റിപ്പോർട്ടുകൾ. പേപ്പൽ പര്യടനം വൈകാനുള്ള കാരണം 'അജ്ഞാത'മെന്ന് മന്ത്രി ചൂണ്ടിക്കാട്ടുമ്പോഴും യഥാർത്ഥ കാരണം ബി.ജെ.പി സർക്കാരിന്റെ ക്രൈസ്തവ ന്യൂനപക്ഷ വിരുദ്ധ നിലപാടുകളാണെന്ന വിലയിരുത്തലുകളും സജീവമാണ്.

ഒന്നാം മോദി സർക്കാരിന്റെ കാലത്ത് പാപ്പയുടെ ഇന്ത്യ സന്ദർശനം സംബന്ധിച്ച ഔദ്യോഗിക ചർച്ച നടന്നപ്പോൾ ഇതേ ജയശങ്കറായിരുന്നു ഇന്ത്യയുടെ വിദേശകാര്യ സെക്രട്ടറി. തിരക്കുകൾമൂലം പാപ്പയുടെയും മോദിയുടെയും ദിനങ്ങൾ ക്രമീകരിക്കാനാവുന്നില്ല എന്നായിരുന്നു അക്കാലത്ത് ചൂണ്ടിക്കാട്ടിയിരുന്ന തടസം. എന്നാൽ സത്യത്തിൽ അതായിരുന്നില്ല തടസമെന്ന് വ്യക്തമാക്കുന്നതാണ് മന്ത്രിയുടെ ഇപ്പോഴത്തെ മറുപടി.

ഭാരതം സന്ദർശിക്കാൻ ആഗ്രഹിക്കുന്നുവെന്ന് പാപ്പ പലതവണ പരസ്യമായി വ്യക്തമാക്കിയിട്ടുണ്ട്. മ്യാൻമർ, ബംഗ്ലാദേശ് സന്ദർശനം കഴിഞ്ഞു മടങ്ങവേ പ്രത്യേക വിമാനത്തിൽ നടത്തിയ പത്രസമ്മേളനത്തിലും പാപ്പ ആഗ്രഹം പരസ്യപ്പെടുത്തിയിരുന്നു.

# കെസിവൈഎം സെനറ്റ്: പ്രതിഭകളെ ആദരിച്ചു

തിരുവനന്തപുരം: നേതൃത്വരംഗത്ത് യുവജനങ്ങൾ നേരിടുന്ന പ്രതിസന്ധികൾക്ക് പരിഹാരമാണ് കെസിവൈഎം തിരുവനന്തപുരം ലത്തീൻ അതിരൂപതാ സമിതി നടത്തുന്ന 'ലാംബ്' പോലുള്ള പരിശീലന പരിപാടികൾ എന്ന് സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് പറഞ്ഞു. നേതൃത്വ രംഗത്ത് എത്തുന്ന യുവജനങ്ങൾക്ക് പരിശീലനം ആവശ്യമാണെന്നും ശരിയായ പരിശീലനം ലഭിച്ചവർക്കേ പ്രവർത്തനരംഗത്ത് മികവ് തെളിയിക്കാനാകൂവെന്നും ബിഷപ്പ് പറഞ്ഞു.

കെസിവൈഎം തിരുവനന്തപുരം അതിരൂപതാ സമിതിയുടെ അർധവാർഷിക സെനറ്റ് സമ്മേളനത്തിൽ വച്ച് ലാംബ് കോഴ്സ് പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം ചെയ്തുസംസാരിക്കുകയായിരുന്നു ബിഷപ്പ് ക്രിസ്തുദാസ്. സെനറ്റ് സമ്മേളനം കെസിവൈഎം അതിരൂപതാ ഡയറക്ടർ ഫാ. ലെനിൻ ഫെർണാണ്ടസ് ഉദ്ഘാടനം ചെയ്തു. ഷൈജു റോബിൻ അധ്യക്ഷനായിരുന്നു. കെസിവൈഎം അസിസ്റ്റന്റ് ഡയറക്ടർ ഫാ. സന്തോഷ്കുമാർ, സിസ്റ്റർ ലിസ്ന, കെസിവൈഎം സംസ്ഥാന സെക്രട്ടറി സന്തോഷ് രാജ്, രൂപതാ സെക്രട്ടറി ജോൺ ബ്രിട്ടോ വാൾട്ടർ, ഇമ്മാനുവേൽ മൈക്കിൾ, ജോണി എം.എ, അനീഷ് യേശുദാസ് എന്നിവർ പ്രസംഗിച്ചു.

സംസ്ഥാന സെനറ്റ് അംഗങ്ങളായി ജോബ്, കാർത്തിക, വനിതാ സെക്രട്ടറിമാരായി സിമി ഫെർണാണ്ടസ്, സജിത എസ്.ബി, മീഡിയ കോ–ഓർഡിനേറ്ററായി അഖിൽ എന്നിവരെയും തെരഞ്ഞെടുത്തു.

കേരള സർവകലാശാലയുടെ പൊളിറ്റിക്കൽ സയൻസ് ഡിഗ്രി പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ ആര്യ. എസ്, ബി.എസ്സി ഇലക്ട്രോണിക്സ് പരീക്ഷയിൽ 3–ാം റാങ്കുനേടിയ ആർഷ ആന്റണി എന്നിവരെ ചടങ്ങിൽവച്ച് ആദരിച്ചു.




*തീരദേശ കായികമേഖലയുടെ ഉന്നമനം ലക്ഷ്യമാക്കി തിരുവനന്തപുരം ലത്തീൻ രൂപത രൂപം നൽകി നടപ്പാക്കിവരുന്ന ലിഫ ഫുട്ബോൾ അക്കാദമിയുമായി ഒഡീഷ്യാ ഗ്രൂപ്പ് ഓഫ് കമ്പനീസ് കൈകോർക്കുന്നു. ഇതിന്റെ ഭാഗമായി 2019–20 അധ്യയന വർഷത്തിലേക്ക് 265000 രൂപയുടെ ഫുട്ബോൾ കിറ്റുകൾ ഒഡീഷ്യാ സ്പോർട്സ് അഡ്വൈസർ അബ്ദുൾ റസാഖ് അന്തർദേശീയ ഫുഡ്ബോൾ താരം വി.പി.ഷാജി എന്നിവർ ചേർന്ന് ലിഫ ഡയറക്ടർ മോൺ. വിൽഫ്രഡിന് കൈമാറുന്നു*

## കഴക്കൂട്ടം ഗവൺമെന്റ് എച്ച്.എസ്.എസ്.എസ്സിൽ ഭൗമദിനം ആചരിച്ചു

തിരുവനന്തപുരം: സ്കൂൾ പരിസരം ശുചീകരിച്ചും വൃക്ഷത്തൈ നട്ടും കഴക്കൂട്ടം ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾ ഭൗമദിനം ആചരിച്ചു. തിരുവനന്തപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും, കാരിത്താസ് ഇൻഡ്യയും, എർത്ത് ഡേ നെറ്റ് വർക്കും നേതൃത്വം നൽകിയ ഭൗമദിനാചരണം പി.റ്റി.എ. പ്രസിഡന്റ് അനിൽ കുമാർ ഉദ്ഘാടനം ചെയ്തു.

റ്റി.എസ്.എസ്.എസ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. ആഷ്ലിൻ ജോസ് അധ്യക്ഷനായിരുന്നു. റ്റി.എസ്.എസ്.എസ് പരിസ്ഥിതി വിഭാഗം കോർഡിനേറ്റർ സിസ്റ്റർ ജിൻസ ജോസഫ്, സ്കൂൾ പ്രതിനിധി കുമാരി നേഹ എസ്, സ്കൂൾ പ്രിൻസിപ്പൾ കൃഷ്ണലേഖ സ്കൂൾ മാനേജിംഗ് കമ്മിറ്റി ചെയർമാൻ രാധാകൃഷ്ണൻ, കുമാരി ഗായത്രി ലൈജു തുടങ്ങിയവർ പ്രസംഗിച്ചു.



**പുല്ലുവിള ഫൊറോനയിലെ സൗത്ത് കൊല്ലംകോട് ഇടകവയിൽ കുടുംബ ശുശ്രൂഷ സമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഇരട്ടകളുടെ സംഗമത്തിൽ പങ്കെടുത്തുവർ കുടുംബശുശ്രൂഷാ അതിരൂപതാ ഡയറക്ടർ ഡോ. എ.ആർ.ജോൺ, ഇടവക വികാരി എന്നിവരോടൊപ്പം**




*കഴക്കൂട്ടം ഗവൺ. എച്ച്.എസ്.എസ്സിൽ നടന്ന ഭൗമദിനാചരണത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾ ഫാ. ആഷ്ലിൻ ജോസ്, സിസ്റ്റർ ജിൻസ ജോസഫ്, സ്കൂൾ പ്രിൻസിപ്പൾ കൃഷ്ണലേഖ, അധ്യാപകർ എന്നിവരോടൊപ്പം.*

## സ്നേഹസാന്ത്വനം പദ്ധതി ഉദ്ഘാടനം ചെയ്തു

പാളയം: സെന്റ് ജോസഫ് ഹൈസ്കൂൾ ചാപ്പലിൽ പ്രവർത്തിക്കുന്ന സെന്റ് വിൻസെന്റ് ഡി പോൾ പരിശുദ്ധ അമലോത്ഭവ മാതാ കോൺഫ്രൻസ് ക്യാൻസർ രോഗികൾക്ക് മാസംതോറും 1000 രൂപ വീതം നൽകുന്ന 'സ്നേഹ സാന്ത്വനം' ദീർഘകാലപദ്ധതി, സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂൾ മാനേജർ ഫാ.മെൽക്കൺ ഉത്ഘാടനം ചെയ്തു. കോൺഫ്രൻസ് പ്രസിഡന്റ് സ്റ്റീഫൻ അധ്യക്ഷത വഹിച്ചു. സെൻട്രൽ കൗൺസിൽ പ്രസിഡന്റ് സക്കറിയാസ് , വൈസ്പ്രസിഡന്റ് ഡയനേഷ്യസ്, സെക്രട്ടറി ജെറാർഡ് സീനിയർ വൈസ് പ്രസിഡന്റ് ഡോൺ ബോസ്കോ, ഫ്രാൻസിസ് തുടങ്ങിവർ പ്രസംഗിച്ചു.



അമലോത്ഭവ മാതാ കോൺഫ്രൻസിന്റെ 'സ്നേഹ സാന്ത്വനം' പദ്ധതിയുടെ ഉദ്ഘാടനം ഫാ. മെൽക്കൺ നിർവഹിച്ചപ്പോൾ.

# ഓഖി ദുരിതബാധിതർക്കും ക്യാൻസർ രോഗികൾക്കുമുള്ള ചികിത്സാ സഹായം വിതരണം ചെയ്തു

**തിരുവനന്തപുരം:** സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി തിരുവനന്തപുരം സെൻട്രൽ കൗൺസിലിന്റെ 47-ാം വാർഷിക സമ്മേളനം വലിയതുറ സെന്റ് ആന്റണീസ് കമ്യൂണിറ്റി ഹാളിൽ, മരിയൻ എൻജിനീയറിംഗ് കോളേജ് മാനേജർ മോൺ. ഇ. വിൽഫ്രഡ് ഉദ്ഘാടനം ചെയ്തു. പ്രാർത്ഥനയും പ്രവർത്തിയും സംയോജിപ്പിച്ചുകൊണ്ടുപോകുന്ന പ്രസ്ഥാനത്തിന് മാത്രമേ സമൂഹത്തിൽ ചലനം സൃഷ്ടിക്കാൻ സാധിക്കുകയുള്ളൂ എന്നും ഈ സംഘടനയിൽ പ്രവർത്തിക്കുന്നവർക്ക് ഉത്കൃഷ്ടമായ ജീവിത രീതിയും മൂല്യബോധത്തോടെയുള്ള പ്രവൃത്തിയും ഉണ്ടായിരിക്കണമെന്നും ഉദ്ഘാടകൻ പറഞ്ഞു. സെൻട്രൽ കൗൺസിൽ പ്രസിഡന്റ് സഖറിയാസിന്റെ അധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനത്തിൽ ആദ്ധ്യാത്മിക ഉപദേഷ്ടാവ് ഡോ. ജോർജ് ഗോമസ് അനുഗ്രഹ പ്രഭാഷണം നടത്തി. വലിയതുറ ഇടവക വികാരി ഫാ. ഡേവിഡ്സൺ, കെആർസിസി സെക്രട്ടറി അനിൽ ആന്റണി, മുൻ നാഷണൽ കൗൺസിൽ വൈസ് പ്രസിഡന്റ് ഡോ. ജെയിംസ് രാജ്, റവ. സി. അനീറ്റ കൊപ്പാണിശ്ശേരി, സി.സി. വൈസ് പ്രസിഡന്റ് ഡോൺ ബോസ്കോ, ഫ്രാൻസിസ് ചന്ദ്രൻ, ബെനഡിക്ട് രാജ്, റ്റി.ജെ.ലോറൻസ് എന്നിവർ പ്രസംഗിച്ചു. വാർഷികാഘോഷത്തിന്റെ ഭാഗമായി ഓഖി ദുരിതബാധിതരായവരുടെ കുടുംബങ്ങൾക്ക് തുടർ സഹായധനവും ക്യാൻസർ രോഗികൾക്കുള്ള ചികിത്സാ സഹായവും വിതരണം ചെയ്തു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച പേരൂർക്കട ഏരിയാ കൗൺസിൽ ഒന്നാം സ്ഥാനവും പൂന്തുറ ഏരിയാ കൗൺസിൽ രണ്ടാം സ്ഥാനവും നേടി. ബെനഡിക്ട് രാജ്, സി.മറിയാമ്മ എന്നിവർ മോൺ. ഇ. വിൽഫ്രഡിൽ നിന്നും ട്രോഫികൾ ഏറ്റുവാങ്ങി.



*സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി തിരുവനന്തപുരം സെൻട്രൽ കൗൺസിലിന്റെ 47-ാം വാർഷിക സമ്മേളനം മരിയൻ എൻജിനീയറിംഗ് കോളേജ് മാനേജർ മോൺ. ഇ. വിൽഫ്രഡ് ഉദ്ഘാടനം ചെയ്യുന്നു.*



പുല്ലുവിള സെന്റ് ജേക്കബ് ഇടവകയിൽ നടക്കുന്ന ഹോമം മിഷനിൽ പങ്കാളികളായ സമർപ്പിതർ അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ്, ഇടവക വികാരി ഡോ. ജോർജ് ഗോമസ്, ബിസിസി ഡയറക്ടർ ഡോ. മൈക്കിൾ തോമസ്, ഫാ. സുരേഷ് പയസ്, ഫാ. ടോമി, ഫാ. ജെയിംസ് എന്നിവരോടൊപ്പം

## തൊഴിലാളി ഫോറങ്ങൾ രൂപീകരിച്ചു

പാലപ്പൂർ: പാലപ്പൂർ, വിഴിഞ്ഞം, ചമ്പാവ് ഇടവകകളിൽ കെഎൽഎമ്മിന്റെ ആഭിമുഖ്യത്തിൽ വിവിധ തൊഴിലാളി ഫോറങ്ങൾ രൂപീകരിച്ചു. പാലപ്പൂർ ഇടവകയിൽ കർഷകത്തൊഴിലാളി ഫോറവും വിഴിഞ്ഞം ചമ്പാവ് ഇടവകകളിൽ തയ്യൽതൊഴിലാളി ഫോറങ്ങളുമാണ് രൂപീകരിച്ചത്. ഫോറം രൂപീകരണത്തിന് അതാത് ഇടവക വികാരിമാർ നേതൃത്വം നൽകി.

തൊഴിലാളി ഫോറങ്ങൾ, ഫോറങ്ങൾ വഴിയുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ എന്നിവയെക്കുറിച്ച് കെഎൽഎം രൂപതാ കോർഡിനേറ്റർ ക്ലാസുകളും നയിച്ചു.

# മറിയം ത്രേസ്യയുടെ വിശുദ്ധ പദവി: ഒക്ടോബർ 13ന്

വത്തിക്കാൻ സിറ്റി: ഹോളി ഫാമിലി സന്യാസിനി സമൂഹ സ്ഥാപക വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയുടെ വിശുദ്ധപദവി പ്രഖ്യാപന തിരുക്കർമങ്ങൾക്ക് മുന്നോടിയായി ഒക്ടോബർ 12ന് റോമിലെ മരിയ മജോരേ മേജർ ബസലിക്കയിൽ പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷ നടക്കും. ബസിലിക്കയിലെ പ്രാർത്ഥനയ്ക്ക് നാമകരണത്തിനു വേണ്ടിയുള്ള വത്തിക്കാൻ കോൺഗ്രിഗേഷൻ പ്രീഫെക്ട് കർദിനാൾ ആഞ്ചലോ ബേച്ചു നേതൃത്വം നൽകും. ഒക്ടോബർ 13നാണ് വിശുദ്ധപദവി പ്രഖ്യാപനം.

വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയ്ക്കൊപ്പം വാഴ്ത്തപ്പെട്ടവരായ ജോൺ ഹെൻട്രി ന്യൂമാൻ, ജുസപ്പീന വനീനി, ഡൽച്ചേ ലോപ്പസ് പോന്റസ്, മർഗരീത്ത ബേയ്സ് എന്നിവരെയും ഫ്രാൻസിസ് പാപ്പ വിശുദ്ധപദവിയിലേക്ക് ഉയർത്തും.

ഭാരതത്തിൽനിന്നുള്ള ആറാമത്തെ വിശുദ്ധയാണ് മറിയം ത്രേസ്യ. വിശുദ്ധ ഗോൺസാലോ ഗാർഷ്യ, വിശുദ്ധ അൽഫോൻസ, വിശുദ്ധ കുര്യാക്കോസ് ചാവറ ഏലിയാസ്, വിശുദ്ധ എവുപ്രാസ്യ, കൊൽക്കത്തയിലെ വിശുദ്ധ തെരേസ എന്നിവരാണ് മറ്റ് അഞ്ചുപേർ.

## അസാധാരണ മിഷൻ മാസാചരണത്തിന് ഒക്ടോ. 1 ന് തുടക്കം

വത്തിക്കാൻ സിറ്റി: ആഗോള കത്തോലിക്കാസഭയിൽ ഇത്തവണ അസാധാരണ, അതിവിശേഷ ഒക്ടോബർ! മിഷനറി പ്രവർത്തനങ്ങൾക്ക് പുത്തൻ ഊർജം പകരാൻ ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച അസാധാരണ മിഷൻ മാസാചരണം, വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുനാൾ ദിനമായ ഒക്ടോബർ ഒന്നിന് ആരംഭിക്കും.

ഒക്ടോബർ ഒന്ന് വൈകിട്ട് 6.00ന് ഫ്രാൻസിസ് പാപ്പ അർപ്പിക്കുന്ന സായാഹ്ന പ്രാർത്ഥനയോടെയാണ് അസാധാരണ മിഷൻ മാസത്തിന് ആരംഭം കുറിക്കുന്നത്. തുടർന്ന് വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്ന എട്ടു മിഷനറിമാർ അനുഭവങ്ങൾ പങ്കുവെക്കുകയും പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും ചെയ്യും. തുടർന്ന് നടത്തുന്ന കുരിശിന്റെ വഴിയിൽ പാപ്പയും അവർക്കൊപ്പം പങ്കെടുക്കും.

പ്രേഷിതദൗത്യത്തെക്കുറിച്ച് ബനഡിക്ട് 15മൻ പാപ്പ 1919ൽ പുറപ്പെടുവിച്ച 'മാക്സിമൂം ഇല്ലൂദ്' (ഏറ്റവും വലിയ ആ കാര്യം) എന്ന ചാക്രികലേഖനത്തിന്റെ ശതാബ്ദിയോടനുബന്ധിച്ചാണ് അസാധാരണ മിഷൻ മാസാചരണം സംഘടിക്കപ്പെടുക. 'ജ്ഞാനസ്നാനപ്പെട്ട് അയക്കപ്പെട്ടവർ: പ്രേഷിതദൗത്യവുമായി ക്രിസ്തുവിന്റെസഭ ലോകത്തിൽ' എന്ന ആപ്തവാക്യവുമായി സംഘടിക്കപ്പെടുന്ന അസാധാരണ മിഷൻ മാസാചരണം അസാധാരണമാക്കാൻ വിപുലമായ കർമപരിപാടികളാണ് പ്രാദേശിക സഭകളുടെ നേതൃത്വത്തിൽ ലോകമെമ്പാടും ഒരുങ്ങുന്നത്.



*പുല്ലുവിള ഫൊറോന വിദ്യാഭ്യാസ ശുശ്രൂഷാ സമിതിയുടെ ആഭിമുഖ്യത്തിൽ ഫൊറോനയിലെ അധ്യാപകർക്കായി കൊച്ചുപള്ളി മഡോണ ഹാളിൽവച്ച് സംഘടിപ്പിച്ച പരിശീലന പരിപാടി ഫൊറാനാ വിദ്യാഭ്യാസ കോർഡിനേറ്റർ ഫാ. ഫ്രെഡി സോളമൻ ഉദ്ഘാടനം ചെയ്യുന്നു. വിദ്യാഭ്യാസ മുന്നേറ്റത്തിലൂടെ വികസിത സമൂഹമെന്ന കെആർഎൽസിസിയുടെ ആഹ്വാനം ഉൾക്കൊണ്ടാണ് വിദ്യാർഥി കേന്ദ്രീകൃത ബദൽ സമഗ്ര വിദ്യാഭ്യാസം ലക്ഷ്യംവച്ച് പരിശീലന പരിപാടി സംഘടിപ്പിച്ചത്.*



*പുല്ലുവിള ഫൊറോന മതബോധന സമിതിയുടെ ആഭിമുഖ്യത്തിൽ മതബോധന വിദ്യാർഥികൾക്കായി സംഘടിപ്പിച്ച പരിശീലന പരിപാടി ഫൊറാനാ മതബോധന സമിതി കോർഡിനേറ്റർ ഫാ. ശാന്തപ്പൻ ഉദ്ഘാടനം ചെയ്യുന്നു.*

# വിധവാ സംഗമം സംഘടിപ്പിച്ചു

പാളയം: പാളയം ഫൊറോനാ കുടുംബശുശ്രൂഷയുടെ ആഭിമുഖ്യത്തിൽ ഫൊറോനയുടെ ഇടവകകളിൽ നിന്നുള്ള വിധവകളുടെ സംഗമം പാളയത്ത് സംഘടിപ്പിച്ചു. സംഗമം ഫോറോനാ വികാരി മോൺ. നിക്കോളാസ് ഉദ്ഘാടനം ചെയ്തു.

വിധവകളോട് ക്രിസ്തു ഏറെ അനുകമ്പയും സ്നേഹവും പ്രകടിപ്പിച്ചിരുന്നുവെന്നും യേശുവിന് പ്രിയപ്പെട്ടവരെന്ന നിലയിൽ തങ്ങൾക്ക് ലഭിച്ച എല്ലാ സൗഭാഗ്യങ്ങൾക്കും ദൈവത്തിന് നന്ദി പറഞ്ഞുകൊണ്ട് ദൈവത്തിൽ ആശ്രയിച്ച് ജീവിക്കാൻ വിധവകൾക്ക് കഴിയണമെന്നും ചടങ്ങ് ഉദ്ഘാടനം ചെയ്ത മോൺ. ഡോ. നിക്കോളാസ് പറഞ്ഞു.

വിധവാ സംഗമത്തോടനുബന്ധിച്ച് ഫെറോനാതല വിധവാ ഫോറത്തിനും സംഗമം രൂപം നൽകി. വിധവകൾക്ക് സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച് ലീജ ബോധവൽക്കരണം നടത്തി. കുടുംബശുശ്രൂഷാ ഫൊറാനാ ഡയറക്ടർ ഫാ. ജോസ് ഫ്രാങ്ക്ലിൻ, സംഗമത്തിനും ഫോറം രൂപീകരണത്തിനും നേതൃത്വം നൽകി. ഫൊറോന ആനിമേറ്റർ സെബാസ്റ്റിൻ, ബനഡിക്ട, മെറീന എന്നിവർ പ്രസംഗിച്ചു.




*എസ് എച്ച് ജിയുടെ നേതൃത്വത്തിൽ പാളയത്ത് സംഘടിപ്പിച്ച ഓണം വിപണന മേള പാളയം ഇടവക സഹ വികാരി ഫാദർ. മനു ഉദ്ഘാടനം ചെയ്യുന്നു.*




*പാലപ്പൂർ ഇടവക സാമൂഹ്യ ശുശ്രൂഷാ സമിതിയുടെ ആഭിമുഖ്യത്തിൽ കെഎൽഎം സംഘടിപ്പിച്ച ഓണം വിപണന മേള ഇടവക വികാരി ഫാ. ആന്റണി സേണി ഉദ്ഘാടനം ചെയ്യുന്നു. റ്റിഎസ്എസ്എസ് റീജയണൽ ആനിമേറ്റർ തങ്കം, കെഎൽഎം ആനിമേറ്റർ പ്രതീജ എന്നിവർ മേളയ്ക്ക് നേതൃത്വം നൽകുന്നു*



*പാളയം ഫൊറാനാ കുടുംബശുശ്രൂഷാ സമിതി സംഘടിപ്പിച്ച വിധവകളുടെ സംഗമത്തിൽ പങ്കെടുത്തവർ ഫൊറാനാ കുടുംബശുശ്രൂഷാ ഡയറക്ടർ ഫാ. ജോസ് ഫ്രാങ്ക്ളിൻ ആനിമേറ്റർ സെബാസ്റ്റിൻ എന്നിവരോടൊപ്പം*



ദക്ഷിണ ഭാരതത്തിലെ
പ്രഥമവും ചരിത്ര പ്രസിദ്ധവുമായ
മാഹി സെന്റ് തെരേസാ
തീർത്ഥാടന കേന്ദ്രത്തിൽ
അത്ഭുത പ്രവർത്തകയായ
വിശുദ്ധ അമ്മത്രേസ്യായുടെ
പിതാക്കന്മാരുടെ മഹനീയ സാന്നിദ്ധ്യം
തിരുന്നാൾ
മഹോത്സവം
2019 ഒക്ടോബർ 5 മുതൽ 22 വരെ
പ്രധാന ദിനങ്ങൾ ഒക്ടോബർ 14 & 15
കുടുംബ ജീവിത
നവീകരണ ധ്യാനം
2019 സെപ്റ്റംബർ 25 മുതൽ 27 വരെ
നയിക്കുന്നത് : റവ.ഫാ. ആൻസിൽ പീറ്റർ & ടീം
2019 ഒക്ടോബർ 5 ശനി
കൊടികയറ്റം
വിശുദ്ധ അമ്മത്രേസ്യയുടെ അത്ഭുത തിരുസ്വരൂപ പ്രതിഷ്ഠ
2019 ഒക്ടോബർ 15 ചൊവ്വ
ഉരുളുനേർച്ച
അതി രാവിലെ 2 മണി മുതൽ രാവിലെ 7 മണിവരെ
റവ. ഡോ. ജെറോം ചിങ്ങന്തറ
(ഇടവക വികാരി)
റവ.ഫാ ജോസഫ് അനിൽ
(സഹ വികാരി)
റവ.ഫാ ജിതിൻ ജോൺ
(സഹ വികാരി)
ST. THERESA'S SHRINE, MAHE
Email : maheshrine@gmail.com | Web: www. mahechurch.org
www.facebook.com/Theresa Shrine
ഏവർക്കും സ്വാഗതം



# നീർച്ചാലുകൾ

## ഞായറാഴ്ച വിചിന്തനങ്ങൾ

ആണ്ടുവട്ടം 27-ാം ഞായർ (ഒക്ടോബർ 6)

**നീർച്ചാലുകൾ**

ഫാ. വിക്ടർ എവരിസ്റ്റസ് IVDei

# ഇടം കൊടുത്താൽ പോരാ, നിന്റെ ഇടയനാക്കണം...

ഹബ. 1: 2-3, 2:2-4 | 2 തിമോ. 1: 6-8, 13-14 | ലൂക്ക. 17: 5-10

യേശുവിന്റെ ജറുസലെം യാത്ര അതിന്റെ അവസാനഘട്ടത്തിലേക്ക് പ്രവേശിക്കുകയാണ്. യാത്രയിലുടനീളം യേശു ശിഷ്യരെ പല വിഷയങ്ങൾ പഠിപ്പിക്കുന്നുണ്ട്. ദുഷ്പ്രേരണ നൽകരുതെന്നും, അങ്ങനെ ചെയ്യുന്നവനെ കഴുത്തിൽ തിരികല്ലു കെട്ടി കടലിൽ എറിയപ്പെടുന്നതാണ് നല്ലത് എന്നും ഉപദേശിച്ചു (17:1-2). തുടർന്ന് ശത്രുക്കളോട് നിരുപാധികം, അളവില്ലാതെ ക്ഷമിക്കണമെന്നും പഠിപ്പിച്ചു(17:3-4). ഇതുരണ്ടും സാധാരണ മനുഷ്യർക്ക് ഏറെ പ്രയാസമുള്ള കാര്യങ്ങളാണ്. അതിന്റെ വെളിച്ചത്തിൽ, യേശുവിന്റെ പ്രബോധനങ്ങൾ പ്രാവർത്തികമാക്കാൻ വേണ്ട വിശ്വാസം തങ്ങൾക്കില്ല എന്നു ശിഷ്യന്മാർ ഏറ്റുപറഞ്ഞു തുടങ്ങുന്നതും അതിനെ തുടർന്നുള്ള യേശുവിന്റെ വിശദീകരണവുമാണ് പാഠഭാഗം (17:5-10).

വിശ്വാസം എത്ര ചെറുതാണേലും, വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തിയാൽ വലിയ അത്ഭുതങ്ങൾ സംഭവിക്കും. എന്നാൽ ഇത്തരത്തിൽ വലിയ കാര്യങ്ങൾ നിർവഹിക്കപ്പെടുമ്പോൾ, അമിതമായ അംഗീകാരമോ, പ്രതിഫലമോ പ്രതീക്ഷിക്കാൻ പാടില്ലായെന്ന്, അടിമയും ഉടമയും തമ്മിലുള്ള ബന്ധത്തെ അടിസ്ഥാനമാക്കി യേശു ചൂണ്ടിക്കാട്ടുന്നു.

അതിമനോഹരമായ ഒരു മണിമന്ദിരത്തിലായിരുന്നു അയാളുടെ വാസം. ഏകനായി ജീവിച്ചിരുന്ന ആ യുവാവ് ഒരു ദിവസം യേശുക്രിസ്തുവിനെ തന്റെ മണിമന്ദിരത്തിലേക്ക് ക്ഷണിച്ചു. യേശു ക്ഷണം സ്വീകരിച്ച് എത്തിയപ്പോൾ യുവാവ് പറഞ്ഞു. എന്റെ ഭവനത്തിൽ ധാരാളം മുറികളുണ്ട്. അവയിൽ ഏറ്റവും നല്ലതിൽ അങ്ങേയ്ക്കു താമസിക്കാം; എത്ര കാലം വേണമെങ്കിലും താമസിക്കാം.

അത്താഴത്തിനും സൗഹൃദസംഭാഷണത്തിനും ശേഷം അവർ ഉറങ്ങാൻ പോയി. രാത്രി കുറെക്കഴിഞ്ഞപ്പോൾ പിൻവാതിലിൽ ആരോ ശക്തിപൂർവ്വം മുട്ടുന്ന ശബ്ദം. യുവാവ് വേഗം എഴുന്നേറ്റു ചെന്ന് വാതിൽ തുറന്നു. അപ്പോഴതാ, ചെകുത്താന്മാർ! യുവാവ് വേഗം വാതിൽ അടയ്ക്കാൻ ശ്രമിച്ചു. പക്ഷേ, അപ്പോഴേയ്ക്കും ഒരു ചെകുത്താൻ തന്റെ കാല് അകത്തു കുത്തിക്കഴിഞ്ഞിരുന്നു. യുവാവ് വളരെ പണിപ്പെട്ട് ആ ചെകുത്താനെ തള്ളി പുറത്താക്കി വാതിലടച്ചു കുറ്റിയിട്ടു. ക്ഷീണിതനായ അയാൾ സ്വയം പറഞ്ഞു: ഇതു വിശ്വസിക്കാൻ സാധിക്കുമോ? പിശാചിന്റെ തല തകർക്കുവാൻ കഴിവുള്ളവനായ യേശു എന്റെ ഏറ്റവും നല്ല മുറിയിൽ കിടന്നുറങ്ങുന്നു. ഞാൻ പിശാചുക്കളുമായി ഏറ്റുമുട്ടുന്നു.

പിറ്റേന്ന് യേശുവിനെ കണ്ടപ്പോൾ അ



ദൈവത്തിന്റെ വിശിഷ്ടമായ ശ്വാസം ഏറ്റുവാങ്ങി മനുഷ്യന്, ദൈവത്തിനു മനുഷ്യനെപ്പറ്റിയുള്ള സ്വപ്നത്തിലാണ് വിശ്വാസം ഉണ്ടാകേണ്ടത്. അപരന്റെ പരിപാലനയിലാണല്ലോ മനുഷ്യസൃഷ്ടിയിൽ മുഴങ്ങിയ ദൗത്യവാക്യം.



യാൾ പറഞ്ഞു. കർത്താവേ എനിക്കൊന്നും മനസ്സിലാകുന്നില്ല. കഴിഞ്ഞ രാത്രിയിൽ പിശാചുക്കൾ എന്നെ എന്തു മാത്രം കഷ്ടപ്പെടുത്തി! എന്നാൽ, അപ്പൊഴൊന്നും അങ്ങെന്റെ സഹായത്തിനു വന്നില്ലല്ലോ. ഞാനാണെങ്കിൽ അങ്ങേക്ക് എന്റെ ഏറ്റവും നല്ല കിടപ്പുമുറി തന്നതല്ലേ?

യേശു നിശ്ശബ്ദനായി അയാളുടെ കണ്ണുകളിലേക്കു നോക്കുമ്പോൾ അയാൾ തുടർന്നു: അങ്ങയെ എന്റെ ഭവനത്തിലേക്കു ക്ഷണിച്ചപ്പോൾ ഞാൻ വിചാരിച്ചത് അങ്ങെന്റെ എല്ലാ കാര്യങ്ങളും നോക്കിക്കൊള്ളും എന്നാണ്. എന്നാൽ, അങ്ങനെയല്ലല്ലോ സംഭവിച്ചത്? കർത്താവേ, ഇനിയും ഞാൻ എന്താണ് ചെയ്യാനുള്ളത്?

അപ്പോൾ ആർദ്രഹൃദയനായി യേശു പറഞ്ഞു: നീ എന്നെ നിന്റെ ഭവനത്തിലേക്കു ക്ഷണിച്ചു. എന്നാൽ നീ എന്നെ നിന്റെ ഭവനത്തിന്റെ നാഥനാക്കിയില്ല. നീ എനിക്കായി നിന്റെ ഒരു കിടപ്പുമുറി തന്നു. ആ മുറി പിശാചുക്കളുടെ ശല്യത്തിൽ നിന്ന് ഞാൻ ഒഴിച്ചു നിർത്തി. എന്നാൽ, മറ്റുള്ള മുറികൾ നിന്റെ നിയന്ത്രണത്തിലായിരുന്നു. അതുകൊണ്ടാണ് പിശാചുക്കളുടെ ആക്രമണമുണ്ടായപ്പോൾ നിന്നെ സഹായിക്കാൻ എനിക്കു സാധിക്കാതിരുന്നത്.

ഒരു കിടപ്പുമുറി മാത്രം നൽകി യേശുവിനെ മറ്റു മുറികളിൽ നിന്ന് അകറ്റി നിർത്തിയ യുവാവ് തെറ്റു മനസ്സിലാക്കി. എന്നിട്ട് തന്റെ ഭവനം മുഴുവനും യേശുനാഥനു വിട്ടു കൊടുത്തു. അന്നു രാത്രിയിൽ പിശാചുക്കൾ വാതിലിൽ മുട്ടിയപ്പോൾ അവരെ ആട്ടിയോടിക്കാൻ എത്തിയത് യേശുക്രിസ്തു തന്നെയായിരുന്നു!!!

ഒരു ക്രിസ്തുശിഷ്യന്റെ പ്രഥമവും പ്രധാനവുമായ കടമ തന്നെ തന്നെ ക്രിസ്തുവിന് വിട്ടുകൊടുത്ത് അവനെ നാഥനായ് സ്വീകരിക്കുക എന്നതാണ്. യഥാർഥ വിശ്വാസമെന്നാൽ ഞാൻ എന്നെതന്നെ വിസ്മരിച്ചിട്ട് അവന്റെ കൈകളിൽ മുറുകെ പിടിക്കുന്ന അവസ്ഥ.

രണ്ടാമതായി, ക്രിസ്തു പറഞ്ഞത് കടമകളുടെ മനുഷ്യരെക്കുറിച്ചാണ്. ദിവസത്തിന്റെ എല്ലാ തിരക്കുകളുടെയുമവസാനം സായാഹ്നത്തിൽ ആത്മഗതമെന്നോണം ഒരാൾക്ക് പറയാനാകണം. ഞാൻ പ്രയോജനരഹിതനായ ദാസനാണ്; ഞാൻ എന്റെ കടമ നിറവേറ്റിയതേയുള്ളൂ എന്ന്. അവകാശങ്ങളെക്കുറിച്ചുള്ള അവബോധങ്ങളിലും അവകാശബോധന കോലാഹലങ്ങളിലും തീരെ മറന്നു പോകുന്ന വാക്കാണ് കടമ. എന്റെയും നിങ്ങളുടെയും ജീവിതം എന്ന യാഥാർത്ഥ്യം നെയ്തെടുക്കപ്പെടുന്നതെങ്ങനെയെന്ന ചോദ്യത്തിന് മനുഷ്യകുലത്തോളം പഴക്കമുണ്ട്. ക്രിസ്തുവിന്റെ ദർശനത്തിൽ, അപരനോടുള്ള കടമകളുടെ നിർവ്വഹണത്തിലൂടെയാണ് മനുഷ്യജീവിതം നിർമ്മിക്കപ്പെടുന്നത്. ഒരാൾ തന്നെതന്നെ മറ്റൊരാളുടെ ജീവിതത്തിന്റെ ഉത്തരവാദിയാക്കുകയാണ്. ഇത് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ദൗത്യവുമായി തിരിച്ചറിയേണ്ടതുണ്ട്.

വിവാഹജീവിതത്തിന്റെ അമ്പതാണ്ടു തികയ്ക്കുന്ന ദമ്പതികളോടൊപ്പം ദൈവത്തിന് കൃതജ്ഞതയർപ്പിച്ച് ദിവ്യബലിക്കുശേഷം അൽത്താരയിൽ നിന്നുമിറങ്ങിയ വൈദീകൻ ദമ്പതികളിലൊരാളോട് ചോദിക്കുകയാണ്, അമ്പതു വർഷങ്ങളിലേക്കു തിരിഞ്ഞു നോക്കുമ്പോൾ എന്താണ് നിങ്ങളിരുവരേയും ചേർത്തു നിർത്തിയതെന്ന് പറയാനാകുമോ? അമ്മ പറഞ്ഞു: അച്ചോ, ഈ അമ്പതു വർഷത്തിനിടയിൽ ഒരു നിമിഷം പോലും ഞാൻ എന്നെപ്പറ്റി ഓർത്തിട്ടില്ല. ജീവിതപങ്കാളിയെ ചൂണ്ടിക്കാണിച്ച് അവർ പറയുകയാണ്; ദാ, ഇയാളെപ്പറ്റിയാണ് ഞാൻ എന്നും എപ്പോഴും ഓർമ്മിക്കുന്നത്.

ദമ്പതികളിലൊരാൾ അപരനോട്/ അപരയോട് ഉത്തരവാദിയാകുന്നു. മാതാപിതാക്കൾ മക്കളോട്, ജനങ്ങൾ സമൂഹത്തോട്, ഭരണാധികാരികൾ ജനങ്ങളോട് അങ്ങനെയങ്ങനെ ഉത്തരവാദിത്വത്തിന്റേയും കടമയുടേയും ബന്ധങ്ങളിൽ ഒരു ജനത അതിന്റെ സംസ്കാരം രൂപീകരിച്ചിരിക്കേണ്ടതുണ്ട്. ദൗത്യനിർവ്വഹണത്തിൽ പരാജയപ്പെടുന്ന ഒരു ജനത അതർഹിക്കുന്ന വില കൊടുക്കേണ്ടി വരും. അപരന്റെ ഉത്തരവാദിത്വരാഹിത്യത്തെപ്പറ്റി മുറവിളി കൂട്ടുന്നവർ സ്വന്തം കടമ നിർവ്വഹണത്തെപ്പറ്റിയും ചിന്തിക്കേണ്ടതുണ്ട്. സ്വന്തം വീട്ടുവളപ്പിന് പുറത്തേക്ക് അഴുക്ക് വലിച്ചെറിയുന്നവൻ, ചീഞ്ഞു നാറുന്ന തെരുവ് വൃത്തിയാക്കാൻ ശുഷ്ക്കാന്തി കാണിക്കാത്ത ഭരണാധികാരികൾക്കെതിരെ വിറളി പിടിച്ചിട്ടെന്തു കാര്യം?

ഞാനെന്റെ സഹോദരന്റെ കാവൽക്കാരനാണോ എന്ന ചോദ്യം കയ്യൊഴിയലിന്റേതാണ്. ഈ രക്തത്തിൽ എനിക്കു പങ്കില്ല എന്നു പറയുന്ന പീലാത്തോസിലേയ്ക്ക് കായേലിൽ നിന്നും വലിയ ദൂരമില്ല. കായേന്റെ സന്തതി പരമ്പരകളുടെ ലോകത്ത് ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കേണമേ എന്ന പ്രാർത്ഥന എത്രയോ പ്രസക്തമാണ്. എന്തിലുള്ള വിശ്വാസമാണ് വർദ്ധിപ്പിക്കേണ്ടത്? ദൈവത്തിന്റെ വിശിഷ്ടമായ ശ്വാസം ഏറ്റുവാങ്ങി മനുഷ്യന്, ദൈവത്തിനു മനുഷ്യനെപ്പറ്റിയുള്ള സ്വപ്നത്തിലാണ് വിശ്വാസം ഉണ്ടാകേണ്ടത്. അപരന്റെ പരിപാലനയിലാണല്ലോ മനുഷ്യസൃഷ്ടിയിൽ മുഴങ്ങിയ ദൗത്യവാക്യം. ഈയർത്ഥത്തിൽ വിശ്വാസം വർദ്ധിക്കേണ്ടത് ദൈവം ദൗത്യം ഏൽപ്പിച്ചിരിക്കുന്നുവെന്ന അർത്ഥത്തിലാണ്. ■

നീർച്ചാലുകൾ

റവ. ഡോ. ഡൈസൻ

# കൃതജ്ഞതയാൽ ധന്യമാകുന്ന ജീവിതം

2 രാജ. 8: 14-17 | 2. തിമോ. 2: 8-13 | ലൂക്ക. 17: 11-19

കർത്താവേ, ഞങ്ങളിൽ കനിയണമേ എന്ന പത്തുപേരുടെ കൂട്ടപ്രാർത്ഥന യെക്കാൾ യേശുവിനെ പ്രസാദിപ്പിക്കു ന്നത് സൗഖ്യം ലഭിച്ച സമറിയാക്കാ രൻ തിരിച്ച് വന്ന് യേശുവിന് നല്കുന്ന ആരാധനയും കൃതജ്ഞത യുമാണ്. തൽഫലമായി വിജാതീയന് നേരത്തെ നല്കിയ സൗഖ്യത്തെ ക്കാൾ ഉപരിയായി യേശു ഒരിക്കലും അഴിയാത്ത ആത്മരക്ഷ നല്കുന്നു. ഈ മൺ ഗോളത്തിൽ വസിക്കുന്ന ഓരോ വ്യക്തിയും നേടേണ്ടത് ഈ ലോകം മുഴുവനുമല്ല, മറിച്ച് ആത്മര ക്ഷയാണെന്നുള്ള സത്യമാണ് സൗഖ്യം പ്രാപിച്ച വിജാതീയൻ നമ്മെ പഠിപ്പിക്കുന്നത്. കാരണം, ആത്മരക്ഷ പരലോകത്തേക്കുളള സുനിശ്ചിതമായ കടത്തു ചീട്ടാണ്. ജീവിതത്തെ സദാ കൃതജ്ഞതയാൽ സ്നാനം ചെയ്യുവാൻ നമ്മെ പ്രേരിപ്പി ക്കുന്ന ലൂക്കാ സുവിശേഷകനിൽ മാത്രം കാണുന്ന ഈ അത്ഭുതമാണ് നമ്മുടെ ചിന്താവിഷയം.

## വിവേചനമില്ലാത്ത അഭയഗ്രാമം

യേശുവിന്റെ കാലത്ത് കുഷ്ഠ രോഗികൾക്കായുള്ള അഭയഗ്രാമങ്ങൾ മനുഷ്യ സഞ്ചാരം അധികമില്ലാത്ത മലയുടെ താഴ്വാരങ്ങളിലും, വിജന പ്രദേശങ്ങളിലുമാണ് സ്ഥിതി ചെയ്തി രുന്നത്. മുഖ്യധാര സമൂഹത്തിൽ നിന്നും അകറ്റി നിറുത്തപ്പെട്ട ഈ അഭയഗ്രാമങ്ങളിൽ കരുണയുള്ള മനു ഷ്യർ ദൂരെ നിന്ന് അപ്പം കൂടകളി ലാക്കി എറിഞ്ഞു കൊടുക്കാറുണ്ട്. അപ്പം കിട്ടാതെ വിശക്കുമ്പോഴും ഉറ്റ വരെ കാണണമെന്നു തോന്നു മ്പോഴും അഭയഗ്രാമം വിട്ട് അവർ സമൂഹമധ്യത്തിൽ വരാൻ ശ്രമിക്കു മ്പോൾ ജനങ്ങൾ കല്ലെറിഞ്ഞ് അവരെ ഉപദ്രവിച്ചിരുന്നു. കുഷ്ഠ രോഗം പൊതുജനം ഏറ്റവും കൂടു തൽ ഭയപ്പെട്ട രോഗമാണ്. കുഷ്ഠ രോഗം ദൈവത്തിന്റെ ശിക്ഷയായി ട്ടാണ് യഹൂദർ കരുതിയത്. മരുഭൂമി യിൽ മോശയ്ക്കെതിരെ ശബ്ദിച്ച സഹോദരിയായ മിരിയാമിനെ ദൈവം കുഷ്ഠരോഗം അയച്ചു ശിക്ഷിക്കുന്ന തായി പുറപ്പാടിന്റെ പുസ്തകത്തിൽ കാണാം. ഈ രോഗം വന്നതു കാരണം കുഷ്ഠരോഗി കീറിയ വസ്ത്രം ധരിക്കുകയും, മുടി ചീകാ തിരിക്കുകയും മേൽച്ചുണ്ട് തുണി കൊണ്ട് മറയ്ക്കുകയും അശുദ്ധൻ, അശുദ്ധൻ എന്നാ വിളിച്ചുപറയു കയും, സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ട് ഏകനായി വസിക്കുകയും ചെയ്യണ മെന്ന് ലേവ്യരുടെ പുസ്തകം പറ യുന്നു (ലേവ്യ 13:45-46). യഹൂദരും സമറിയാക്കാരും തലമുറകളായി വർഗ്ഗവൈരാഗ്യത്തിൽ കഴിയുമ്പോഴും കുഷ്ഠരോഗികളുടെ അഭയഗ്രാമ ത്തിൽ യഹൂദനന്നോ, സമറിയാക്കാ രനെന്നോ എന്നുള്ള വിവേചനമില്ലാ യിരുന്നു. പത്തു കുഷ്ഠരോഗികളും ഒരേ മനസ്സോടെയാണ് പ്രാർത്ഥി ക്കുന്നത്. "യേശുവേ, ഗുരോ, ഞങ്ങ ളിൽ കനിയണമേ" (17:13). വർഗ്ഗീയ, വർണ്ണ, ജാതീയ വിവേചനങ്ങൾ കുഷ്ഠരോഗികൾക്കിടയിലല്ല നമ്മുടെ ഇടയിലാണ് ഉള്ളത്. ശരീരത്തിന്റെ കുഷ്ഠത്തെക്കാൾ മനസ്സിന്റെ ആത്മാ വിന്റെ വർഗ്ഗ, വർണ്ണ, ജാതീയ കുഷ്ഠ ത്തെയാണ് നാം ഭയപ്പെടേണ്ടത്.

## ദൈവത്തെ മറക്കുന്ന ഒൻപതു പേർ

ഒന്നുമില്ലാതെ ഈ ലോകത്തി ലേക്ക് വരുന്ന മനുഷ്യന് എന്തെങ്കിലു മുണ്ടെങ്കിൽ, അത് ദൈവം നല്കിയ ദാനങ്ങളാണ്. ഈ ദാനങ്ങൾക്ക് സദാ നന്ദി പറയുവാൻ മനുഷ്യൻ കടപ്പെട്ടി രിക്കുന്നു. സങ്കീർത്തകൻ ദൈവം നല്കുന്ന എല്ലാറ്റിനും നന്ദി അർപ്പിക്കു ന്നു. (സങ്കീ 107: 1, 118:29, 9:1, 28:7). പൗലോസ് അപ്പോസ്ഥലൻ പറയുന്നു "ദൈവഹിതമെന്നത് എല്ലാ കാര്യങ്ങ ളിലും ദൈവത്തിന് നന്ദി അർപ്പിക്കുക യെന്നതാണ്" (1 തെസ 5:18). "കർത്താ വിന് നന്ദി പറയുവിൻ" എന്ന വാക്യം 68 പ്രാവശ്യം വിശുദ്ധ ഗ്രന്ഥത്തിൽ ഉപയോഗിച്ചിരിക്കുമ്പോൾ നന്ദിയുടെ പ്രാധാന്യം നമുക്ക് മനസ്സിലാക്കാൻ സാധിക്കും. അനുദിന ദിവ്യബലി യിലും നമ്മുടെ കർത്താവായ ദൈവ ത്തിന് നന്ദി പ്രാശിപ്പിക്കാമെന്ന് പുരോ ഹിതൻ പറയുമ്പോൾ നമ്മൾ പ്രത്യു ത്തരമായി പറയുന്നു. അത് ഉചിതവും ന്യായവുമത്രയെന്ന്. നമ്മുടെ ജീവിതം നന്ദിയാൽ സ്നാനം ചെയ്യപ്പെടണമെ ന്നാണ് ദൈവം ആഗ്രഹിക്കുന്നത്.

ഒരോ നാലു സെക്കന്റിലും ഒരാൾ പട്ടിണി കാരണം മരിക്കു മ്പോൾ പട്ടിണിയില്ലാതെ നമ്മെ കാക്കുന്ന ദൈവത്തിന് നാം നന്ദി പറ യുവാൻ കടപ്പെട്ടിരിക്കുന്നു. ശ്വാസം നിലച്ചാൽ നിന്നു പോകുന്ന ജീവിത ത്തിൽ നാം എടുക്കുന്ന ഓരോ ശ്വാ സത്തിനും നാം നന്ദി പറയേണ്ടിയിരി ക്കുന്നു. 28.5 കോടിയോളം ജനങ്ങൾ ഈ ലോകത്തിൽ കാഴ്ച സംബന്ധ മായ പ്രശ്നങ്ങൾ അനുഭവിക്കു മ്പോൾ അതിൽ 4 കോടിയോളം ജന ങ്ങൾ പൂർണ്ണമായി അന്ധരായി ജീവി ക്കുമ്പോൾ കാഴ്ചയുള്ള നമ്മൾ ദൈവത്തിന് നന്ദി അർപ്പിക്കാൻ കട പ്പെട്ടിരിക്കുന്നു. ഫ്രാൻസിസ് പാപ്പ പറ യുന്നു: ലഭിക്കുന്ന ചെറിയ ഉപകാര ത്തിനും പോലും, അത് സ്വന്തം കുടും ബത്തിൽ നിന്നാണെങ്കിൽ പോലും നന്ദി അർപ്പിക്കണം.

നന്ദിയില്ലായ്മ കുഷ്ഠരോഗ ത്തെക്കാളും മാരകമായ രോഗമാണ്.

ഷേക്സ്പിയറിന്റെ കിങ്‌ലീയർ സ്വന്തം മകളെ കുറിച്ച് ഇങ്ങനെ പറയുന്നു: കൃതജ്ഞതയില്ലാത്ത കുട്ടി സർപ്പത്തിന്റെ പല്ലിനെക്കാൾ മൂർച്ചയുള്ളതാണ്. നന്ദിയില്ലായ്മ വെള്ളം തരുന്ന കിണറ്റിലേക്ക് കല്ലെറിയുന്നതിനു തുല്യമാണ്. കൃതജ്ഞത വാക്കുകളിലൂടെയെന്നതിനാക്കാൾ പ്രവൃത്തിയിലൂടെ പ്രകാശിതമാകേണ്ട ഒന്നാണ്. ദൈവം നല്കിയ ദാനത്തിൽ നിന്ന് ദൈവത്തിന് ബലി അർപ്പിക്കാൻ നല്ലതു നല്കാത്ത കയേനെപ്പോലെയാണ് കൃതജ്ഞതയില്ലാത്ത മനുഷ്യർ, എന്നാൽ കൃതജ്ഞതയുള്ളവരാകട്ടെ പത്രോസിന്റെ അമ്മായിയമ്മയെ പോലെയാണ്. സൗഖ്യം ലഭിച്ച അവൾ യേശുവിനെ പരിചരിച്ചുകൊണ്ട് പ്രവൃത്തിയിലൂടെ നന്ദി പ്രകാശിപ്പിച്ചു.

പുരോഹിതന്മാരെ കാണാൻ പോകുന്ന വഴിയിൽ പത്തുപേരും സുഖം പ്രാപിക്കുന്നു. സുഖം പ്രാപിച്ച ഒൻപത് യഹൂദരും അവരുടെ മനസ്സിനെ പുരോഹിതന്മാരെക്കൊണ്ട് നിറച്ചു. കാരണം പുരോഹിതനാണ് സുഖം പ്രാപിച്ചവരെ ശുദ്ധിയുള്ളവരെന്ന് പ്രഖ്യാപിക്കേണ്ടത്. എങ്കിൽ മാത്രമേ ഇതുവരെ കാണാതിരുന്ന ഭാര്യയെയും, മക്കളെയും, ബന്ധുക്കളെയും ഇനി മുതൽ കാണുവാൻ സാധിക്കൂ. ഇനിമുതൽ ഒറ്റപ്പെട്ട് അഭയഗ്രാമത്തിൽ താമസിക്കേണ്ടിവരില്ല. അതുകൊണ്ട് പുരോഹിതനെ കാണുവാൻ അവർ തിടുക്കത്തിൽ പുറപ്പെട്ടു. സുഖം പ്രാപിച്ച ആ ഒൻപതു യഹൂദരുടെ ഹൃദയങ്ങൾ ദൈവം ചെയ്ത കാരുണ്യത്താൽ നിറയാതെ, ഉപകാരം ചെയ്ത യേശുവിനെക്കൊണ്ട് നിറയാത്തതുകൊണ്ടാണ് അവർ യേശുവിനെ മറക്കുകയും, ദൈവത്തിന്റെ അനന്ത കാരുണ്യത്തെ വിസ്മരിക്കുകയും ചെയ്തത്. ഈ ഒൻപതുപേരും നാം തന്നെയാണ്. നമുക്ക് പുറത്തുള്ളവരല്ല. കാരണം, നാം ദൈവ മക്കളെന്ന് പറയുകയും നമ്മുടെ മനസ്സിനെ ദൈവത്തെ കൊണ്ട് നിറക്കാതിരിക്കുകയും ചെയ്യുമ്പോൾ ഈ ഒൻപതുപേരായി മാറുന്നു.

### നന്ദിയർപ്പിക്കുന്ന സമറിയാക്കാരൻ

ഉപകാരം ചെയ്ത വ്യക്തിക്ക് നല്കാൻ ആത്മാവിന്റെ ഉള്ളിൽ നിന്ന് വിരിയുന്ന പുഷ്പമാണ് നന്ദി. കുഷ്ഠം മാറിയെന്ന് സാക്ഷ്യപത്രം നല്കുന്ന പുരോഹിതനെക്കാൾ കുഷ്ഠം മാറ്റിയ യേശുവാണ് ഉന്നതനെന്ന് തിരിച്ചറിഞ്ഞ്, യേശുവിന് ആരാധനയും നന്ദിയും അർപ്പിക്കുന്ന സമറിയാക്കാരൻ നമുക്ക് മാതൃകയാണ്. സമറിയാക്കാരനെ മറ്റ് ഒൻപതു പേരിൽ നിന്ന് വ്യത്യസ്ഥനാക്കുന്നത്, ദൈവം എന്നെ സുഖപ്പെടുത്തി, ആ ദൈവത്തിനാണ് ആദ്യം നന്ദിയർപ്പിക്കേണ്ടതെന്നുള്ള തിരിച്ചറിവാണ്. ഈ സമറിയാക്കാരൻ മറ്റു ഒൻപതു പേരെയും യേശുവിന് നന്ദിയർപ്പിക്കാൻ വിളിച്ചിട്ടുണ്ടാവാം! എന്നാൽ സമറിയാകാരന്റെ മനസ്സുപോലെ അവരുടെ മനസ്സ് യേശുവിനെ കൊണ്ടല്ല നിറഞ്ഞത്. നമ്മുടെ ജീവിതം യേശുവിനെ കൊണ്ട് നിറയുമ്പോൾ നമ്മൾ ഈ ലോകത്ത് പൗലോസ് അപ്പോസ്ഥലൻ പറയുന്നതു പോലെ ക്രിസ്തുവായി മാറുവാൻ സാധിക്കും (ഗല 2:20).

മനുഷ്യജീവിതത്തിന് അഴകേകുന്ന ഒരു പദമാണ് നന്ദി. കാരണം ആത്മാവിന്റെ നിറവിൽ നിന്ന് അധരം മൊഴിയുന്ന വാക്കാണ് നന്ദി. ലഭിച്ച ഉപകാരത്തിനും ഉപകാരകർത്താവിനും നന്ദി ചൊല്ലുവാൻ സമയമില്ലാത്ത ലോകത്താണ് നാം ജീവിക്കുക. ഫ്രാൻസിസ് പാപ്പ നന്ദി പറയുവാൻ നാം സമയം കണ്ടെത്തണമെന്ന് ആഹ്വാനം ചെയ്യുന്നു. നമ്മുടെ ജീവിതത്തെ നന്ദിയാൽ സ്നാനം ചെയ്ത് ആത്മീയ വസന്തം നല്കാം. അങ്ങനെ സ്വർഗ്ഗത്തിലേക്കുള്ള കടത്തു ചീട്ട് സ്വന്തമാക്കാം. ■

ആണ്ടുവട്ടം 29-ാം ഞായർ (ഒക്ടോബർ 20)

നീർച്ചാലുകൾ

ഫാ. പോൾ സണ്ണി

# മോശയുടെ വിരിഞ്ഞ കരവും വിധവയുടെ നിറഞ്ഞ മിഴിയും

പുറ. 17:8-13 | 2 തിമോ. 3: 14-4:2 | ലൂക്ക. 18:1-8

### ഒന്നാം വായന

ഇസ്രയേൽ ജനമെന്ന മഹാസാഗരത്തിന്റെ ആഴവും കോളും ഗതിയും അറിയുന്ന നേതാവാണ് മോശ. മരുഭൂമിയിലെ അക്രമോത്സുകത കൂടിയ സ്വഭാവക്കാരാണ് അമലേക്യർ. പുറംജാതിക്കാർ തങ്ങളുടെ തട്ടകങ്ങളിൽ വരുന്നത് അവർക്ക് ഇഷ്ടമല്ല. അവർ അവരെ ആക്രമിച്ച് ഓടിക്കും. ഇതിപ്പോൾ ഇസ്രയേൽക്കാർ ഈജിപ്തിലെ പുറപ്പാട് കഴിഞ്ഞുവന്ന് നില്ക്കുകയാണ്. ഈജിപ്തിന്റെ അതിർത്തിയിൽ അമലേക്യരാണ് ആദ്യം ഇസ്രയേലിനെ ആക്രമിച്ചത്. മോശയുടെ നേതൃത്വമില്ലാതെ ഇസ്രയേലിന് മുന്നേറാനാകില്ല. കരബലത്തിൽ മോശ പിന്നിലല്ലെന്ന് നമുക്കറിയാം. ഹെബ്രായനെ പ്രഹരിച്ച ഈജിപ്തുകാരനെ കൊന്ന് മണലിൽ കുഴിച്ചിട്ടവനാണ് മോശ. എന്നാൽ ഇവിടെ മോശ കുറേക്കൂടെ പുരോഹിതവഴിയിലാണ്. വാളെടുക്കുന്നില്ല, പ്രാർത്ഥനയാണ് മാർഗം. മോശ കരംവിരിച്ച് പ്രാർത്ഥി

ക്കുമ്പോൾ ജോഷ്വ വാളുമായി പുറപ്പെടുന്നു. മോശയുടെ കൈയ്യിൽ വടിയുമുണ്ട്. ഒരു സമൂഹത്തെ നയിക്കേണ്ടതെങ്ങനെ? ഇടയുന്നവരും എതിരഭിപ്രായക്കാരും വിമതരുമൊക്കെ ഉണ്ടാകും .അവരെയൊക്കെ ഒരുമിപ്പിച്ച് കൊണ്ടുപോകണം. കരം ഉയരുമ്പോൾ വിജയവും താഴുമ്പോൾ പരാജയവും. മനുഷ്യജീവിതത്തിന്റെ കയറ്റിറക്കങ്ങളാണ്. ഇസ്രയേൽ ജനത പാപവഴികളിൽ അകപ്പെട്ടപ്പോഴൊക്കെ കൂപ്പു കുത്തിയിട്ടുണ്ട്. ആദ്ധ്യാത്മികതയുടെ, കൂട്ടായ്മയുടെ, പ്രാർത്ഥനയുടെ വിജയമാണ് ഉയർത്തിയ കൈ. മോശ വഹിക്കുന്ന അമിതമായ നേതൃത്വഭാരമാണ് താഴുന്ന കൈ. ഇടർച്ചകൾ, ജീവിത വ്യതിയാനങ്ങൾ, ദുർനടപ്പുകൾ ഇവയൊക്കെ നമ്മെ താഴെയാക്കും. വലിയൊരു ജനം, അവരുടെ ആവശ്യങ്ങൾ, പരാതികൾ, സ്വപ്നങ്ങൾ ഇവയൊക്കെ ഏറ്റെടുക്കുന്നുണ്ട് മോശ.

നമ്മുടെ നാടും ഉയരുന്നത് ഇത്തരത്തിലുള്ള നേതാക്കൾ ഉണ്ടാകുമ്പോഴാണ്. ഒരു നല്ല ഇടയൻ കരമുയർത്തുമ്പോൾ ഒരു സമൂഹം ഉയർത്തപ്പെടും. ഇടയൻ പന്നിക്കുഴിയിൽ വീണുപോകുമ്പോൾ സമൂഹം മലിനമാകും. ഒരു കുടുംബം ഉയരുന്നത് ഇത്തരത്തിൽ പല കാരണങ്ങൾ ഉയർത്തപ്പെടുമ്പോഴാണ്. മാതാപിതാക്കൾ കരങ്ങൾ ചേർക്കുമ്പോൾ, രക്തബന്ധങ്ങൾ സുദൃഢമാകുമ്പോൾ, അയൽക്കാരൻ അടുത്തെത്തുമ്പോൾ ആഹ്ളാദകരമായ വാർത്തകൾ ഉണ്ടാകും. സഹോദരന് ഇടർച്ചയുണ്ടാകുമ്പോൾ അഹറോൻ നീക്കിയിട്ടുകൊടുത്ത കല്ലുപോലെ സഹായകരമായ ചിലത് നല്കാൻ നമുക്കാകണം. കർത്താവിന്റെ സ്നേഹത്തിന് ബന്ധമുള്ളത് ഇടിച്ചുവീഴ്ത്തുന്നതിനേക്കാൾ ഉയർത്തുന്നതിനോടാണ്, വിലക്കുന്നതിനേക്കാൾ രമ്യതപ്പെടുത്തുന്നതിനോടാണ്, അപലപിക്കുന്നതിനേക്കാൾ പുതിയമാറ്റങ്ങൾ വരുത്തുന്നതിനോടാണ്, ഭൂതകാലത്തേക്കാൾ ഭാവിയോടാണ്. കരങ്ങൾ താഴുമ്പോൾ അഹറോനും ഹകറും കരം താങ്ങിനിർത്തുന്നുണ്ട്. മനുഷ്യർ പരസ്പരം ബന്ധപ്പെടേണ്ടവരാണ്, ഒരു നേതാവും ഒറ്റയ്ക്കു മുന്നേറുന്നില്ല. ശുശ്രൂഷകൾ പങ്കാളിത്തവും കൂട്ടായ്മയും പ്രകടമാക്കുന്നു. ഇടവകകളിൽ അത്തരത്തിലുള്ള സമീപനങ്ങൾ കാണണം. കരം തളരാതെ ഉയർത്തിപ്പിടിക്കാൻ വലിയ നൊമ്പരങ്ങൾ പേറണം. അതിനു കരുത്തുള്ളവർ നമുക്ക് അന്യമാകരുത്. പുറപ്പാടിനുശേഷമുള്ള ഇസ്രയേൽക്കാരുടെ ആദ്യയുദ്ധമാണിത്. അവർക്കത് ജയിക്കണം. എങ്കിലെ വാഗ്ദത്ത ദേശം കിട്ടുകയുള്ളു.

### സുവിശേഷം

വിധവകൾ ദൈവത്തിന്റെ ദരിദ്രർ (അനവിം) ആണ്. ഏറ്റവും പരിതാപകരമായ സാഹചര്യത്തിൽ വസിക്കുന്നവർ മറ്റുള്ളവരാൽ തഴയപ്പെട്ടവർ. അവളുടെ ദയനീയാവസ്ഥ അറിയുന്ന ന്യായാധിപനോട് അവളോട് അനുകമ്പയോ നീതിബോധമോ തോന്നുന്നില്ല. അവളുടെ വ്യവഹാരം എന്താണെന്ന് പൂർണമല്ല. എതിരാളിക്കെതിരെ നീതി വേണമെന്നാണ് അവളുടെ ആവശ്യം സത്യസന്ധമായ ഒരു കേസുമായി സമീപിക്കുന്ന വിധവയും മുഖംതിരിക്കുന്ന ന്യായാധിപനും. അയാളെ എങ്ങനെ നാം ന്യായാധിപൻ എന്നുവിളിക്കും. വിധവയുടെ വ്യവഹാരം തോൽക്കുമെന്ന് ഉറപ്പാണ്. അവൾക്ക് കേസുനടത്താൻ കാശില്ല. പ്രതികൾ വലിയവരാണ്, അവളുടെ പക്ഷത്ത് ആരും ഇല്ല. ഒന്നുകിൽ അവളുടെ ഭൂമി അപഹരിച്ചതാകാം; അല്ലെങ്കിൽ പണം വഞ്ചിച്ചെടുത്തതാകാം; ചിലപ്പോൾ ഭർത്താവിനെ കൊലപ്പെടുത്തിയതാകാം. എതിരാളി എത്ര കരുത്തരായാലും സ്വാധീനശക്തിയുള്ളവരായിരുന്നാലും വിട്ടുകൊടുക്കാൻ അവൾ തയ്യാറല്ല. ഉപമയിലെ കഥയാണെങ്കിലും ക്രിസ്തു അവൾക്കൊപ്പമാണ്. നീതി ലഭിക്കുമെന്ന് അവൾക്ക് ഉറപ്പില്ല. ക്രിസ്തു അവളുടെ പക്ഷം ചേർന്നുകൊണ്ടാണ് കഥപറയുന്നത്. വിധവയെ അവഗണിക്കുന്ന ന്യായാധിപൻ ഒടുവിൽ അവളുടെ വ്യവഹാരം പരിഗണിക്കുന്നു. നീതിബോധം ഉണർന്നിട്ടല്ല; അവളുടെ ശല്യം ഒഴിച്ചുകിട്ടാനാണ്. ഇടതടവില്ലാത്ത അവളുടെ ഇടപെടൽതന്നെ കാരണം കൈക്കൂലികിട്ടാതെ അയാൾ ഒന്നും ചെയ്യാറില്ല. ഇവിടെ അയാൾക്ക് പ്രതിഫലമില്ലാതെ വിധവക്ക്വേണ്ടി വാദിക്കേണ്ടിവന്നു. അയാളുടെ നീതിനിർവഹണത്തെ യേശു പ്രശംസിക്കുന്നില്ല. ദുഷ്ടനായ ആ ന്യായാധിപൻ ഇപ്രകാരം ചെയ്യുന്നുവെങ്കിൽ സ്നേഹനിധിയായ ദൈവം നിങ്ങൾക്ക് എത്രമാത്രം കരുതൽ നല്കുമെന്നാണ് യേശു പറഞ്ഞുവക്കുന്നത്. ■

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ് IVDei

ആണ്ടുവട്ടം 30-ാം ഞായർ (ഒക്ടോബർ 27)

# ദൈവസന്നിധിയിൽ തലകുനിച്ചാൽ മനുഷ്യസന്നിധിയിൽ തലഉയർത്താം

പ്രഭാ. 35:15b–17. 18,22 | 2 തിമോ. 4: 6–9. 16–18 | ലൂക്കാ. 18:9–4

റോഡപകടത്തിൽ അത്യാസന്നനിലയിൽ ആയ മകനേയും കൂട്ടി ആശുപത്രിയിൽ എത്തിയതാണ് ആ പിതാവ്. എമർജൻസി വിഭാഗത്തിലെ തലവനായ ഡോക്ടർ സ്ഥല

ത്തില്ല എന്ന വാർത്ത അയാളിൽ കോപവും, നിരാശയും ജനിപ്പിച്ചു. ആശുപത്രി അധികൃതർ ഡോക്ടറെ ഫോൺ വിളിച്ച് വരുത്തി. 20 മിനിട്ടോളം താമസിച്ചു പോയി ഡോക്ടർ. പെട്ടെന്നു തന്നെ കുട്ടിയെ ഓപ്പറേഷൻ തിയേറ്ററിലേക്കു കൊണ്ടു പോകാൻ ഡോക്ടർ നിർദ്ദേശിച്ചു. വസ്ത്രം മാറി തന്റെ മുൻപിലൂടെ കടന്നുപോയ ഡോക്ടറിന്റെ കോളറിൽ കൈ വച്ച് ആ പിതാവ് അലറി. എന്റെ കുട്ടിക്ക് എന്തെങ്കിലും സംഭവിച്ചാൽ നിന്നെ ഞാൻ വെറുതെ വിടില്ല.

അക്ഷോഭ്യനായി ഡോക്ടർ ഉടനെ ഓപ്പറേഷൻ തിയേറ്ററിലെത്തി. നീണ്ട നാലു മണിക്കൂറത്തെ ശസ്ത്രക്രിയ വിജയകരമായിരുന്നു എന്ന വാർത്തയാണ് കുട്ടിയുടെ പിതാവ് പിന്നീട് കേട്ടത്. ഡോക്ടറിനോടു നന്ദി പറയാനും താൻ പറഞ്ഞ മോശം വാക്കുകൾക്ക് ക്ഷമാപണം നടത്താനും ആ പിതാവ് അദ്ദേഹത്തിന്റെ അടുത്തു ചെന്നു;

എന്നാൽ അദ്ദേഹത്തിന്റെ ക്ഷമാപണത്തിന് ചെവികൊടുക്കാതെ ഡോക്ടർ വലിയ വിഷാദത്തോടെ നേരിയ പുഞ്ചിരി കലർത്തി പറഞ്ഞു: സഹോദരാ, എന്റെ കുട്ടി രണ്ടു ദിവസം മുമ്പ് ഒരു വാഹനാപകടത്തിൽ കൊല്ലപ്പെട്ടു. അവന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ആയിരുന്നപ്പോഴാണ് എനിക്ക് ആശുപത്രിയിൽ നിന്ന് ഫോൺ വന്നത്. അവന്റെ സംസ്കാര ശുശ്രൂഷ ഉപേക്ഷിച്ചാണ് ഞാൻ നിങ്ങളുടെ കുട്ടിയുടെ രക്ഷയ്ക്കായി ഓടിയെത്തിയത്. കുട്ടിയുടെ പിതാവിന് പറയാൻ ഒന്നുമുണ്ടായില്ല. അയാൾ വാവിട്ടു കരഞ്ഞു.

ശരിയായ കാഴ്ചപ്പാടില്ലാതെ മറ്റുള്ളവരെ വിധിക്കാൻ നമുക്കു അവകാശമില്ലെന്ന് കാണിക്കാൻ ഈശോ പറഞ്ഞ ഉപമയാണ് ഫരിസയേന്റേയും ചുങ്കക്കാരന്റേയും ഉപമ.



സ്വയം താഴ്ത്തി തെറ്റുകളേറ്റു പറഞ്ഞ് അപരനിലേക്ക് ചൂണ്ടുന്ന വിരൽ തിരിച്ച് എന്നിലേക്ക് ചൂണ്ടി ഞാനാണ് പാപി. ഞാൻ മഹാപാപിയെന്ന് ഹൃദയതാപത്തോടെയേറ്റു പറയുന്നവനു മാത്രമാണ് ഈ മേശയിൽ നിന്ന് യഥാർത്ഥത്തിൽ പങ്കും നീതികരണവും സാധ്യമാകുന്നത്. ഇവിടെ ദൈവസന്നിധിയിൽ നിന്ന് തലകുനിച്ചവർക്കാർക്കും പുറത്തേയ്ക്കിറങ്ങുമ്പോൾ തലകുനിക്കേണ്ടി വന്നിട്ടില്ല.

താൻ ഇച്ഛിക്കുന്നതുപോലെ ദൈവം പ്രവർത്തിക്കണമെന്ന ഫരിസേയ മനോഭാവത്തിൽ നിന്നും നാം മാറണം. തന്റെ ചെയ്തികളിൽ പാപത്തിന്റെ കറ പുരണ്ടിരിക്കുന്നുവെന്ന് തിരിച്ചറിഞ്ഞ് അപരാധങ്ങൾക്ക് മാപ്പു തരണമേയെന്ന് നിലവിളിക്കുന്ന ചുങ്കക്കാരന്റെ ഹൃദയപരിവർത്തനമാണ് കർത്താവ് നമ്മിൽ നിന്നും ആഗ്രഹിക്കുന്നത്.

പണ്ട് കുമ്പസാരക്കൂടിന്റെ മുന്നിൽതടിച്ചു കൂടിയിരുന്ന വിശ്വാസികളുടെ ഒരു വലിയ ഗണമുണ്ടായിരുന്നു. പക്ഷേ ഇന്നു പ്രായമുള്ള അമ്മച്ചിമാർക്ക് പരിഭവവും സങ്കടവും പങ്കുവയ്ക്കാനുള്ള വേദിയാണെന്ന് ചിലരെങ്കിലും തെറ്റിദ്ധരിച്ചു പോയി എന്ന വസ്തുത തിരിച്ചറിയണം. ക്രിസ്തു ശിഷ്യരുടെ ആത്മീയതയും ദൈവാശ്രയബോധവും ഏറ്റുപറയുമ്പോഴുമൊക്കെ ഫരിസേയ സംസ്കാരത്തിലേക്ക് നാം പതിയെ വഴിമാറിയെന്ന് തിരിച്ചറിയണം.

കമ്മറ്റിയിലും ഇടവക പ്രവർത്തനങ്ങളിലും എന്നും നിറസാന്നിധ്യം, പള്ളി പ്രഭാഷണങ്ങളിലും, പ്രദക്ഷിണങ്ങളിലും, ആത്മീയ സംഘടനാ പ്രവർത്തനങ്ങളിലും അഭിനന്ദനാർഹമായ നേതൃത്വം, ഇങ്ങനെ സഭാപ്രവർത്തനങ്ങളിൽ വ്യാപൃതനായതു മൂലം പലപ്പോഴും ആത്മീയകർമ്മങ്ങൾക്ക് സമയം കിട്ടാറില്ല പോലും. അഹങ്കാരത്തിന്റെ തലപ്പാവൊന്നു അഴിച്ചു വയ്ക്കാനോ തലകുനിച്ച് ചെയ്തത് തെറ്റാണെന്ന് ഏറ്റു പറയാനോ പൊറുക്കണം ദൈവമേ എന്നൊന്നു ഏറ്റു പറഞ്ഞ് ഹൃദയം തുറക്കാനോ സമയം കിട്ടാതെ പോകുന്നു. വി.കുർബാനാഘോഷത്തിനു പുറത്ത് ക്രമീകരണങ്ങൾക്കും, മോടി പിടിപ്പിക്കലിനുമൊന്നും സമയം ലഭിച്ചില്ല എന്ന പരാതിയും പലപ്പോഴും ഇവരിൽ നിന്നും കേൾക്കുന്നു. എല്ലാ ഞായറാഴ്ചയും പള്ളിയിൽ പോകുന്നുണ്ടെന്നും, മാസവരിയും, വിഹിതവുമൊക്കെ കൃത്യമായി നൽകുന്നു എന്നുമൊക്കെ അവകാശപ്പെടുകയും ചെയ്യുമ്പോൾ എന്നെങ്കിലും ഞാൻ വി.കുർബാനയ്ക്ക് വേണ്ടി പോയിയെന്നു പറയുന്നവരുടെ എണ്ണം കുറഞ്ഞിട്ടില്ലേ?

സ്വയം താഴ്ത്തി തെറ്റുകളേറ്റു പറഞ്ഞ് അപരനിലേക്ക് ചൂണ്ടുന്ന വിരൽ തിരിച്ച് എന്നിലേക്ക് ചൂണ്ടി ഞാനാണ് പാപി. ഞാൻ മഹാപാപിയെന്ന് ഹൃദയതാപത്തോടെയേറ്റു പറയുന്നവനു മാത്രമാണ് ഈ മേശയിൽ നിന്ന് യഥാർത്ഥത്തിൽ പങ്കും നീതികരണവും സാധ്യമാകുന്നത്. ഇവിടെ ദൈവസന്നിധിയിൽ നിന്ന് തലകുനിച്ചവർക്കാർക്കും പുറത്തേയ്ക്കിറങ്ങുമ്പോൾ തലകുനിക്കേണ്ടി വന്നിട്ടില്ല. എന്നാൽ തങ്ങളുടെ സമ്പത്തിന്റേയും അധികാരത്തിന്റേയുമൊക്കെ ഫ്ളക്സ് ബോർഡുകൾ തൂക്കുന്ന ഫരിസേയിക് സ്വയാശ്രിതർ ഇന്ന് സഭയിലും എല്ലാ തലങ്ങളിലും വളർച്ച പ്രാപിക്കുന്നുവെന്നത് തെല്ലൊരു ആശങ്കയോടെ വേണം നാം കാണാൻ. പക്ഷേ ഈ ഫ്ളക്സ് ബോർഡുകൾ കർത്താവൊന്നു മുഖം തിരിച്ചാൽ ഒരിക്കൽ തകർന്നു താഴെ വീഴും എന്ന് ഈ ആത്മീയർ തിരിച്ചറിയുന്നുമില്ല. കായേന്റെ പ്രതിരൂപമായ ഫരിസേയൻ നമ്മെ ഓർമ്മിപ്പിക്കുന്നു. നീ നൽകുന്ന ഭൗതിക സമ്പത്തു കൊണ്ടല്ല നിന്റെ ഹൃദയം കൊണ്ടാണ് ദൈവം സ്വർഗ്ഗം പണിയുന്നത്. ലോകത്തിൽ സ്വയം ഉയർത്തുന്നവനും ഉയർത്തപ്പെടുന്നവരും സ്വർഗ്ഗത്തിൽ താഴ്ത്തപ്പെടും എന്നു മാത്രമല്ല കർത്താവ് അവരുടെ സിംഹാസനങ്ങളിൽ നിന്നും മറിച്ചിടും, വെറും കയ്യോടെ തിരിച്ചു വിടുകയും ചെയ്യും (ലൂക്കാ 1:52–53). എന്നാൽ അവന്റെ മുമ്പിൽ ഹൃദയശൂന്യതയോടെ മുട്ടു മടക്കുന്നവർക്ക് അവൻ നിറച്ച് അളന്ന് നിറയ്ക്കും എന്ന് നീതികരിക്കപ്പെട്ട ചുങ്കക്കാരൻ നമ്മെ അനുസ്മരിപ്പിക്കുന്നു. ഒന്നു മാത്രമേ അവൻ ആവശ്യപ്പെടുന്നുള്ളൂ – തെറ്റിനെയോർത്തുരുകുന്ന നിന്റെ ഹൃദയം. അനുതപിക്കുന്നവർക്ക് ക്രിസ്തു സമീപസ്ഥനാണ്. ■

# വചനജ്വാല

**2019 നവംബർ മാസം ബി.സി.സികളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്**

# വചനത്തിൽ ഒന്നിക്കാം! സംഘടിച്ച് മുന്നേറാം...



## 1. പരിശുദ്ധാത്മാവിന്റെ ഗാനം ബൈബിൾ വന്ദനം

## 2. സ്വാഗതം: കുടുംബനാഥൻ/ നാഥ

## 3. ആമുഖം

സഭാതലത്തിലും സാമുദായിക-സാമൂഹ്യതലങ്ങളിലും സംഘടിച്ച് മുന്നേറുമ്പോഴാണ് ഏതൊരു സമൂഹത്തിനും വളർച്ചയുണ്ടാവുക. സംഘടിച്ച് പ്രവർത്തിക്കുമ്പോൾ വചനത്തിന്റെ പിൻബലവും ആത്മീയതയുടെ അടിത്തറയും ഉണ്ടാകും. തൽഫലമായി വളർച്ചയ്ക്ക് സ്ഥായീഭാവം ലഭിക്കും.

ഡിസംബർ മാസത്തെ ആദ്യ ഞായറാഴ്ച കേരള ലത്തീൻ സഭാമക്കൾ സമുദായദിനമായി ആചരിച്ചുവരികയാണല്ലോ. യഥാർഥത്തിൽ സമുദായദിനാചരണത്തിലൂടെ നാം ലക്ഷ്യം വയ്ക്കുന്നത് പ്രധാനമായും രണ്ട് കാര്യങ്ങളാണ്: 1) ലത്തീൻ സഭ ഒരേസമയം സഭയും സമുദായവുമാണെന്ന അവബോധം സഭാതനയരിൽ ജനിപ്പിക്കുക. അതിലൂടെ യേശു നിയമിച്ച അപ്പസ്തോലന്മാരിലൂടെയും അവരുടെ പിൻഗാമികളിലൂടെയും ഇന്നും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന സഭയിൽ അംഗമായിരിക്കുന്നതിൽ അഭിമാനം കൊള്ളുവാനും സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളും മാർഗനിർദേശങ്ങളും അനുസരിച്ച് പ്രവർത്തിക്കാനും, സഭയോട് ചേർന്ന് നിൽക്കാനും. ഇതിനൊപ്പം ഒരു സമുദായമെന്ന നിലയിൽ ആത്മപരിശോധന ചെയ്തുകൊണ്ട് നമ്മുടെ കരുത്തും ദൗർബല്യവും തിരിച്ചറിയാനും കഴിയുന്നു.

2) സഭയും സമുദായവും എന്ന നിലയിൽ ഇതര സഭാവിഭാഗങ്ങളുടെയും സമുദായങ്ങളുടെയും മുൻപിൻ നമ്മുടെ സ്ഥാനമെന്ത്? എന്ന് മനസ്സിലാക്കുവാനുള്ള അവസരമാക്കി മാറ്റുക. സമകലീക രാഷ്ട്രീയ സാമൂഹിക വ്യവസ്ഥിതിയിൽ സംഘടിതമായി നമ്മുടെ ശക്തി വെളിപ്പെടുത്തുവാനും അതിലൂടെ നമ്മുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കാനും ലഭ്യമാകുന്ന അവസരങ്ങളെ ഫലപ്രദമായി പ്രയോജനപ്പെടുത്തിക്കൊണ്ട് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് സ്വയം വളർന്നടുക്കുവാനുള്ള അവസരമായി സമുദായ ദിനാചരണത്തെ കാണേണ്ടതുണ്ട്.

ഈ പശ്ചാത്തലത്തിൽ അല്മായ ശുശ്രൂഷയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുവാനും ഈ ശുശ്രൂഷയുടെ ഭാഗമായി നിലകൊള്ളുന്ന ഭക്തസംഘടനളേയും സമുദായസംഘടനകളേയും ശക്തിപ്പെടുത്തി കൂടുതൽ അംഗങ്ങളെ സംഘടനകളിൽ ചേർത്ത് സംഘടിതമായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെയും കുറിച്ചാണ് ഈ മാസത്തെ കുടുംബകൂട്ടായ്മയോഗത്തിൽ നാം ചർച്ച

ചെയ്യുന്നതും പ്രാർത്ഥിക്കുന്നതും.

## 4. യേശുവിനെ ക്ഷണിക്കൽ

അപ്പസ്തോലന്മാരാകുന്ന അടിത്തറയിൽ സഭയെ സ്ഥാപിക്കുകയും പരിശുദ്ധാത്മാവിന്റെ സഹായത്താൽ ഇന്നും സഭയെ നയിക്കുകയും ചെയ്യുന്ന യേശുവിനെ, സഭയെ സ്നേഹിക്കുവാനും സാമുദായികമായി സംഘടിച്ച് വളരുവാനും വേണ്ട കൃപാവരം നല്കുന്നതിനുമായി നമ്മുടെ മധ്യേക്ഷണിക്കാം.

## 5. വചനഗീതി

## 6. ദൈവവചന പാരായണം

**യോഹ 17:11–23**

നാം ശ്രവിച്ച വചനത്തെക്കുറിച്ചും വചനം നൽകുന്ന സന്ദേശത്തെക്കുറിച്ചും അല്പസമയം മൗനമായി ധ്യാനിക്കാം.

## 7. വചനവിചിന്തനം

1) ശിഷ്യക്കാർക്കുവേണ്ടി യേശു ദൈവപിതാവിനോടുപ്രാർഥിക്കുന്നു.

2) ശിഷ്യന്മാരെ തെരഞ്ഞെടുക്കുന്നതിനുമുൻപും ഒരു രാത്രിമുഴുവനും യേശു പ്രാർഥനയിൽ ചെലഴിച്ചു.

3) തന്റെ പരസ്യജീവിതം ആരംഭിക്കുന്നതിനു മുമ്പായി നാല്പതു രാവും പകലും പ്രാർഥനയിലും ഉപവാസത്തിലും ചെലവിടുന്ന യേശുവിനെ കാണാം.

4) ജീവിതത്തിന്റെ പ്രധാനമുഹൂർത്തങ്ങളിലെല്ലാം തന്നെ പ്രാർഥിച്ച് ഒരുങ്ങിയിട്ടാണ് യേശു ഓരോ പ്രവൃത്തിയും ചെയ്യുന്നത്. വളരെ പ്രത്യേകിച്ച് നിർണായകമായ തീരുമാനം എടുക്കേണ്ടിവരുമ്പോഴെല്ലാം പ്രാർത്ഥിച്ച് ശക്തിസംഭരിക്കുന്നു.

5) ശിഷ്യന്മാർക്കുവേണ്ടി പ്രാർഥിക്കുന്നതിന്റെ പശ്ചാത്തലത്തിലും യേശു തന്റെ മരണത്തെ മുഖാമുഖം ദർശിക്കുന്നു. താൻ തുടങ്ങിവച്ച ദൗത്യം തുടരേണ്ട ശിഷ്യന്മാരുടെ അവസ്ഥ, ദൗർബല്യം, ബലഹീനത അധികാരവും പ്രശസ്തിയും ആഗ്രഹിക്കുന്ന അവരുടെ പ്രലോഭനം യേശു തിരിച്ചറിയുന്നു.

6) പ്രാർഥനകളുടെ ഉള്ളടക്കം: എ) ദൈവപുത്രനിൽ വിശ്വസിക്കുന്നവരാരും നശിക്കരുത്. (ബി) എല്ലാവരും നിത്യജീവൻ പ്രാപിക്കണം. യേശു ക്രിസ്തുവിലുള്ള വിശ്വാസമാണ് നിത്യജീവൻ. (സി) ദൈവവചനത്തിൽ അടിയുറച്ച് ജീവിക്കുവാൻ, അത് പാലിക്കുവാൻ അവരെ സഹായിക്കണം. (ഡി) ശിഷ്യരെല്ലാരും ദൈവത്തിൽ വസിക്കാൻ, ദൈവവുമായി ഒന്നായി ജീവിക്കുവാൻ സഹായിക്കണം. (ഇ) ക്രിസ്തുവിന്റെ സന്തോഷം പൂർണമായി ശിഷ്യഗണവും അനുഭവിക്കണം. (എഫ്) ലോകത്തിന്റെ പ്രലോഭനങ്ങൾക്ക് വശംവദരാകാതിരിക്കുവാൻ ദുഷ്ടനിൽ നിന്നും ക്രിസ്തുശിഷ്യരെ, സഭാതനയരെ കാത്തുകൊള്ളണം. (ജി) സത്യത്താൽ ക്രിസ്തുശിഷ്യർ വിശുദ്ധീകരിക്കപ്പെടണം. (എച്ച്) ക്രിസ്തുശിഷ്യരുടെ ശുശ്രൂഷ ലഭിക്കുന്ന എല്ലാവർക്കുവേണ്ടിയും പ്രാർഥിക്കുന്നു. (ഐ) ശിഷ്യരെല്ലാം പരസ്പരം ഒന്നായി ജീവിക്കുവാൻ, കൂട്ടായ്മയിൽ വസിക്കുവാൻ.

7) ക്രിസ്തു ശിഷ്യർ പലപ്പോഴും ത്രിയേക ദൈവവുമായി അഭേദ്യമായൊരു ബന്ധം നിലനിർത്തേണ്ടവരാണ്. അവരുമായി കൂട്ടായ്മയിൽ വസിക്കുന്ന വ്യക്തിക്ക് പരസ്പരമുള്ള കൂട്ടായ്മയിൽ നിന്നും സഹവർത്തിത്വത്തിൽ നിന്നും മാറിനിൽക്കാൻ ആവില്ല.

8) ശിഷ്യർക്ക്, സഭാമക്കൾക്ക് തങ്ങളുടെ പ്രവൃത്തികൾ ഫലദായകമാകണമെങ്കിൽ ദൈവവചനം വായിക്കുകയും ധ്യാനിക്കുകയും വിശ്വാസത്തോടെ ജീവിതത്തിൽ പാലിക്കുകയും ചെയ്യണം.

9) യേശുവിന്റെ കാലത്ത് ശിഷ്യർ അനുഭവിച്ച വെല്ലുവിളികൾ, പ്രലോഭനങ്ങൾ അതിശക്തമായ രീതിയിൽ ഈ കാലഘട്ടത്തിൽ നമ്മുടെ പ്രദേശങ്ങളിൽ നാം അനുഭവിക്കുന്നു. ഉദാ: ദൈവത്തെ തള്ളിപ്പറയുന്ന തത്വസംഹിതകൾ, ഇമ്മാനുവൽ എംപരർ, സെഹിയോൻ കൂട്ടായ്മ പോലുള്ള പ്രസ്ഥാനങ്ങളും, പെന്തക്കോസ്താസഭയുടെ നുഴഞ്ഞുകയറ്റം, ദിവ്യബലിയിലും കൂദാശകളിലും പങ്കെടുക്കാതെ മാറിനിൽക്കുന്ന അവസ്ഥ. അമിതമായ ധൂർത്തും ഭൗതികവസ്തുക്കളോടും സമ്പത്തിനോടും ആർത്തി മുതലായവ ഇന്നും നാം നേരിടുന്ന വെല്ലുവിളികളിൽ ചിലതാണ്.

(10) അല്മായ ശുശ്രൂഷയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത: എ) അല്മായരുടെ കടമകളേയും ഉത്തരവാദിത്തങ്ങളേയും കുറിച്ച് അവബോധം നൽകുക. ബി) ഭക്തസംഘടനകളുടെ പ്രവർത്തനങ്ങളിലൂടെ ദൈവത്തോടും വചനത്തോടും സഹജീവികളോടും ബന്ധപ്പെട്ട് വളരുവാൻ സഹായിക്കുക. സി) സമുദായ സംഘടനകളിലൂടെ ഒന്നിച്ച് സംഘടിപ്പ് പ്രവർത്തിക്കുവാനും ന്യായമായ അവകാശങ്ങൾ നേടിയെടുക്കുവാനും അവസരങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്താനും സഹായിക്കുക.

## 8. ചർച്ച

1) നാം ശ്രവിച്ച വചനത്തിന്റെയും വിചിന്തനത്തിന്റെയും വെളിച്ചത്തിൽ ഇതരസഭകളോടും സമുദായങ്ങളോടും തുലനം ചെയ്യുമ്പോൾ കേരളത്തിലെ ലത്തീൻ സഭയുടെയും സമുദായത്തിന്റെയും പ്രധാനപ്പെട്ട കരുത്തുകളും വെല്ലുവിളികളും ചർച്ച ചെയ്യുക.

2) ഈ വർഷത്തെ സമുദായദിനം ഒരു അവസരമാക്കിമാറ്റിക്കൊണ്ട് അലമായ ശുശ്രൂഷയെ സജീവമാക്കുവാൻ, സമുദായ സംഘടനകളെയും ഭക്തസംഘടനകളെയും ശക്തിപ്പെടുത്താൻ, ബിസിസി യൂണിറ്റ്, ഇടവക, ഫൊറോന തലത്തിൽ എന്തൊക്കെ ചെയ്യുവാൻ സാധിക്കും എന്ന് ചർച്ചചെയ്ത് തീരുമാനങ്ങൾ അല്മായ ശുശ്രൂഷാ പ്രതിനിധി വഴി അല്മായ ശുശ്രൂഷാ കൺവീനറെ അറിയിക്കുക.

## 9. റിപ്പോർട്ട്

## 10. ഹാജർ

## 11. പൊതു അറിയിപ്പ്

## 12. വിശ്വാസികളുടെ പ്രാർത്ഥന

കൂട്ടായ്മയിൽ വസിക്കുന്നദൈവത്തോട് അനുദിനം വചനത്താൽ നമ്മെ ശക്തിപ്പെടുത്തി, തിന്മയുടെ ശക്തികളിൽ നിന്നും നമ്മെ സംരക്ഷിക്കുവാനും ഒരുമിച്ച് ഒറ്റക്കെട്ടായി ജീവിച്ചുകൊണ്ട് ലത്തീൻ സഭയുടെയും സമുദായത്തിന്റെയും ഉന്നമനത്തിനായി പ്രവർത്തിക്കാൻ വേണ്ട കൃപാവരത്തിനായി നമുക്ക് പാർഥിക്കാം.

## 13. സമാപനഗാനം

## 14. സ്നേഹവിരുന്ന്

## 15. നന്ദി

തയ്യാറാക്കിയത്:
**ഫാ. മൈക്കൾ തോമസ്**




# ജ്യോതിനിലയം ഹയർ സെക്കന്ററി സ്കൂൾ

## സെന്റ് ആൻഡ്രൂസ്

കഠിനംകുളം ഗ്രാമപഞ്ചായത്തിൽ പടിഞ്ഞാറ് അറബിക്കടലിനും കിഴക്ക് പാർവതി പുത്തനാറിനും മധ്യേ വ്യാപിച്ചുകിടക്കുന്ന പ്രകൃതി രമണീയമായ പ്രദേശമാണ് സെന്റ് ആൻഡ്രൂസ്. അസംഖ്യം നന്മകളാൽ ദൈവം കരം പിടിച്ച് വഴി നടത്തുന്ന ഉർസുലൈൻ സന്യാസ സഭയുടെ പ്രധാനപ്പെട്ട സ്കൂളുകളിൽ ഒന്നാ



ണ് തിരുവനന്തപുരം അതിരൂപതയിൽ സെന്റ് ആൻഡ്രൂസിൽ പ്രവർത്തിച്ചുവരുന്ന ജ്യോതിനിലയം ഹയർ സെക്കന്ററി സ്കൂൾ.

മത്സ്യബന്ധനം പ്രധാന തൊഴിലാക്കിയിരുന്ന ഗ്രാമത്തിന്റെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് അന്നത്തെ ഇടവക വികാരി ആയിരുന്ന ലഡിസ്സ് ലാവോസ് മെന്റസ് അച്ചന്റേയും രൂപതാധ്യക്ഷൻ ബഹുമാന്യനായ പീറ്റർ ബർണാഡ് തിരുമേനിയുടേയും ക്ഷണപ്രകാരം വിദ്യാഭ്യാസം പ്രേക്ഷിതമേഖലയായി സ്വീകരിച്ച് കണ്ണൂർ ആസ്ഥാനമാക്കി പ്രവർത്തിച്ചിരുന്ന ഉർസുലൈൻ സഭ 1972 ജനുവരി 1ന് മോണ്ടിസ്സോറി ഹൗസ് ഓഫ് ചിൽഡ്രൻ എന്ന പേരിൽ ഒരു നേഴ്സറി സ്കൂൾ സ്ഥാപിച്ചു. കാലാന്തരത്തിൽ ജ്യോതിനിലയം എന്ന് പുനർ നാമകരണം ചെയ്യപ്പെട്ട ഈ വിദ്യാലയം ആയിരക്കണക്കിന് കുഞ്ഞുമക്കൾക്ക് അറിവിന്റെ വെളിച്ചമേകിക്കൊണ്ട് സെന്റ് ആൻഡ്രൂസിന്റെ അഭിമാനമായി പ്രശോഭിക്കുന്നു.

State, CBSE സിലബസ്സുകളിൽ LKG മുതൽ XII വരെയുള്ള ക്ലാസ്സുകളിലായി 2000 ത്തോളം വിദ്യാർത്ഥികൾ പഠിക്കുന്ന ഈ വിദ്യാലയം പഠനപാഠ്യേതര പ്രവർത്തനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നു. ഇതോടൊപ്പം കുഞ്ഞുങ്ങൾക്കായി ഒരു Play School ഉം പ്രവർത്തിച്ചു വരുന്നു.

ഭരണ സാമർത്ഥ്യമുള്ള പ്രിൻസിപ്പാൾ Sr.Archana Paul, പ്രഗത്ഭരും, പരിചയ സമ്പന്നരുമായ അധ്യാപകർ, ശക്തമായ PTA എന്നിവ ഈ വിദ്യാലയത്തിന്റെ പുരോഗതിക്ക് മാറ്റുകൂട്ടുന്ന ഘടകങ്ങളാണ്. അത്യാധുനിക സൗകര്യങ്ങളോടുകൂടിയ സ്മാർട്ട് ക്ലാസ്സുകൾ, സുസജ്ജമായ ലാബുകൾ, വിശാലമായ പ്ലേ ഗ്രൗണ്ട്, ആഡിറ്റോറിയം, വിപുലമായ ലൈബ്രറി, ജൈവ സമ്പുഷ്ടമായ സ്കൂൾ കാമ്പസ് എന്നിവ ജ്യോതിനിലയത്തിന്റെ പ്രത്യേകതയാണ്.

ക്രിയാത്മകമായ നിർദ്ദേശങ്ങളും, വിമർശനങ്ങളുമായി സ്കൂളിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് പി ടി എ പ്രവർത്തിച്ചു വരുന്നു. പി ടി എയുടെ നേതൃത്വത്തിൽ കുട്ടികൾക്കും മാതാപിതാക്കൾക്കുമായി ബോധവൽക്കരണ ക്ലാസ്സുകൾ, കരാട്ടേ, പി എസ് സി , സിവിൽ സർവീസ് കോച്ചിംഗ് ക്ലാസ്സുകൾ



നടത്തുന്നു. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട അധ്യാപക അനധ്യാപകരെ ആദരിക്കുകയും ചെയ്യുന്നു. ഇത് ഈ വിദ്യാലയത്തിന്റെ പ്രത്യേകതയാണ്.

അറിവ് ബുദ്ധിയിൽ മാത്രം ഒതുങ്ങി നിന്നാൽ പോരാ ഹൃദയത്തിലും നിറയണം എന്ന ലക്ഷ്യത്തോടെ കുട്ടികളുടെ സർഗ്ഗാത്മകശേഷി വളർത്താൻ ജ്യോതിക്ലബ്ബിന്റെ നേതൃത്വത്തിൽ വിവിധ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. അതോടൊപ്പം ദേശീയ ദിനാചരണങ്ങൾ ആഘോഷിച്ച് കുട്ടികളെ ആ ദിനങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നു. വിദ്യാർത്ഥികളെ മികച്ച പൗരന്മാരായി വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ സ്കൗട്ട് ആന്റ് ഗൈഡ്





സ് പ്രവർത്തിച്ചു വരുന്നു. 10,12 ക്ലാസ്സുകളിൽ A+ ഉം A1 ഉം ലഭിച്ച വിദ്യാർത്ഥികളെ പി ടി എ അനുമോദിക്കുകയും ആദരിക്കുകയും ചെയ്യുന്നു. 2018 19 അധ്യായന വർഷം പ്ലസ് ടു സ്റ്റേറ്റ് സിലബസിൽ 1200 ൽ 1200 മാർക്കും വാങ്ങി ഉന്നത വിജയിയായ റിഷാൻ എം ഷിറാസ് ഈ വിദ്യാലയത്തിന്റെ യശസ്സുയർത്തി. കൂടാതെ National SIP, Abacus, National Tennis, National Cycling എന്നിവയിൽ പങ്കെടുത്ത വിദ്യാർത്ഥികളിലൂടെയും ജ്യോതിനിലയം ദേശീയ ശ്രദ്ധ നേടി. ജില്ല , സബ് ജില്ല സംസ്ഥാന കലോത്സവങ്ങളിലും , കായിക മേളകളിലും കുട്ടികൾ തങ്ങളുടെ മികവ് തെളിയിക്കുന്നു. കുട്ടികളുടെ മാനസികോല്ലാസത്തിനായി പഠനയാത്രകൾ നടത്തുകയും അവരുടെ പ്രശ്ന മേഖലകളെ തിരിച്ചറിഞ്ഞ് നേർവഴിയിൽ നയിക്കുന്നതിനായി കൗൺസിലിംങ്ങും നടത്തിവരുന്നു. കുട്ടികളുടെ ആത്മീയ ഉണർവിനായി വിശുദ്ധ കുർബാന, ജപമാല, ധ്യാനം, മൂല്യാധിഷ്ഠിത ക്ലാസ്സുകൾ എന്നിവ നടത്തി വരുന്നു.

കുട്ടികളുടെ സർവ്വതോന്മുഖമായ വികസനമാണ് സ്കൂളിന്റെ ലക്ഷ്യം. കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനോടൊപ്പം അവരെ പ്രായോഗിക ജീവിതത്തിന് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ കാർഷിക മേഖലയിലും പ്രവർത്തനങ്ങൾ നടത്തുന്നു. സ്കൂളിലെ ജൈവ പച്ചക്കറി കൃഷിയിൽ കുട്ടികൾ സജീവമായി പങ്കെടുക്കുകയും വിളവെടുപ്പ് മഹോത്സവം നടത്തുകയും ചെയ്യുന്നു.



സേവന മനോഭാവം കുട്ടികളിൽ വളർത്തി പരസ്പര സ്നേഹത്തിൽ അധിഷ്ഠിതമായ ഒരു ജീവിതം നയിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ മലയാള മനോരമയുടെ 'നല്ലപാഠം' മാതൃഭൂമിയുടെ 'നന്മ' ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നു. ഇതിന്റെ ഭാഗമായി ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തി വരുന്നു. നിർധനരായ രണ്ടു കുടുംബങ്ങൾക്ക് വീട് വച്ച് നൽകിയും പുത്തൻതോപ്പ് പ്രാഥമിക ആരോഗ്യ കേന്ദ്രവും സാധന പുനരധിവാസ കേന്ദ്രവും സന്ദർശിച്ച് ഒരു നേരത്തെ ആഹാരവും അവശ്യസാധനങ്ങളും അവർക്കായി പങ്കു വയ്ക്കുകയും സാന്നിധ്യത്താലും സാമീപ്യത്താലും അവർക്ക് ആശ്വാസമായി പ്രവർത്തിക്കുകയും ചെയ്യുന്നു. കാരുണ്യത്തിന്റെ പൊൻതൂവൽ ചാർത്തിക്കൊണ്ട് Kidney Transplantation നു വിധേയനായ പൂർവ വിദ്യാർഥിക്ക് ഒരുലക്ഷം രൂപ ധനസഹായം നൽകുകയും ജീവിത പ്രതിസന്ധിയിൽ അകപ്പെട്ട ഒരു നിർധന കുടുംബത്തിന് തയ്യൽ മെഷീൻ നൽകി ജീവസന്ധാരണത്തിന് വഴി ഒരുക്കുകയും ചെയ്തു. ■



ജെ.സി



# ന്യൂനപക്ഷസംവരണത്തിന് കൂടുതൽ അവകാശികൾ

മതന്യൂനപക്ഷങ്ങൾക്ക് സ്വന്തമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനുള്ള ഭരണഘടനാപരമായ അവകാശം സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന സമുദായങ്ങളുടെ ഉന്നമനവും പ്രത്യേക പരിരക്ഷയും ലക്ഷ്യം വയ്ക്കുന്നതാണ്. എന്നാൽ ന്യൂനപക്ഷക്ഷേമത്തിനുള്ള 1992 ലെ ദേശീയ ന്യൂനപക്ഷ കമ്മിഷൻ നിയമ പ്രകാരം കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത ന്യൂനപക്ഷ വിഭാഗങ്ങൾ മുസ്ലീം, ക്രിസ്ത്യാനി, സിക്ക്, ബൗദ്ധൻ, ജൈനൻ, പാർസി എന്നിവയാണ്. ഈ നിർവചനത്തിൽ ക്രൈസ്തവർ എല്ലാം ന്യൂനപക്ഷമാണ്. ഇതിൽ ലത്തീൻ എന്നോ, സുറിയാനി, ഓർത്തഡോക്സ്, യാക്കോബായ, മാർത്താമോ, സിഎസ്ഐ, സീറോ മലബാർ എന്നോ സീറോ മലങ്കര എന്നോ ഒരു ഉപവിഭാഗമോ ഇല്ല. കേന്ദ്ര ഗവണ്മെന്റ് നോട്ടിഫൈ ചെയ്തത് പ്രകാരമല്ലാതെ പ്രൊഫഷണൽ കോളേജുകളിലെ ന്യൂനപക്ഷ കോട്ട ആ സ്ഥാപനം നടത്തുന്ന സമുദായമാനേജ്മെന്റിന്റെ താല്പര്യമനുസരിച്ച് ഏതെങ്കിലും ഉപജാതിക്ക് വിഭജിച്ച് നൽകാനാവില്ലെന്ന് 2018 നവംബറിൽ കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് വിധിക്കുകയുണ്ടായി.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രൊഫഷണൽ കോളേജുകളിൽ മാത്രമല്ല, ആർട്സ് ആന്റ് സയൻസ് കോളേജുകളിലും ലത്തീൻ കത്തോലിക്കർക്ക് നീക്കിവയ്ക്കപ്പെട്ട ന്യൂനപക്ഷ സംവരണ സീറ്റിന് കൂടുതൽ അവകാശികൾ ഉണ്ടാകുന്നു. ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനം എന്ന പദവിയുള്ള ലത്തീൻ കത്തോലിക്കാ രൂപതകളുടെയോ സന്യാസ സമൂഹങ്ങളുടെയോ സാമുദായിക ഏജൻസികളുടെയോ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനത്തിനുള്ള കമ്മ്യൂണിറ്റി ക്വാട്ടയിൽ ഇതര പിന്നോക്കവിഭാഗമെന്നോ മുന്നോക്കമെന്നോ വിവേചനമില്ലാതെ ഏതൊരു ക്രൈസ്തവനും പങ്കുപറ്റാം എന്നതാണ് കേരള ഹൈക്കോടതി ഏറ്റവും ഒടുവിൽ വിധിച്ചിരിക്കുന്നത്. ന്യൂനപക്ഷപദവിയുള്ള രണ്ട് സ്വകാര്യ സ്വാശ്രയ കോളേജുകൾ സമർപ്പിച്ച ഹർജികൾ തള്ളിക്കൊണ്ടാണ് ഇക്കഴിഞ്ഞദിവസം ഹൈക്കോടതി സിംഗിൾ ബഞ്ച് പ്രൊഫഷണൽ കോളേജുകളെ സംബന്ധിച്ച കഴിഞ്ഞ നവംബറിലെ ഡിവിഷൻ ബഞ്ച് ഉത്തരവ് ആർട്സ് ആന്റ് സയൻസ് കോളേജുകൾക്കും ബാധകമാണെന്ന് വിധിച്ചത്.

ലത്തീൻ കത്തോലിക്കർക്ക് ഇതര ക്രൈസ്തവ വിഭാഗങ്ങളുടെ കോളേജുകളിലും ന്യൂനപക്ഷ സംവരണത്തിന് അവകാശവാദം ഉന്നയിക്കാം. എന്നാൽ ആത്യന്തികമായി പിന്നോക്ക വിഭാഗങ്ങൾക്ക് കിട്ടുന്ന അവകാശം, നാളിതുവരെ നമ്മുടെ സ്ഥാപനങ്ങൾക്ക് ലഭ്യമായത് ഈ കോടതിവിധി മൂലം നിഷേധിക്കപ്പെടുകയാണ്. ചരിത്രപരമായി ഒരേസമയം പിന്നോക്കവും ന്യൂനപക്ഷവുമായിരിക്കുന്ന ലത്തീൻ കത്തോലിക്കാസമുദായം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണ് നാം നേരിടുന്നത്. വിശദമായ പഠനം അർഹിക്കുന്ന വിഷയമാണിത്. ന്യൂനപക്ഷ കമ്മ്യൂണിറ്റി ക്വാട്ടയുടെ നിർവചനം പുനഃപരിശോധിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ മേൽ സമ്മർദ്ദം ചെലുത്താനും നമുക്ക് കഴിയണം. കേരളത്തിലെ ന്യൂനപക്ഷകോളേജുകൾ ഉന്നതനീതിപീഠത്തെ സമീപിക്കുകയും വേണം. ■


വിശുദ്ധ കൊച്ചുത്രേസ്യ ദൈവാലയം
വെള്ളയമ്പലം, തിരുവനന്തപുരം
ഇടവക മദ്ധ്യസ്ഥ
തിരുനാൾ
2019 സെപ്തം. 29 മുതൽ ഒക്ടോ. 06 വരെ
തിരുനാൾ ദിനം
2019 ഒക്ടോബർ 06 ഞായർ
രാവിലെ 9.30 ന് ദിവ്യബലി
കാർമികൻ: റവ. ഡോ. ഗാസ്പർ കടവി പറമ്പിൽ
രാവിലെ 11 ന് തിരുനാൾ സമൂഹബലി
മുഖ്യകാർമികൻ:
വെരി. റവ. മോൺ. സി. ജോസഫ്
(വികാരി ജനറൽ, തിരു. അതിരൂപത)
വചനപ്രഘോഷണം: റവ. ഡോ. ഡൈസൺ വൈ.
(കോർപ്പറേറ്റ് മാനേജർ തിരു. അതിരൂപത)
തുടർന്ന് കൊടിയിറക്ക്

Pub. Date : 01.10.2019
RNI Registered NO. 36056/81 REG NO. KL/TV(S)266/2018-2020. WPP NO. KL/TV(S)WPP/171/2018-2020 JEEVANUM VELICHAVUM Rs. 25.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press,
Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Thomas J. Netto